# പശ്ചാത്താപം

പരിഭാഷകൻ:

എൻ. പി. നാരായണൻ നായർ

TRICHUR
SARASWATHI (ELEC.) PTG.
1947 മാർച്ച് / 1122 കുംഭം.
Copy-Right to

9493

X

# പശ്ചാത്താപം

പരിഭാഷകൻ:

എൻ. പി. നാരായണൻ നായർ

TRICHUR

SARASWATHI (ELEC.) PTG. & PBG. HOUSE.

1947 മാർച്ച് / 1122 കുംഭം—ഒന്നാം പതിപ്പ് 1000

Price 1-8-0 ] Copy-right to Publishers [ വില 1-8-0

NATIONAL BOOK STALL ★ BR. KOTTAYAM ★ SPCS LTD.

# ഉള്ളടക്കം.

1. പശ്ചാത്താപം—

ആൻടൻചെക്കോവിൻെറ ഒരു റഷ്യൻകഥ.

2. പ്രണയനൈരാശ്യം—

സോമർസെററ് മോംഘത്തിൻെറ

ഒരു ഇംഗ്ലീഷ് കഥ.

3. മാനസാന്തരം—

ബെഞ്ചമിൻ റോസൻ ബ്ലാററിൻെറ

ഒരമേരിക്കൻകഥ.

# പ്രസ്താവന.

ആധുനിക ചെറുകഥാസാഹിത്യത്തിന്റെ ഗതിയെങ്ങോട്ടു് എന്നു് വ്യക്തമാക്കിക്കാണിക്കുകയാണു് ഈ ചെറുകഥാസമാഹാരത്തിന്റെ ഉദ്ദേശ്യം. മൂന്നു മികച്ച സാഹിത്യങ്ങളിലെ, മൂന്നു വിശ്വവിഖ്യാതന്മാരായ കഥാകാരന്മാരുടെ, ഭാവനാസന്താനങ്ങളാണവ.

നമ്മുടെ വാരികകളിലും, മാസികകളിലും പ്രസിദ്ധപ്പെടുത്തിക്കാണാറുള്ള സ്വതന്ത്രകഥകളിൽ മിക്കവയ്ക്കും ഈ സമാഹാരത്തിലുള്ള കഥകളോടു് വളരെ കുറച്ചേ താരതമ്യമുള്ളുവെന്നുകാണാം. ഒരു ജീവിതത്തിനെ മുഴുവൻ അങ്ങിനെതന്നെ അതിന്റെ വിവിധവശങ്ങളിലും ചിത്രീകരിച്ചുകാണിക്കുന്ന നോവലിന്റെ "പോക്കറ്റ്" പതിപ്പല്ല; ചെറുകഥ. ജീവിതത്തിന്റെ ഒരൊററവശത്തെ, അതിന്റെ എല്ലാ ഭാവങ്ങളിലും വ്യക്തമാക്കിക്കാണിക്കുന്നതിലാണു് ഒരു ചെറുകഥാകാരൻ തന്റെ സാമർത്ഥ്യം പ്രകടിപ്പിക്കേണ്ടതു്. അതെത്രകണ്ടു്, ആശയത്തിന്നുവേണ്ടി യാഥാർത്ഥ്യത്തെ ബലികഴിക്കാതെ, നിർവ്വഹിക്കുവാൻ അവൻ സമർത്ഥനാകുന്നുവോ, അത്രകണ്ടു് അവന്റെ കഥകൾക്കു് മേന്മയും കൂടുന്നു.

റഷ്യൻ സാഹിത്യത്തിൽ ചെക്കോവിനുള്ള സ്ഥാനം എന്തെന്നു് മലയാളികൾ ഇതിനകം അറിഞ്ഞുകഴിഞ്ഞിട്ടുണ്ടു്. ആദർശം യഥാർത്ഥ്യത്തിൻെറ മേൽ ഭരണം നടത്തുന്നതിനെ സർവ്വശക്തിയുമുപയോഗിച്ചു് എതിക്കുന്ന വിശ്വപ്രസിദ്ധനായ, ഒരു ഖ്യായികാകാരനാണു് സോമർസെററ് മോഘം റോംസൻ ബ്ലൂററ് ആധുനിക അമേരിക്കൻ സാഹിത്യകാരന്മാരുടെ കൂട്ടത്തിൽ, ഒരു കഥാകൃത്തെന്ന നിലയിൽ അദ്വിതീയമായ സ്ഥാനം കൈക്കലാക്കിക്കഴിഞ്ഞിട്ടുള്ള ദേഹവുമാണു്.

കൂടുതലായി ഈ സമാഹാരത്തിലെ കഥകളെക്കുറിച്ചൊന്നും പറയേണ്ടതായിട്ടില്ല. അവ ഇപ്പോൾ പുറത്തുവരുന്ന നിലയിൽ അവയ്ക്കെന്തെങ്കിലും ന്യൂനതകളുണ്ടെങ്കിൽ അതിന്നെല്ലാം ഉത്തരവാദി പരിഭാഷകൻ മാത്രമാണു്.

ആനമങ്ങാടു്,
1-2-1947.

പരിഭാഷകൻ.

# പശ്ചാത്താപം

## മൂന്നു വിദേശകഥകൾ.

### ൧. പശ്ചാത്താപം.

അതൊരു ചെറിയ പട്ടണമായിരുന്നു. ഒരു ഗ്രാമത്തിനേക്കാൾ അല്പം ഭേദപ്പെട്ട ഒന്നു്. വളരെ അപൂൎവ്വമായി മാത്രമെ ആ പ്രദേശത്തു് മരണമുണ്ടായിരുന്നുള്ളു. അതിനാൽ അവിടത്തെ നിവാസികളിൽ ഒരു വലിയ ഭാഗം പ്രയാധിക്യമുള്ളവരാണു്. ഈ സ്ഥിതി തീൎച്ചയായും പരിതാപകരമായിരുന്നു. ആസ്പത്രിയിലേക്കോ, ജയിലിലേക്കുതന്നെയുമോ, വളരെ അപൂൎവ്വമായേ ശവപ്പെട്ടികളുടെ ആവശ്യം നേരിട്ടിരുന്നുള്ളു. ചുരുക്കിപ്പറഞ്ഞാൽ വ്യാപാരം ആകപ്പാടെ വളരെ മോശമായിരുന്നു. ഗവൎമ്മെണ്ടു് നഗരത്തിലെ ഒരു ശവപ്പെട്ടി നിൎമ്മാതാവായിരുന്നുവെങ്കിൽ, യാക്കൂബ് ഐവാനോവിന്നു് തന്റെ സ്വന്തമായ ഒരു വീട്ടിൽ താമസിക്കാനുള്ള സ്ഥിതി ഉണ്ടാവുമായിരുന്നു. മാത്രമല്ല, ആളുകൾ ആയാളെ "യാക്കൂബ് മാററ്വിച്ച്" എന്നു് വിളിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ ഇപ്പോഴോ, ആയാളെ എല്ലാവരും "യാക്കോബ്" എന്നു മാത്രമേ സംബോധന ചെയ്തിരുന്നുള്ളു. അജ്ഞാതമായ ഏതോ കാരണ

ത്താൽ ആയാളുടെ തെരുവിൽ "ബ്രൗൺസാ" എന്ന പരിഹാസപ്പേരിലും ആയാൾ അറിയപ്പെട്ടിരുന്നു. ഒരൊററ മുറി മാത്രമുള്ള ഒരു പഴയ ചെറിയ കുടിലിൽ എത്രയും എളിയ നിലയിലുള്ള ഒരു കൃഷ്കനെപ്പോലെ ദരിദ്രജീവിതം നയിക്കാൻ അയാൾ നിർബ്ബന്ധിതനായിരിക്കയാണു്. ആ മുറിയിൽ മാർഫയൊന്നിച്ചു് ഒരടുപ്പു്, കട്ടിൽ, ശവപ്പെട്ടികൾ, മരപ്പണിക്കുള്ള ബെഞ്ചു്, വീട്ടുസാമാനങ്ങൾ എന്നിവയ്ക്കിടയിൽ ആയാൾ ജീവിച്ചു.

യാക്കോബ് ഒന്നാംതരം ശവപ്പെട്ടികൾ ഉണ്ടാക്കിയിരുന്നു. ഉറപ്പും മേന്മയുമുള്ളവ. കൃഷിക്കാർക്കാ ചില്ലറക്കച്ചവടക്കാർക്കുമുള്ള പെട്ടികളുണ്ടാക്കുമ്പോഴെല്ലാം ആയാൾ തന്റെ അളവിനെത്തന്നെ മാതൃകയായി എടുത്തുവന്നു. ഈ സമ്പ്രദായംകൊണ്ടു് ആയാൾക്കു് ഒരിക്കലെങ്കിലും പരാജയം നേരിട്ടിട്ടില്ല. എന്തുകൊണ്ടെന്നാൽ എഴുപതു്വയസ്സിലധികം പ്രായമായികഴിഞ്ഞിരുന്നുവെങ്കിലും, ആ നഗരത്തിൽ മുഴുവനും—എന്തിനു്? അവിടുത്തെ കാരാഗൃഹത്തിൽപോലും—തിരഞ്ഞുനോക്കിയാൽ ആയാളോളം വണ്ണവും നീളവുമുള്ള ഒരാളെ കണ്ടെത്തുവാൻ കഴിയുമായിരുന്നില്ല. എങ്കിലും സ്ത്രീകൾക്കും കുറെ ഭേദപ്പെട്ടവർക്കുമുള്ള പെട്ടികളുണ്ടാക്കുമ്പോൾ ആയാൾ തന്റെ ഇരിമ്പുകൊണ്ടുള്ള വാരക്കോൽ കൊണ്ടു് അളവെടുക്കാറുണ്ടായിരുന്നു. കുട്ടികളുടെ

ശവപ്പെട്ടികൾക്കുള്ള ഓർഡറുകൾ ആയാൾ സ്വീകരിച്ചിരുന്നതു് മനമില്ലാ മനസ്സോടുകൂടിയാണു്. അളവെടുക്കാതെ ഏതാണ്ടൊരു കണക്കിൽ അലക്ഷ്യമായി ആയാൾ പെട്ടികളുണ്ടാക്കിക്കൊടുക്കും. വില വാങ്ങിയതിന്നുശേഷം ഇങ്ങിനെ പറയുകയുംചെയ്യും. 'വന്ദനം! ഈവക നിസ്സാരകാര്യങ്ങളിൽ സമയംകളയുവാൻ ഞാനിഷ്ടപ്പെടുന്നില്ല"

ശവപ്പെട്ടികൾ ഉണ്ടാക്കുന്നതിൽനിന്നുള്ള ആദായത്തിന്നുപുറമെ, ഫിഡിൽ ഉപയോഗിക്കുന്നതിന്നുള്ള ആയാളുടെ നൈപുണ്യത്തിൽനിന്നും യാക്കുബിന്നു് ഒരു ചുരുങ്ങിയ വരുമാനമുണ്ടായിരുന്നു. ആ പട്ടണത്തിലുണ്ടായിരുന്ന വിവാഹാഘോഷങ്ങളിൽ സാധാരണയായി യഹൂദന്മാരുടെ ഒരു സംഗീതസംഘത്തെക്കൊണ്ടു് പ്രകടനങ്ങൾ നടത്തിക്കുക പതിവാണു്. തകരപ്പണിക്കാരനായിരുന്ന മോസസ് ഷാക്കേ ഈ സംഗീതസംഘത്തിന്റെ നേതാവായിരുന്നു. സംഘത്തിന്നു കിട്ടുന്ന ഫീസിൽ പകുതിയിലധികവും ഇയ്യാൾ പോക്കറ്റിലാക്കും. യാക്കൂബ് ഫിഡിൽ വായിക്കുന്നതിൽ — പ്രത്യേകിച്ചും റഷ്യൻ ഗാനങ്ങൾ പാടുന്നതിൽ — അതിയായ നൈപുണ്യം പ്രദർശിപ്പിച്ചിരുന്നതുകൊണ്ടു് ചിലപ്പോഴെല്ലാം ഷാക്കേ ആയാളേയും തന്റെ സംഘത്തിൽ ചേർക്കാറുണ്ടു്. അങ്ങിനെ ചേർക്കുമ്പോഴെല്ലാം, ആയാൾ യാക്കൂബിന്നു്, അതിഥിക

ളിൽനിന്നു് കിട്ടിയേക്കാവുന്ന പാരിതോഷികങ്ങൾക്കു പുറമെ, ദിനംപ്രതി അമ്പതു് കോപ്പെക്കുവീതം നൽകിയിരുന്നു. "ബ്രോൺസം" സംഘത്തിൽ പാടാതിരിക്കുമ്പോൾ ആയാളുടെ മുഖം തുടുക്കും; ദേഹം വിയർത്തു കുളിയ്ക്കും. ആ രംഗം എല്ലായ്പോഴും അത്യുഷ്ണമുള്ളതും, വെള്ളുള്ളിയുടെ ഗന്ധംകൊണ്ടു വീർപ്പുമുട്ടിക്കുന്നതുമായിരിക്കും. ഫിഡിൽ മൂളാൻ തുടങ്ങും, ആയാളുടെ വലത്തുചെവിക്കരികിൽ കുഴൽ ക്ലൂക്ക്ംവലിക്കും; ഇടത്തുഭാഗത്തു് മുരളി ദീനരോദനമാരംഭിക്കും. ചുവന്ന തലയോടുകൂടിയ, മുഖം മുഴുവൻ വലക്കണ്ണികൾപോലെ ചുവന്നതും നീലയുമായ രക്തനാഡികളോടുകൂടിയ, കോടീശ്വരനായിരുന്ന റോത്ത്സ്ചൈൽഡിന്റെ പേർ വഹിച്ചിരുന്ന ഒരു യഹൂദനായിരുന്നു "മുരളീധരൻ". ഏററവും ആഹ്ലാദകരമായിരുന്ന രംഗംപോലും ഒരു വിഷാദാത്മകത്വത്തിന്റെ ധ്വനിയോടുകൂടി പ്രകടിപ്പിക്കുവാൻ ആ ശപിക്കപ്പെട്ട യഹൂദനു് സാധിച്ചിരുന്നു. വ്യക്തമായ യാതൊരു കാരണവുംകൂടാതെ, എല്ലാ യഹൂദന്മാരോടും, പ്രത്യേകിച്ചും റോത്ത്സ്ചൈൽഡിനോടും, യാക്കൂബിന്നു് ക്രമത്തിൽ അസഹനീയമായ ഒരു വെറുപ്പു് ഉണ്ടായി. ആദ്യത്തിൽ ആയാൾക്കു് ആ 'മുരളീധരനോടു്' ഒരു മടുപ്പു തോന്നി; ക്രമത്തിൽ അതു ദുസ്സഹമായ വെറുപ്പായി മാറി. ഒരിക്കൽ ആയാളവനെ പ്രഹരിക്കാൻതന്നെ

ഒരുങ്ങി. പക്ഷേ; അപ്പോഴേക്കും റോത്ത്സ്ചൈൽഡ് ഭയങ്കരമായ ഒരു നോട്ടംനോക്കി; ആയാളോട് ഇങ്ങിനെ പറഞ്ഞു :—

“നിങ്ങളുടെ സംഗീത നൈപുണിയോടുള്ള ബഹുമാനമില്ലായിരുന്നുവെങ്കിൽ ഞാൻ നിങ്ങളെ ആ ജനലയിൽക്കൂടി പുറത്തേക്കെറിയുമായിരുന്നു!”

ഇത്രയും പറഞ്ഞു് റോത്ത്സ്ചൈൽഡ് കരയാൻതുടങ്ങി. ഇതിനുശേഷം സംഗീതസംഘത്തിൽ യാക്കൂബിനെ വളരെ ദുർല്ലഭമായേ അവർ ചേർത്തിരുന്നുള്ളു. നിവൃത്തിയില്ലാത്തഘട്ടങ്ങളിൽ, ഏതെങ്കിലുമൊരു യഹൂദനു് സംഘത്തിൽ ചേരാൻ കഴിയാതിരുന്ന സന്ദർഭങ്ങളിൽമാത്രം.

യാക്കൂബ് ഒരിക്കലും ഉന്മേഷമുള്ളവനായി കാണപ്പെട്ടിരുന്നില്ല. തനിക്കു് സംഭവിച്ചവയെന്നു് ആയാൾ വിചാരിച്ചിരുന്ന നഷ്ടങ്ങളെക്കുറിച്ചുള്ള ചിന്തകളിൽ ആയാൾ എല്ലായ്പോഴും മുഴുകിയിരുന്നു. ഞായറാഴ്ചകളിലും, സിദ്ധന്മാരുടെ ദിനങ്ങളിലും പ്രവൃത്തിയെടുക്കുന്നതു് പാപമാണു്. തിങ്കളാഴ്ച ഒരു മടപ്പൻ ദിവസവും........അങ്ങിനെ അങ്ങിനെ—ആകപ്പാടെ ഒരു കൊല്ലത്തിൽ ഇരുനൂറു ദിവസത്തിലധികം ആയാൾ മടിയനായിരിക്കണം. എന്തൊരു നഷ്ടം! പട്ടണത്തിൽ ആരെങ്കിലും വിവാഹാഘോഷത്തിൽ സംഗീതത്തിന്റെ ഇനം വേണ്ടെന്നു വെക്കുകയോ, അല്ലെങ്കിൽ ഷാക്കോസംഘ

ത്തിലേക്ക് തന്നെ വിളിക്കാതിരിക്കുകയോ ചെയ്താൽ എത്രം നഷ്ടം! കഴിഞ്ഞ രണ്ടു കൊല്ലങ്ങളായി പോലീസ്സ് ഇൻസ്പെക്ടർ രോഗബാധിതനായികിടക്കുന്നു. യാക്കൂബ് അക്ഷമനായി അദ്ദേഹത്തിന്റെ മരണത്തെ പ്രതീക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. പക്ഷെ, അപ്പോഴേക്കും ആയാൾ ചികിത്സയ്ക്കുവേണ്ടി ഗവർമ്മെണ്ടു നഗരത്തിലേക്കു മാറിത്താമസിച്ചു. അവിടെവെച്ചു് ആയാൾ മരിക്കുകയും ചെയ്തു. അതു മറ്റൊരു വലിയ നഷ്ടമായിരുന്നു. എത്ര ചുരുങ്ങിയാലും—പത്തു റൂബിൾ—കാരണം ഇൻസ്പെക്ടരുടെ ശവപ്പെട്ടി ഏറെ ഭേദപ്പെട്ട നിലയിൽതന്നെ ആയിരിക്കണം. ഈ നഷ്ടങ്ങളെക്കുറിച്ചുള്ള ചിന്തകൾ സാധാരണയായി യാക്കൂബിനെ രാത്രിയിൽ അലട്ടിക്കൊണ്ടിരുന്നു. ആയാൾ തന്റെ ഫിഡിൽ അരികെവെച്ചു് കിടയ്ക്കയിൽകിടക്കും; ഇത്തരം നിരാശകളെക്കൊണ്ടു് തല പുകയാൻതുടങ്ങിയാൽ ആയാൾ വില്ലെടുത്ത് ഫിഡിലിൽ പ്രയോഗം തുടങ്ങും. ഇരുട്ടിനെ ഭേദിച്ചുകൊണ്ടു് ഒരു ദുഃഖരാഗം അതിൽനിന്നു് പുറപ്പെട്ടു ചുററിലേക്കും പ്രസരിക്കും. അതോടുകൂടി യാക്കോബിന്നു് കുറഞ്ഞൊരാശ്വാസം തോന്നുകയുംചെയ്യും.

കഴിഞ്ഞ കൊല്ലത്തിൽ മെയ് ആറാംതിയ്യതി, മാർഫക്കിന്നു പെട്ടെന്നു രോഗം പിടിപെട്ടു. അവൾക്ക് ശ്വാസോച്ഛ്വാസം ചെയ്യാൻ വിഷമംതോന്നി;

വളരെയധികം വെള്ളം കുടിച്ചുകൊണ്ടിരുന്നു; പോരെങ്കിൽ തലതിരിച്ചിലുമുണ്ടായിരുന്നു. എന്നാലും പിറേറന്നുരാവിലെ അവൾ അടുപ്പിൽ തീകൂട്ടി, വെള്ളംകൊണ്ടുവരുവാൻ പോവുകകൂടിചെയ്തു. വൈകുന്നേരമായപ്പോഴെക്കും അവൾ തീരെ കിടപ്പിലായി. പകൽ മുഴുവൻ യാക്കോബ് ഫിഡിൽവായിച്ചുകൊണ്ടിരുന്നു. രാത്രിയായപ്പോൾ കൂടുതൽ നല്ല മററൊന്നും ചെയ്യാനില്ലാതിരുന്നതുകൊണ്ടു്, ആയാൾ തന്റെ നഷ്ടങ്ങളുടെ കണക്കു് എഴുതിവെക്കാറുള്ള പുസ്തകം എടുത്തു് കൂട്ടാൻ തുടങ്ങി. ആകെ ആയിരത്തിലധികം റൂബിൾ! ഇത്ര വമ്പിച്ച നഷ്ടത്തെക്കുറിച്ചുള്ള ചിന്ത ആയാളെ ക്ഷോഭിപ്പിച്ചു. ആയാൾ പുസ്തകം വലിച്ചെറിഞ്ഞു്, നിലത്തു ഉറക്കെച്ചവിട്ടി. വീണ്ടും പുസ്തകം പെറുക്കിയെടുത്തു് വിരൽ കടിച്ചു് ഒരു നെടുവീർപ്പിട്ടു. ആയാളുടെ മുഖം മുഴുത്ത വിയർപ്പുകൊണ്ടു് നനഞ്ഞു. ഈ ആയിരം റൂബിൾ ഒരു ബാങ്കിൽ നിക്ഷേപിച്ചതായിരുന്നുവെങ്കിൽ, ആണ്ടുതോറും നാല്പതു റൂബിളിൽ കുറയാതെ പലിശ കിട്ടുമായിരുന്നുവെന്നു് ആയാൾ ഓർത്തു. അതിന്റെ അർത്ഥം ആ നാല്പതു റൂബിളും തനിക്കു് നഷ്ടപ്പെട്ടു എന്നല്ലേ? ചുരുക്കിപ്പറയുകയാണെങ്കിൽ എവിടെക്കു തിരിഞ്ഞാലും, എങ്ങിനെ തിരിഞ്ഞാലും നഷ്ടം! ലാഭത്തിന്റെ കണികപോലുമില്ല!!

"യാക്കോബ്"! മാർഫാ അപ്രതീക്ഷിതമായി വിളിച്ചു. 'ഞാനിതാ മരിക്കാൻ പോകയാണു്"

അയാൾ ഭാര്യയെ തിരിഞ്ഞുനോക്കി. അവളുടെ മുഖം ജ്വരപീഡകൊണ്ടു് തുടുത്തിരുന്നു. എങ്കിലും അപ്പോൾ ആ മുഖത്തു് വ്യക്തമായ ഒരു ആഹ്ലാദഭാവം—ഒരു പ്രസന്നത—അയാൾ ദശിച്ചു. എല്ലാപ്പോഴും മങ്ങിയ വിഷാദാത്മകത്വം സ്ഫുരിക്കുന്ന, ഒരിക്കലും പ്രകാശമില്ലാത്ത അവളുടെ മുഖം കണ്ടു ശീലിച്ച 'ബ്രോൺസ്' ഈ ഭാവഭേദം കണ്ടു പരിഭ്രമിച്ചു. ഒരു പക്ഷേ അവൾ മരിക്കുകയായിരിക്കാം! ആ കുടിലിനേയും, ശവപ്പെട്ടികളേയും, യാക്കോബിനേയും എന്നേക്കുമായി വിട്ടുപിരിയുകയാണെന്ന ജ്ഞാനം അവളെ പ്രസന്നയാക്കുന്നതായിരിക്കാം! അവൾ ആ മുറിയുടെ തട്ടിലേക്കു നോക്കി മരണത്തെ മോക്ഷദായകനെ—നേരിൽകണ്ടു് അത്യാഹ്ലാദത്തോടു് ദുഃഖിക്കുകയാണെന്നു് തോന്നിക്കുമാറു് ചുണ്ടുകൾ ചലിപ്പിച്ചുകൊണ്ടിരുന്നു.

പ്രഭാതമായി, ആ ജനലിൽക്കൂടി സൂര്യോദയം കാണാമായിരുന്നു. തന്റെ വൃദ്ധയുടെ മുഖത്തു് നോക്കിക്കൊണ്ടിരിക്കുമ്പോൾ യാക്കോബിന്റെ ഹൃദയത്തിൽ ഒരായിരം ദുഃഖചിന്തകൾ മുളച്ചുവളന്നു. തന്റെ ജീവിതകാലത്തിലൊരിക്കലെങ്കിലും അയാൾ അവളോടു് ദയയുടെ ഒരു കണികപോലും പ്രദശിപ്പിച്ചിട്ടില്ല; ഒരിക്കലെങ്കിലും അവളെ ഓമനിച്ചിട്ടില്ല; ഒരിക്കലെങ്കിലും താൻ പങ്കെടുത്ത വിവാഹസദ്യകളിൽ നിന്നു് സ്വാദുഭോജനങ്ങളുടെ ഒരു

ക്ഷണമെങ്കിലും അവൾക്കു കൊണ്ടുപോയി കൊടു ത്തിട്ടില്ല. ഇത്രമാത്രം ചെയ്തിട്ടുണ്ടു്. അവളോടു് ശ ണ്ഠികൂക; തന്റെ നഷ്ടങ്ങളുടെയെല്ലാം ഉത്തരവാ ദിത്വം അവളിൽ ചുമത്തിവെയ്ക്കുക; ചുരുട്ടിയ മു ഷ്ടികൊണ്ടു് അവളെ ഭീഷണിപ്പെടുത്തുക. ശരി തന്നെ അയാളൊരിക്കലും അവളെ അടിച്ചിട്ടില്ല; പക്ഷെ മൊഹാലസ്യമുണ്ടാകുവാൻമാത്രം ആയാള വളെ ഭയപ്പെടുത്തിയിട്ടുണ്ടു്; ഭയംകൊണ്ടു സ്തംഭി ച്ചുനില്ക്കുന്ന നിലയിൽ ആയാളവളെ വിട്ടുപോയി ട്ടുണ്ടു്. മാത്രമോ, അവൾക്കു് ചായ കുടിക്കാൻകൂടി പാടില്ലെന്നു് ചില അവസരങ്ങളിൽ അയാൾ വി ലക്കിയിരുന്നു. അതിനു പുറമെ തന്നെ വേണ്ടത്ര നഷ്ടം തനിക്കുണ്ടായിട്ടുണ്ടെന്നാണു് അയാളുടെ വാദം. അതുകൊണ്ടു് പലപ്പോഴും അവൾക്കു് വെറും ചൂടുവെള്ളം കുടിച്ചു് തൃപ്തിപ്പെടേണ്ടി വന്നി ട്ടുണ്ടു്.—ഇപ്പോഴാവട്ടെ അവളുടെ മുഖത്തുകണ്ട ആ അസാധാരണമായ ഭാവഭേദത്തിന്റെ അൎത്ഥം മനസ്സിലാവാൻ തുടങ്ങിയതോടുകൂടി അയാൾ എ ത്രയും അസ്വാസ്ഥനായിക്കഴിഞ്ഞു.

സൂര്യൻ ഉദിച്ചുപൊങ്ങിയപ്പോൾ, അയാൾ ഒ രയൽപക്കക്കാരന്റെ പക്കൽനിന്നു് ഒരു വണ്ടി കടം വാങ്ങി മാർഫയെ ആസ്പത്രിയിലേക്കു കൊണ്ടു പോയി. അന്നവിടെ രോഗികളുടെ വലിയ തിര ക്കുണ്ടായിരുന്നില്ല. അതുകൊണ്ടു ഒരു മൂന്നു മണി

ക്കൂർ മാത്രമേ അയാൾ അവിടെ കാത്തുനില്ക്കേണ്ടി വന്നുള്ളു അവസാനം ഡോക്ടറല്ലാം അയാളെ സ്വീകരിച്ചതു്. കുടിയനും, വഴക്കു കൂട്ടുന്നതിൽ തല്പരനും എങ്കിലും ഡോക്ടരേക്കാൾ അധികം അറിവുള്ളവനെന്നു് വിഖ്യാതനുമായിത്തന്ന മാക്സിം നിക്കോലയെയാണു് തനിക്കു് നേരിടേണ്ടിവന്നിരിക്കുന്ന തെന്നു് കണ്ടു് അയാൾ സന്തോഷിച്ചു

'നിങ്ങൾ ആരോഗ്യവാനായിരിക്കട്ടെ!' തന്റെ വൃദ്ധഭാര്യയെ ഡിസ്പൻസറിയിലേക്കു് നയിച്ചുകൊണ്ടു യാക്കോബു് പറഞ്ഞു. 'മാപ്പുതരണം, മാക്സീംനിക്കോല, എന്റെ അപ്രധാനമായ കാര്യം കൊണ്ടു് നിങ്ങളെ ബുദ്ധിമുട്ടിക്കുന്നതിനു മാപ്പു്. നിങ്ങൾക്കുതന്നെ കാണാമല്ലൊ, എന്റെ ഭാര്യ രോഗബാധിതയായിരിക്കുന്നു, അവർ പറയുംപോലെ തന്റെ ജീവിതത്തിലെ കൂട്ടുകാരി — ഈ തെരേലിയുടെ പ്രയോഗത്തിനു്, ദയവുചെയ്തു് മാപ്പു്.. ....'

തന്റെ നരച്ച പുരികങ്ങളെ അടുപ്പിച്ചു കൊണ്ടും, ദീർഘ മീശയെ വിരലുകളെക്കൊണ്ടു് ഓമനിച്ചുകൊണ്ടും മാക്സിം ആ വൃദ്ധയെ പരിശോധിക്കാൻ തുടങ്ങി. അവളൊരു സ്റ്റൂളിൽ വളഞ്ഞു, തോൽ ചുക്കിചുളിഞ്ഞു്, നാസാഗ്രങ്ങൾ വിടർത്തി, വായു് മലക്കെ പൊളിച്ചു്, വെള്ളം കുടിക്കാനാരംഭിക്കുന്ന ഒരു പക്ഷിയുടെ പ്രതീതി പ്രേക്ഷകരിൽ ഉണ്ടാക്കുമാറു് അങ്ങിനെ ഇരിക്കുന്നു.

"അങ്ങിനെ" മാക്സിം പതുക്കെ പറഞ്ഞു് ഒരു നെടുവീർപ്പിട്ടു, "ജലദോഷപ്പനി—ഒരു പക്ഷെ മലേറിയായായേക്കാം. ഇപ്പോൾ നഗരത്തിൽ വിഷജ്വരം പടന്നു പിടിച്ചിട്ടുണ്ടു്...............എനിക്കു് എന്തു ചെയ്യാൻ കഴിയും? അവരൊരു വൃദ്ധയായിരിക്കുന്നു.......ദൈവത്തെ സ്തുതിക്കുക.........എത്ര പ്രായമായി"

"അറുപത്തൊമ്പതു്, മാക്സിം നിക്കോല."

"ഒരു വൃദ്ധ തരി അവർക്കു് ധാരാളം സമയമായിരിക്കുന്നു"

"ശരിയാണു്; നിങ്ങളുടെ അഭിപ്രായത്തിൽ തെററില്ല" യാക്കോവു് ഉപചാരപൂർവ്വം പുഞ്ചിരികൊണ്ടുകൊണ്ടു് പറഞ്ഞു. "നിങ്ങളുടെ ദയക്കു് ഞാൻ ഏറ്റവും നന്ദിയുള്ളവനാണു്—എന്നാലും, ഒരൊററ സംഗതി പറയാൻ എന്നെ അനുവദിക്കണം. എല്ലാ കീടങ്ങളും അവയുടെ ജീവിതത്തെ ഇഷ്ടപ്പെടുന്നു."

അവളുടെ ജീവിതവും മരണവും തൻെറ കയ്യിലാണെന്നു ധ്വനിക്കുന്ന ഒരു സ്വരത്തിൽ മാക്സിം പ്രതിവചിച്ചു. "സ്നേഹിതാ, എന്താണു് ചെയ്യേണ്ടതെന്നു ഞാൻ നിങ്ങൾക്കു പറഞ്ഞുതരാം; ഒരു നനച്ച വസ്ത്രം അവളുടെ തലയിൽ ചുററുക. ഈ പൊടിഭിവസത്തിൽ രണ്ടു പ്രാവശ്യം അകത്തുകഴിക്കാൻ കൊടുക്കുകയും ചെയ്യുക. വേറെ ഒന്നും ചെയ്യേ

ണ്ടതില്ല. നിങ്ങൾ സമാധാനമായി പൊയ്ക്കൊളിൻ"

മാക്സിമിന്റെ മുഖത്തു കണ്ട ഭാവത്തിൽനിന്നു് കാര്യം മോശമാണെന്നു യാക്കോബ് മനസ്സിലാക്കി. ഒരു പൊടിക്കും അവളുടെ സുഖക്കേട് ഭേദപ്പെടുത്താനുള്ള കഴിവില്ല. മാർഫായെക്കുറിച്ച് ഒരാശക്കും ഇനി വഴിയില്ല. ഇന്നല്ലെങ്കിൽ നാളെ അവൾ മരിക്കുമെന്നു തീർച്ചയാണു്. അയാൾ മാക്സിമിന്റെ കൈ പിടിച്ചു് കണ്ണുകൾ ഇമയാട്ടിക്കൊണ്ടു് മന്ത്രിച്ചു.

"അതേ, മാക്സിം നിക്കോല, അവളെ രക്ഷിക്കാൻ ഇതിൽ കൂടുതലൊന്നും ചെയ്യാൻ കഴിയില്ലേ?"

"എനിക്ക് സമയമില്ല സ്നേഹിതാ, സമയമില്ല. നിങ്ങളുടെ വൃദ്ധയെ കൊണ്ടുപൊയ്ക്കൊളിൻ. ദൈവം നിങ്ങളുടെകൂടെ ഉണ്ടാവട്ടെ"

"ദയവുചെയ്തു് ഒരൊററ ഉപകാരം ചെയ്യുക!" യാക്കോബ് അപേക്ഷിച്ചു. "അവളുടെ ആമാശയത്തിന്നോ കുടലിന്നോ വല്ല തകരാറുകളും സംഭവിച്ചതായിരുന്നെങ്കിൽ പൊടികളും മിക്സ്ചറുകളും കൊണ്ടു ഗുണമുണ്ടാവുമായിരുന്നു. പക്ഷെ അവൾക്കു കഠിനമായ തണുപ്പുകൊണ്ടുണ്ടായിട്ടുള്ള രോഗമാണ്. മററുവല്ല പ്രയോഗങ്ങളുമായിരിക്കും അതിന്നു കൂടുതൽ ഫലപ്രദമായ ചികിത്സ"

പക്ഷെ മാക്സിം മറെറാരു രോഗിയെ വിളിച്ചു കഴിഞ്ഞിരുന്നു. ഒരു കർഷകസ്ത്രീ ഒരു കുട്ടിയോടുകൂടി ഡിസ്പെൻസറിയുടെ ഉള്ളിൽ വന്നുനിന്നു.

"പോവിൻ!" അയാം യാക്കോബിനോട്ട ഗ ർജ്ജിച്ചു.

"അവർ കഴിച്ച മരുന്നിന്നു് വല്ല ഫലവുമു ണ്ടോ എന്നറിയാൻ ഞങ്ങാം അല്പമെങ്കിലും ഇവിടെ ഇരിക്കട്ടെ!"

മാക്സിമിൻെറ കോപം അനിയന്ത്രിതമായി. അയാം ഉറക്കെ പറഞ്ഞു. "ഇനി ഒരക്ഷരവും പറ യേണ്ട" യാക്കോബ് വല്ലാതെ ക്ഷോഭിച്ചു. അയാ ളുടെ മുഖം തുടുത്തു. പക്ഷേ പിന്നീട്ട് ഒരക്ഷരവും പറയാതെ അയാം മാർഫയെ കൈപിടിച്ചു പുറ ത്തേയ്ക്കു കൊണ്ടുപോയി. അവളെ വണ്ടിയിൽ എ ടുത്തുവെച്ചതിന്നുശേഷം, അയാം കോപത്തോടും, പുച്ഛത്തോടുംകൂടി ആസ്പത്രിയെനോക്കി ഇങ്ങിനെ പറഞ്ഞു:

"എന്തൊരു പിശാച്! ഒരു ധനികനുവേണ്ടി എന്തും ചെയ്യാൻ തെയ്യാറാണു്; ഒരു സാധുവിന്നു വേണ്ടിയാകുമ്പോഴേയ്ക്കു് രണ്ടു ഗ്രെയിൻ പൌ ഡർ കൊടുക്കുന്നതിന്നുകൂടി അവന്നു മനസ്സില്ല! പി ശാച്!"

വീട്ടിലെത്തി കുടിലിന്നുള്ളിൽ കടന്നതിന്നു ശേഷം മാർഫ അടുപ്പിൻെറ വിതാനയിന്മേൽ പി ടിച്ചു കുറച്ചുനേരംനിന്നു. താൻ കിടക്കുകയാണെ ങ്കിൽ, യാക്കോബ് തൻെറ നഷ്ടങ്ങളുടെ ഉത്തര വാദിത്വം അവളിൽ സ്ഥാപിച്ചു് പ്രവൃത്തിയെടു ക്കാതെ വെറുതെ കിടക്കുന്നതിനെ ആക്ഷേപിക്കുമെന്നു

അവൾ ഭയപ്പെട്ടു. യാക്കോബാവട്ടെ, തന്റെ ആത്മാവിൽനിന്നുയർന്നുവന്ന ഒരു തീവ്രദുഃഖത്തോടു കൂടി അവളെ നോക്കിക്കൊണ്ടിരുന്നു. പിറേറ ദിവസം സെയിൻറ് ജോൺ, അതിന്റെ പിറേറന്നു് സെയിൻറ് നിക്കോല എന്നീ സിദ്ധന്മാരുടെ ദിനങ്ങളും, അതിന്റെയുംപിറേറന്നു് ഞായറാഴ്ചയും പിന്നെ തിങ്കളാഴ്ചയും, ഇങ്ങിനെ അടുത്ത നാലു ദിവസം യാതൊരു ജോലിയുംചെയ്യുവാൻ പാടില്ലാത്ത ദിവസങ്ങളാണ്. അതിനുള്ളിൽ മാർഫ മരിക്കുകയുംചെയ്യും! അതുകൊണ്ടു് അവൾക്കുള്ള ശവപ്പെട്ടി ഇന്നുതന്നെ ഉണ്ടാക്കേണം. അയാൾ ഇരിമ്പുകൊണ്ടുള്ള വാരക്കോലെടുത്തു്, വൃദ്ധയുടെ അടുത്തുചെന്നു് അവളുടെ അളവെടുത്തു. അതിന്നുശേഷം അവൾ കിടന്നു. യാക്കോബു് ശവപ്പെട്ടി ഉണ്ടാക്കുവാനും തുടങ്ങി.

പ്രവൃത്തി മുഴുമിച്ചശേഷം "ബ്രോൺസ്" തന്റെ കണ്ണട എടുത്തു് മൂക്കത്തു് വെച്ചു് നഷ്ടങ്ങളുടെ കണക്കുവെയ്ക്കുന്ന പുസ്തകം എടുത്തു് ഇങ്ങിനെ എഴുതി.

"മാർഫാ ഐവാനോവയുടെ ശവപ്പെട്ടി—2 റൂബിൽ 40 കോപ്പെക്" അയാൾ ഒരു നെടുവീർപ്പിട്ടു. ഈ സമയം മുഴുവൻ മാർഫ നിശ്ശബ്ദമായി കണ്ണടച്ചു കിടക്കുകയായിരുന്നു. വൈകുന്നേരം ഇരുട്ടു് പരക്കുവാൻ തുടങ്ങിയപ്പോൾ, അവൾ ഭർത്താവിനോടു് സംസാരിച്ചു.

"യാക്കോബ്", ഓൎമ്മിക്കുന്നുണ്ടോ? അവൾ ആഹ്ലാദത്തോടുകൂടി ആയാളുടെ മുഖത്തുനോക്കിക്കൊണ്ടു ചോദിച്ചു. "അമ്പതു കൊല്ലങ്ങൾക്കുമുമ്പ് ഈശ്വരൻ ചുവന്ന തലമുടിയോടുകൂടിയ ഒരു കുഞ്ഞിനെ നമുക്കു തന്നു. അന്നെല്ലാം ഞാനും നിങ്ങളും കൂടി പുഴവക്കത്തു ദിവസവും ആ വില്ലോ മരത്തിന്റെ ചുവട്ടിൽ പോയിരിക്കും......പാട്ടുകൾ പാടും" പിന്നെ കഠിനമായി ചിരിച്ചുകൊണ്ടു് അവൾ തുടൎന്നു "ആ കുഞ്ഞ് മരിച്ചുപോയി!"

"അതെല്ലാം വെറും തോന്നലാണ്" യാക്കോബ് പറഞ്ഞു.

കുറെ കഴിഞ്ഞു് പുരോഹിതൻ വന്നു. ആസന്നമരണരായവൎക്കു ചെയ്യേണ്ട മതകൃത്യങ്ങളെല്ലാം നടന്നു. മാൎഫ അവ്യക്തമായി എന്തൊക്കെയോ പിറുപിറുത്തുകൊണ്ടിരുന്നു. പിറേറന്നു് രാവിലെ അവൾ മരിക്കുകയും ചെയ്തു.

വൃദ്ധയുടെ അയൽപക്കക്കാർ അവളെ കുളിപ്പിച്ചു്, അവളുപയോഗിച്ചിരുന്ന വിരിപ്പിൽതന്നെ മൃതദേഹം പൊതിഞ്ഞുവെച്ചു. ഫീസുകൊടുക്കുന്നതു് കൂടാതെ കഴിക്കാൻവേണ്ടി യാക്കോബ് തന്നെ പ്രാൎത്ഥനാപുസ്തകത്തിൽനിന്നു് ഗീതങ്ങൾ പാടി. ശ്മശാനത്തിലെ കാവല്ക്കാരൻ തന്റെ സ്വന്തമാളായിരുന്നതുകൊണ്ടു് കുഴികുഴിക്കുന്നതിനു പണംകൊടുക്കാതെ രക്ഷപ്പെടാൻ അയാൾക്കു കഴി

ഞ്ഞു. മരിച്ചവരോടുള്ള ബഹുമാനംകൊണ്ടു് ഫീസ്സുകൂടാതെ നാലുകൃഷിക്കാർ ശവപ്പെട്ടി ചുമക്കാൻ തെയ്യാറായി. ശ്മശാനയാത്രയിൽ കുറെ വൃദ്ധകളുടേയും, യാചകരുടേയും, രണ്ടു മുടന്തന്മാരുടെയും കൂടിയ ഒരു ഘോഷയാത്ര ശവപ്പെട്ടിയെ അനുഗമിച്ചു. പാതവക്കിലുള്ള കൃഷിക്കാർ ഭക്തിപൂർവ്വം ഉപചരിച്ചുനിന്നു. അങ്ങിനെ എല്ലാ കാര്യങ്ങളും ഭംഗിയായി. മാന്യമായി, ചിലവുകൂടാതെ, ആരേയും മുഷിപ്പിക്കാതെ നിർവ്വഹിക്കുവാൻ കഴിഞ്ഞതിൽ യാക്കോബ് വളരെ സംതൃപ്തനായി. മാർഫായോടു അവസാനത്തേതായി യാത്ര പറയേണ്ട ഘട്ടത്തിൽ ആയാൾ തന്റെ വിരലുകളെക്കൊണ്ടു് ശവപ്പെട്ടിയൊന്നു കൊട്ടിനോക്കി. "ഒന്നാംതരം കരകൗശലം" ആയാൾ വിചാരിച്ചു.

ശ്മശാനത്തിൽനിന്നു് മടങ്ങുമ്പോൾ ആയാളെ ഉഗ്രമായ ശരീരസാദം ബാധിച്ചിരുന്നു. അയാൾക്കു് ആകപ്പാടെ വല്ലാത്ത അസുഖംതോന്നി. പനിക്കുന്ന ഒരാളുടേതുപോലെ ആയാളുടെ ശ്വാസോച്ഛ്വാസം ഉഷ്മാവോടുകൂടിയതും ദ്രുതഗതിയിലുള്ളതുമായിരുന്നു. ആയാൾക്കു് സ്വന്തം കാലുകളിൽ നില്ക്കാൻതന്നെ വിഷമംതോന്നി. അയാളുടെ തല അസാധാരണമായ ചിന്തകളെക്കൊണ്ടു് നിറഞ്ഞിരുന്നു. താൻ മാർഫായോടു ഒരിക്കലെങ്കിലും അനുകമ്പ പ്രകടിപ്പിച്ചിരുന്നില്ലെന്നും, അവളെ ഒരിക്ക

ളെങ്കിലും ഒന്നോമനച്ചിട്ടില്ലെന്നും ഉള്ള ഓർമ്മ വീണ്ടും ആയാളിൽ പൊങ്ങിവന്നു. അവർ രണ്ടുപേരും ആ കുടിലിൽ ഒന്നിച്ചു താമസിച്ചു അമ്പത്തുരണ്ടു കൊല്ലങ്ങൾ പിന്നിൽ അനന്തതയെന്നപോലെ നീണ്ടുകിടക്കുന്നു. ആ അനന്തതയിൽ ആയാൾ മാർഥയെക്കുറിച്ചു് യഥാർത്ഥത്തിൽ ഒരിക്കലെങ്കിലും ചിന്തിച്ചിട്ടില്ല. മനുഷ്യത്വപരമായ യാതൊരു പെരുമാററവും അവൾക്കു നൽകീട്ടില്ല. അവളൊരു പട്ടിയോ, പൂച്ചയോ ആണെന്നനിലയിൽ മാത്രമേ ആയാൾ അവളോടു പെരുമാറീട്ടുള്ളു. എന്നിട്ടും ഓരോ ദിവസം അവൾ അടുപ്പിൽ തീക്കൂട്ടും, ഭക്ഷണം പാകംചെയ്യും, വെള്ളംകൊണ്ടുവരും, വിറകുവെട്ടും, ആയാളൊന്നിച്ചു് അതേ കട്ടിലിൽകിടന്നുറങ്ങും. ആയാൾ വിവാഹഘോഷങ്ങളും മററും കഴിഞ്ഞു് പാതിരാപ്പുറത്തു് കുടിച്ചു് മതിമറന്നനിലയിൽ വീട്ടിലേക്കു വരുമ്പോൾ, അവൾ ബഹുമാനപൂർവ്വം അവളുടെ ഫിഡിൽവാങ്ങി ചുമരിലെ ആണിയിൽ തൂക്കും, ആയാളെ ഉപചരിച്ചു് കിടത്തിയുറക്കും. ഇതെല്ലാം ചെയ്യുമ്പോഴും അവളിൽ എല്ലായ്പോഴുമുണ്ടാവാറുള്ള ആ അസ്വാസ്ഥ്യത്തിന്റേയും നാണം കുണുങ്ങിത്തത്തിന്റേയും ഭാവങ്ങൾ മുഖത്തു് പ്രകടമായിരിക്കുകയുംചെയ്യും. ഇപ്പോൾ അവളെക്കുറിച്ചു് കുറെക്കൂടി അനുകമ്പകാണിക്കണമെന്നും, അവൾക്കെന്തെങ്കിലുമൊരു സമ്മാ

നം വാങ്ങിക്കൊടുക്കണമെന്നും ആയാഠംക്ക് തോന്നാൻ തുടങ്ങിയ ഈ സന്ദർഭത്തിൽ, അവഠം ആയാളെ വിട്ടുപോവുകയും ചെയ്തു!

റോത്ത്സ്ചൈൽഡ് മന്ദഹസിച്ചുകൊണ്ട് ഉപചാരപൂർവ്വം യാക്കോബിന്നടുക്കലേക്കുവന്നു. "ഞാൻ നിങ്ങളെ അന്വേഷിക്കുകയായിരുന്നു അമ്മാമൻ" അവൻ പറഞ്ഞു. മോസസ്സ് ഇലിച്ച് അദ്ദേഹത്തിന്റെ അഭിവാദ്യങ്ങഠം നിങ്ങളെ അറിയിക്കാനും, നിങ്ങളെ അദ്ദേഹത്തിന്റെ അടുക്കലേക്കു കൂട്ടിക്കൊണ്ടുചെല്ലുവാനും പറഞ്ഞിരിക്കുന്നു."

യാക്കോബിന്നു കരയാൻതോന്നി.

"ദൂരെപ്പോ." ആയാഠം അലറി.

"നിങ്ങഠം സുബോധത്തോടുകൂടിയല്ല പറയുന്നതു്." ഭയപരിഭ്രമങ്ങളോടുകൂടി റോത്ത്സ്ചൈൽഡ് പറഞ്ഞു. 'മോസസ്സ് ഇലിച്ച് നിങ്ങളോടു മുഷിയും, അദ്ദേഹത്തിന്നു് അടിയന്തിരമായി നിങ്ങളെ" ആവശ്യമുണ്ടു്."

യഹൂദന്റെ സംസാരവും നോട്ടവും ഭാവവും ചുകപ്പു കലൎന്ന ശരീരകാന്തിയും യാക്കോബിനെ വെറുപ്പിച്ചു. ആയാളുടെ പച്ചക്കോട്ടിലെ കറുത്ത തുന്നിക്കൂട്ടലുകളും ആരോഗ്യരഹിതമായ ദുർബ്ബലശരീരവും യാക്കോബിന്നു് ആയാളുടെ പേരിൽ അറപ്പു തോന്നിച്ചു.

"എന്റെ പിന്നാലെ ഇങ്ങനെ പറഞ്ഞുനടക്കുന്നതിന്റെ ഉദ്ദേശം" ആയാൾ ഉറക്കെ ചോദിച്ചു. "ദൂരെപ്പോ",

യഹൂദനും കോപം വന്നു.

"നിങ്ങൾ കുറെക്കൂടി മര്യാദയായി പെരുമാറാത്തപക്ഷം, ആ വേലിയുടെ മേലെ നിങ്ങളെ ഞാൻ പറപ്പിച്ചുകളയും".

"എന്റെ ദൃഷ്ടിയിൽനിന്നു ദൂരെപ്പോ" മുഷ്ടി ചുരുട്ടിക്കൊണ്ടു് യാക്കോബ് അവന്റെ പിന്നാലെ ഓടി. "പോ എന്റെ കണ്ണിൽനിന്നു്. നിന്റെ ഈ ശപിക്കപ്പെട്ട ദേഹത്തിൽനിന്നു് നിന്റെ ആത്മാവിനെ ഞാൻ മോചിപ്പിക്കും! എനിക്കു് യഹൂദന്മാരുമായി യാതൊരു ബന്ധവുമില്ല".

റോത്ത്സ്ചൈൽഡ് ഭയംകൊണ്ടു മരവിച്ചുപോയി. തലയ്ക്കു വീഴുന്ന തല്ലുകളെ തടുക്കുകയാണെന്നു തോന്നിക്കുന്നവിധം അവൻ കൈകൊണ്ടു് ആംഗ്യങ്ങൾ കാണിച്ചുകൊണ്ടു് പ്രിയപ്പെട്ട ജീവനെ രക്ഷിക്കാൻവേണ്ടി ചാടിയോടാൻ തുടങ്ങി. ഓടിക്കൊണ്ടിരിക്കുമ്പോഴും അവൻ ഇടക്കിടെ മേല്പോട്ടു ചാടുകയും കൈകൾ കുടയുകയും ചെയ്തുകൊണ്ടിരുന്നു. മാംസരഹിതമായ ആയാളുടെ നീളംകൂടിയ മുതുകെല്ലു് ചലിക്കുന്നതു് വ്യക്തമായിക്കാണാമായിരുന്നു. ഈ സംഭവങ്ങൾ തെരുവിലുണ്ടായിരുന്ന കുട്ടികളെ അസാമാന്യമായി രസിപ്പിച്ചു. അവർ ആയാളെ

ടെ പിന്നാലെ ഓടി, "യഹൂദൻ, യഹൂദൻ" എന്നു നിലവിളിച്ചു. നായ്ക്കാം ഉറക്കെ കുരച്ചുകൊണ്ടു് കുട്ടികളുടെ കൂട്ടത്തിൽ കൂടി. ചിലർ ചിരിച്ചു, ചിലർ ചൂളം വിളിച്ചു. നായ്ക്കാം അധികമധികം ഉറക്കെ കുരച്ചു. പിന്നീടു് അങ്ങിനെയായിരിക്കണം, ഒരു നായ റോത്ത്സ്ചൈൽഡിനെ കടിച്ചു; അവിടെ മുഴങ്ങിക്കേട്ട ദീനവും നിരാശാപൂർണ്ണവുമായ ആ നിലവിളിയുടെ അർത്ഥം അതാവാനേ തരമുള്ളു.

യാക്കോബ് നഗരപ്രാന്തങ്ങളിലേക്കു് നടന്നെത്തി. തെരുവിലെ കുട്ടികാം "ബ്രോൺസ, ബ്രോൺസം" എന്നു നിലവിളിച്ചു. കണ്ണുകാം തുളച്ചുകേറുന്ന ശബ്ദങ്ങാം പുറപ്പെടുവിച്ചുകൊണ്ടു് മൈനകാം ചുററിലും പറന്നുകളിക്കുന്നുണ്ടായിരുന്നു. വാത്തുകാം അവയുടെ ഭീകരശബ്ദം ഉതിർത്തുകൊണ്ടു പുളച്ചു. സൂര്യൻ എല്ലാററിനേയും ചൂടുപിടിപ്പിച്ചു. വെള്ളത്തിൽ സൂര്യപ്രകാശത്തിൻെറ പ്രതിഫലനമുണ്ടാക്കിയ തിളക്കം അങ്ങോട്ടു നോക്കാൻകൂടി കഴിയാത്ത മട്ടിലായിരുന്നു. യാക്കോബ് പുഴക്കരയിലൂടെയുള്ള വഴിയിൽക്കൂടി നടക്കുകയാണു്. ചുവന്ന കവിാംത്തടങ്ങളോടുകൂടിയ ഒരു തടിച്ച സ്ത്രീ കുളിക്കുവാനുള്ള കടവിൽനിന്നു് കേറിവരുന്നതു് ആയാാം കണ്ടു. ആ കടവിൽനിന്നു് വളരെ അകലെയല്ലാതെ കുറെ കുട്ടികാം മാംസക്കഷണങ്ങാം ഇട്ടുകൊടുത്തു ഞണ്ടുകളെ പിടിക്കുന്നുണ്ടായിരുന്നു. ആയാളെക്ക

ങ്ങളപ്പോൾ അവർ “ബ്രൌൺസ, ബ്രൌൺസ്” എന്നു വിളിച്ചാർത്തു. പക്ഷേ അപ്പോഴേക്കും ആയാളുടെ ദൃഷ്ടികൾ കുറച്ചകലെ വലിയ പോടോടുകൂടിയ വില്ലോ മരത്തിന്മേൽ പതിഞ്ഞു..........പെട്ടെന്നു് യാക്കോബിന്റെ മനസ്സിൽ മർഫ പറഞ്ഞ ചുവന്ന തലമുടിയോടുകൂടിയ കുട്ടിയുടെ സ്മരണയുണ്ടായി.... അതെ, ആ വില്ലോമരം തന്നെയാണു്. പച്ചപിടിച്ചു്, മൌനമായ, ദുഃഖിതമായ അതേ വില്ലോ മരം ........അതിന്നെത്ര പ്രായമായി കഴിഞ്ഞു. സാധുമരം!

അതിന്റെ ചുവട്ടിലിരുന്നു് ആയാൾ ഓർമ്മിക്കാൻ തുടങ്ങി. മറുകരയിൽ, ഇപ്പോൾ വെള്ളംകേറി നില്ക്കുന്ന ആ മൈതാനത്തിൽ അന്നീബർസ്സ മരങ്ങൾ വളർന്നുനിന്നിരുന്ന ഒരു കാടായിരുന്നു. അതിനും പുറമെ മരങ്ങളോ കുററിക്കാടുകളോ ഇല്ലാതെ ഇപ്പോൾ ചക്രവാളത്തിലേക്കു് പൊന്തിനില്ക്കുന്ന നഗ്നമായ ആ കുന്നിന്മേൽ അന്നു് വളരെ പഴക്കമുള്ള ഒരു പൈൻകാടുണ്ടായിരുന്നു. പുഴയിൽകൂടി അന്നെല്ലാം കീഴോട്ടും, മേലോട്ടും തോണികൾ പൊയ്ക്കൊണ്ടിരുന്നു. ഇപ്പോൾ എല്ലാം നിരപ്പായി സുഗമമായിരിക്കുന്നു. അക്കരയിൽ ഒരു ചെറിയ ബർച്ചുമരം മാത്രം—ഒരു പെൺകുട്ടിയെപ്പോലെ ആകാരസുഷമയും ശാലീനതയുമുള്ള ഒരൊററ മരം മാത്രം. അങ്ങിനെ ആ ഏകാന്തതയെ ആകർഷകമാക്കുന്നുണ്ടു്. പുഴയിൽ ഒരുകാലത്തു് തോണികൾ കളിച്ചിരുന്ന

സ്ഥാനത്തു് ഇപ്പോഠം വാത്തുകഠം മാത്രമേയുള്ളു. ആ കാലത്തെ അപേക്ഷിച്ചു് വാത്തുകഠംക്കുകൂടി വലുപ്പം കുറഞ്ഞിരിക്കുന്നുവെന്നു തോന്നും. യാക്കോബ് കണ്ണു കളടച്ചു. ആയാളുടെ ഭാവനയിൽ ഒരുകൂട്ടം വെളുത്ത വാത്തുകഠം തൻെറ നേക്കു പറന്നു വരുന്നതായി ആയാഠം കണ്ടു.

തൻെറ ജീവിതത്തിലെ കഴിഞ്ഞ നാല്പത്തു് കൊല്ലങ്ങഠംക്കുള്ളിൽ താൻ ഒരിക്കലെങ്കിലും ആ നളികരികെ വരാഞ്ഞതു്—അഥവാ വന്നിരുന്നുവെങ്കിൽതന്നെ അതിനെ കാണാഞ്ഞതു് എന്തുകൊണ്ടായിരുന്നുവെന്നു് അയാഠം അത്ഭുതപ്പെട്ടു. അത്യുതീച്ഛ്യയായും ബഹുമാന്യമായ—ഒരിക്കലും നിന്ദനീയമല്ലാത്ത-ഒരു നളിയായിരുന്നു. യഥാത്ഥത്തിൽ ആ നളി മീൻപിടുത്തത്തിന്നു പററിയതായിരുന്നു. പിടിക്കപ്പെടുന്നമീനിനെ കച്ചവടക്കാക്കോ, ഉദ്യോഗസ്ഥന്മാക്കോ, റെയിൽവേസ്റ്റേഷൻ ഭോജനശാലയിലെ പാചകനോ വില്ക്കാവുന്നതും, അങ്ങിനെ കിട്ടുന്നപണം ബാങ്കിലിടാവുന്നതുമാണു്. തൻെറ ഫിഡിലുമെടുത്തു് ഒരു ചെറിയ തോണിയിൽകയറി പുഴവക്കിലുള്ള വീടുകളിലേക്കു് അതിൽക്കൂടി തുഴഞ്ഞുപോയി തൻെറ സംഗീതസാമത്ഥ്യം പ്രദശിപ്പിക്കാം. എല്ലാവരും അയാഠംക്കു് എന്തെങ്കിലും കൊടുക്കാതിരിക്കില്ലെന്നു് തീച്ഛയാണു്. തോണികളുണ്ടാക്കുന്ന ജോലിയിൽതന്നെ, വേണമെങ്കിൽ

അയാൾക്കു ഭക്ഷപ്പെടാം. തനിക്കുതന്നെ ഒരു തോണിക്കാരനുമാവാം. ശവപ്പെട്ടികളുണ്ടാക്കി വില്ക്കുന്നതിനേക്കാൾ അതു് ലാഭകരവുമാകുമായിരുന്നു. വാത്തുകളെ വളർത്തുന്നതിന്നു് അയാൾക്കു് സൌകൎയ്യംകിട്ടിയിരുന്നു. വൎഷക്കാലത്തു് അവയെ മോസ്ക്കാവിലേക്കയച്ചാൽ നല്ല അടിയാണു. ഉവലൃകളിൽനിന്നു മാത്രം കൊല്ലത്തിൽ പത്തു റൂബിളിൽ കുറയാത്ത ഒരു സംഖ്യ സമ്പാദ്യമുണ്ടാക്കാം. എന്നാൽ അയാൾ തൻെറ ജീവിതം മുഴുവൻ ഒന്നുംചെയ്യാതെ നിഷ്പ്രയോജനമായി ചിലവഴിച്ചുകഴിഞ്ഞിരിക്കുന്നു. എന്തു നഷ്ടങ്ങൾ! ഹോ! എത്ര വമ്പിച്ച നഷ്ടം!! ഈ എല്ലാം ജോലികളും ഒന്നിച്ചു ചെയ്യുകയാണെങ്കിലോ മീൻ പിടിക്കുക, ഫിഡിൽ വായിക്കുക, തോണിക്കാരനാവുക, വാത്തുകളെ വളർത്തുക, എല്ലാം — എത്ര ആകൎഷകമായ തുക സമ്പാദിക്കാമായിരുന്നു. എന്നാൽ അയാൾ അതിനെക്കുറിച്ചൊന്നും ഒരിക്കലെങ്കിലും സ്വപ്നംകാണുകകൂടിചെയ്തിട്ടില്ല. ജീവിതം അങ്ങു നീങ്ങിപ്പോയി—യാതൊരു നേട്ടവുമുണ്ടാകാതെ, യാതൊരു സംതൃപ്തിയുംനല്കാതെ എല്ലാററിൻെറയും മുമ്പിലിരുന്നിട്ടും യാതൊന്നിനേയും കാണാൻ കഴിഞ്ഞില്ല. അവയെല്ലാം അങ്ങു് കടന്നുചേവുകയും ചെയ്തു. ഇപ്പോൾ അയാളുടെ മുമ്പിൽനിന്നു് എല്ലാം മറഞ്ഞുകഴിഞ്ഞു. ശൂന്യതമാത്രം ബാക്കിയായിരിക്കുന്നു. പിന്നോക്കം നോക്കിയാൽ എല്ലാം നഷ്ടങ്ങൾ. അവയെക്കുറിച്ചുള്ള ചിന്തതന്നെ രക്തത്തെ തണു

ഷ്പിച്ചു് കട്ടപ്പിടിപ്പിക്കുവാൻ പോന്ന നഷ്ടങ്ങൾ! ഇത്തരം നഷ്ടങ്ങൾകൂടാതെ മനുഷ്യന് എന്തുകൊണ്ടു ജീവിക്കാൻ കഴിയുന്നില്ല? ബർച്ചുമരങ്ങളുടേയും പൈൻമരങ്ങളുടേയും— ആ രണ്ടു കാടുകൾ— എന്തുകൊണ്ടു ഒരു പോലെ മുറിച്ചു നീക്കപ്പെട്ടു? ആ പൊതുമേച്ചിൽസ്ഥലം എന്തുകൊണ്ടു് ആരും ഉപയോഗിക്കാതെ നിരുപയോഗമായിക്കിടക്കുന്നു. എന്തുകൊണ്ടാണു് ചെയ്യരുതാത്തതുതന്നെ ആളുകൾ ചെയ്തുകൊണ്ടിരിക്കുന്നതു്? തന്റെ ജീവിതകാലം മുഴുവൻ അയാൾ ഗർജ്ജിക്കുകയും, നിലവിളിക്കുകയും, മുഷ്ടി ചുരുട്ടുകയും, ഭാര്യയെ അവമാനിക്കുകയും ചെയ്തുകൊണ്ടിരുന്നതു് എന്തുകൊണ്ടാണു്? ഏതൊരു കാരണം കൊണ്ടായിരിക്കാം അയാൾ ആ യഹൂദനെ ഭയപ്പെടുത്തുകയും, അവമാനിക്കുകയും ചെയ്തതു്? അന്യോന്യം സൌഹൃദത്തോടും സഹകരണത്തോടും, സമാധാനത്തോടുംകൂടിയുള്ള ജീവിതത്തിനെ ആളുകൾ എന്തിനാണു് തടയുന്നതു്? ഇതെല്ലാം നഷ്ടങ്ങളാണു്! കനത്ത നഷ്ടങ്ങൾ!! ഇങ്ങിനെയുള്ള വെറുപ്പും, വിദ്വേഷവും ഇല്ലായിരുന്നുവെങ്കിൽ ജനങ്ങൾക്കു് അന്യോന്യം ഓരോരുത്തനിൽനിന്നും ഗണനാതീതമായ ലാഭം ഉണ്ടാക്കാമായിരുന്നു.

ആ സായാന്തനത്തിലും, അന്നു രാത്രി മുഴുവനും യാക്കോബിന്റെ തലയിൽ വില്ലോമരം, മത്സ്യങ്ങൾ, വാത്തുകൾ, വെള്ളംകുടിക്കാൻ ആരംഭിക്കുന്ന

ഒരു പക്ഷിയുടെ ആകൃതിയെ ഓർമ്മിപ്പിക്കുന്ന മാർഫാ, മങ്ങിയ, ദയനീയമായ മുഖത്തോടുകൂടിയ റോത്ത്സ്ചൈൽഡ്, നഷ്ടങ്ങളെക്കുറിച്ചു പിറുപിറുത്തുകൊണ്ടിരുന്ന വേറെ ഒരായിരം മുഖങ്ങൾ എന്നിവയെല്ലാം മിന്നിമറഞ്ഞുകൊണ്ടിരുന്നു. അയാൾ കിടക്കയിൽ തിരിഞ്ഞും, മറിഞ്ഞും കിടന്നു. അഞ്ചുതവണ എണീററിരുന്നു് അയാൾ വായിച്ചു.

പിറേറന്നു രാവിലെ കിടക്കയിൽനിന്നെഴുന്നേല്ക്കാൻ അയാൾക്കു് കുറെ വിഷമംതോന്നി. എഴുന്നേററ ഉടനെ അയാൾ ആസ്പത്രിയിലേക്കുപോയി. പഴയ മാക്സിംനിക്കോലതന്നെ അയാളുടെ ദേഹം പരിശോധിച്ചു്, തലയിൽ ഒരു നനച്ച ശീലകെട്ടാൻ വിധിച്ചു. കുറെ പൌഡറുംകൊടുത്തു. അയാളുടെ മുഖഭാവംകൊണ്ടു് ഇതും ഒരു മോശമായ കാര്യമാണെന്നും പൌഡറുകൊണ്ടു് പറയത്തക്ക പ്രയോജനമൊന്നുമുണ്ടാവാൻ വഴിയില്ലെന്നും യാക്കോബ് മനസ്സിലാക്കി. ആസ്പത്രിയിൽനിന്നുള്ള മടക്കത്തിൽ അയാൾ പിന്നെയും ചിന്തിക്കാൻ തുടങ്ങി. മരിക്കുകയാണെങ്കിലും അതിൽനിന്നു് ഒരു വലിയ ലാഭമുണ്ടാവാനിടയുണ്ടു്. തിന്നുക, കുടിക്കുക, നികുതികൊടുക്കുക, മററുള്ളവരെ ദ്രോഹിക്കുക എന്നിവയൊന്നും ആവശ്യമില്ല. മാത്രമല്ല, ഒരാൾ തന്റെ ശവക്കുഴിയിൽ ഒന്നോ, രണ്ടോ കൊല്ലമല്ല, നൂറായിരം കൊല്ലങ്ങൾ അങ്ങിനെ കിടക്കുന്നതുകൊ

ണ്ടു് ഈ വകയിൽ എത്രവലിയ ലാഭമാണുണ്ടാവു ന്നതു്! മനുഷ്യൻെറ ജീവിതം അനിവാര്യമായും ഒരു വമ്പിച്ച നഷ്ടമാണു്. അതുകൊണ്ടുതന്നെ അ യാളുടെ മരണം മാത്രമേ ലാഭമാവുന്നുള്ളു. എ ന്നാൽ, ഈ ചിന്ത തികച്ചും ന്യായമായിരുന്നു വെങ്കിലും, വിരസവും മടുപ്പുണ്ടാക്കുന്നതുമായിരുന്നു. മനുഷ്യന്നു ഒരിക്കൽമാത്രം നല്കപ്പെടുന്ന ജീവിതം ഇങ്ങിനെ ഒരു ലാഭവും ഉണ്ടാക്കാതെ, വിഴുങ്ങപ്പെട ണമെന്നു് വിധിനിശ്ചയിച്ചതു് എന്തുകൊണ്ടാ യിരിക്കും?

മരിക്കുന്നതിൽ അയാൾക്കു് വ്യസനമില്ല. എ ന്നാൽ വീട്ടിലെത്തി തൻെറ ഫിഡിൽ കണ്ട പ്പോൾ അയാളുടെ ഹൃദയം നൊവാൻതുടങ്ങി. ഫിഡിലിനെ ശ്മശാനത്തിലേക്കു കൊണ്ടുപോകുവാൻ വയ്യ. അതു് അനാഥമായിത്തീരും. ബർച്ചുമരങ്ങ ളുടേയും പൈൻ മരങ്ങളുടേയും കാടുകൾക്കു സംഭ വിച്ച അതേ പരിണാമം അതിനും വന്നുകൂടും. ഈ ലോകത്തിൽ എല്ലാ വസ്തുക്കളും നശിച്ചുപോകുന്നു, നശിക്കുകയും ചെയ്യും. യാക്കോബു് കുടിലിൻെറ വാതില്ക്കലേക്കു് ചെന്നു് ഉമ്മറപ്പടിയിലിരുന്നു് ഫി ഡിലിനെ തൻെറ ചുമലിനോടു് ചേർത്തമർത്തു പി ടിച്ചു. നാശംകൊണ്ടും നഷ്ടംകൊണ്ടും പൂർണ്ണമായ ജീവിതത്തെകുറിച്ചാലോചിച്ചുകൊണ്ടു് അയാൾ പാടുവാൻ തുടങ്ങി. ഫിഡിലിൽനിന്നു് ആ ദുഃഖ

രംഗങ്ങൾ നിഷ്ക്രമിക്കുമ്പോൾ അയാളുടെ നയനങ്ങൾ പൂർണ്ണങ്ങളായി. ബാഷ്പധാര കവിൾത്തടങ്ങളിൽക്കൂടി ഒഴുകിക്കൊണ്ടിരുന്നു. അയാൾ എത്ര കണ്ടു് കൂലംകഷമായാലോചിച്ചോ, അത്രകണ്ടു് ആ ഗാനം ദുഃഖമയമായിരുന്നു.

പടിവാതിൽ തുറക്കുന്ന ശബ്ദം കേട്ടു. തുടർന്നു കൊണ്ടു് മുററത്തു് റോത്ത്സ്ചൈൽഡ് പ്രത്യക്ഷപ്പെടുകയും ചെയ്തു. മുററത്തിൻെറ പകുതിവരെ അയാൾ ധൈര്യമായി നടന്നുചെന്നു. അപ്പോൾ ഴേക്കും യാക്കോബിനെ കണ്ടതിനാൽ അവിടെ ത്തന്നെ നിന്നു. അയാൾ ഭയംകൊണ്ടു വിറയ്ക്കുന്നുണ്ടായിരുന്നു.

"വന്നോളൂ ഭയപ്പെടേണ്ട" യാക്കോബു് അനുകമ്പ സ്ഫുരിക്കുന്ന സ്വരത്തിൽ പറഞ്ഞു.

"വരു".

അവിശ്വാസവും ഭയവും ദ്യോതിപ്പിക്കുന്ന ഭാവത്തോടുകൂടി, റോത്ത്സ്ചൈൽഡ് അടുത്തുചെന്നു രണ്ടുവാര അകലെ സംശയിച്ചു നിന്നു.

"എന്നെ അടിക്കരുതെ, യാക്കോബ്", അതെൻെറ കുററമായിരുന്നു!" അയാൾ തല കുനിച്ചുകൊണ്ടു പറഞ്ഞു. "മോസസ് ഇലിച്ചു് വീണ്ടും എന്നെ അയച്ചിരിക്കുന്നു. "ഭയപ്പെടേണ്ട" അയാൾ പറഞ്ഞു. "വീണ്ടും യാക്കോബിനടുക്കൽ പോയി, അയാളെ കൂടാതെ കാര്യം മുന്നോട്ടു പോകയില്ലെന്നു

പറയുക. ബുധനാഴ്ചയാണ് വിവാഹം. ഷാപ്ലേം വാലേംവിൻെറ മകാം ഒരു ധനികനെ വിവാഹം ചെയ്യുകയാണ്." അതൊരെന്നാന്തരം വിവാഹ സ്സല്യയായിരിക്കും." യഹൂദൻ ഒരു കണ്ണു ചിമ്മിക്കൊണ്ടു പറഞ്ഞു.

"എനിക്ക് വരാൻ കഴിയില്ല" യാക്കോബ് ദീർഘമായി നിശ്വസിച്ചുകൊണ്ടു് പറഞ്ഞു "എനിക്ക് രോഗമാണ്, സഹോദരാ."

വീണ്ടും അയാം വില്ലെടുത്തു. അയാളുടെ കണ്ണുകളിൽനിന്നു് അശ്രുകണങ്ങാം കുതിച്ചുചാടി ഫിഡിലിന്മേൽ തുരുതുരെ വീണുകൊണ്ടിരുന്നു. റോത്ത്സ്ചൈൽഡ് ശ്രദ്ധയോടുകൂടി ചെവി കൂർപ്പിച്ചു നിന്നു. അവൻെറ മുഖത്തുണ്ടായിരുന്ന അവിശ്വാസത്തിൻേറയും ഭയത്തിൻേറയും ലാഞ്ഛന മെല്ലെമെല്ലെ മാഞ്ഞു് ആ സ്ഥാനത്ത് അനുകമ്പയുടേയും, യാതനയുടേയും, ദുഃഖത്തിൻേറയും നിഴലാട്ടം വ്യക്തമാവാൻ തുടങ്ങി. ഹൃദയവേദനയുടെ പാരമ്യംകൊണ്ടെന്നപോലെ അവൻ തൻെറ ദൃഷ്ടികാം ഉരുട്ടിക്കൊണ്ടിരുന്നു. അനുഭവത്തിൻെറ മറെറാരു ശബ്ദം അവനിൽനിന്നു പൊട്ടിപ്പുറപ്പെട്ടു. കണ്ണുകളിൽനിന്നു് കണ്ണീർക്കണങ്ങാം അടന്നു വീണ് അവൻെറ പച്ചക്കോട്ടിൽ കറുത്ത പുള്ളികാം ഉണ്ടാക്കിക്കൊണ്ടിരിക്കുകയും ചെയ്തു.

അന്നു പകൽ മുഴുവൻ യാക്കോബ്ബ് കിടക്കയിൽ കിടന്നു് യാതന അനുഭവിച്ചുകൊണ്ടിരുന്നു. വൈകുന്നേരമാകുമ്പോഴേക്കും പുരോഹിതൻ വന്നു. ആയാൾക്കു് വല്ല പ്രത്യേക പാപങ്ങളും തുറന്നു സമ്മതിച്ചു് പാപമോചനം നേടാനുണ്ടോ എന്നു് അദ്ദേഹം ചോദിച്ചു. യാക്കോബ്ബ് പണിപ്പെട്ടു് ആയാളുടെ മങ്ങിയ സ്മരണയെ ഉത്തേജിപ്പിക്കുവാൻ ശ്രമിച്ചു. മാർഫയുടെ മ്ലാനമുഖവും, നായകടിച്ചുപ്പോൾ യഹൂദനിൽനിന്നു് പുറപ്പെട്ട ദീനരോദനവും ഓർത്തുകൊണ്ടു് പാതിയും അവ്യക്തമായി കഷ്ടിച്ചുമാത്രം കേൾക്കാവുന്ന സ്വരത്തിൽ പറഞ്ഞു:

"എന്റെ ഫിഡിൽ റോത്ത്സ്ചൈൽഡിന്നു കൊടുക്കുക."

ഇന്നും ആ പട്ടണത്തിൽ എല്ലാവരും ചോദിക്കുന്നു റോത്ത്സ്ചൈൽഡിന്നു് എങ്ങിനെയാണു് ഇത്ര നല്ല ഒരു ഫിഡിൽ കിട്ടിയതു്? ആയാളതു വിലക്കു വാങ്ങിയതോ, കട്ടതോ?—അതോ ആരെങ്കിലും അതു് ആയാളുടെ പക്കൽ പണയംവെച്ചതാണോ? തന്റെ മുരളി ആയാൾ ഉപേക്ഷിച്ചിട്ടു് വളരെക്കാലമായി. അതിന്നുശേഷം ആയാൾ ഫിഡിൽ മാത്രമാണു് ഉപയോഗിക്കുന്നതു്. പണ്ടു് മുരളിയിൽനിന്നു് വന്നിരുന്ന അതേ ദുഃഖരാഗങ്ങൾ ഇന്നു് അയാളുടെ ഫിഡിലിൽനിന്നു് പുറപ്പെടുന്നു. യാക്കോബ്ബ് ഉമ്മറപ്പടിയിലിരുന്നു് ആലപിച്ചു

ആ രാഗത്തിനെ റൊത്ത്സ്ചൈൽഡ് അനുകരിക്കുമ്പോൾ അത്രയും ആവേശകരമാംവിധം ദുഃഖാത്മകമായ ഒരു രാഗം ആ ഫിഡ്ഡിലിൽനിന്നു് പുറപ്പെടുന്നതിനാൽ, അതു കേൾക്കുന്നവർ അറിയാതെ കരഞ്ഞുപോകുന്നു — ഈ പുതിയ ഗാനം പട്ടണത്തിലെ എല്ലാവരേയും ഒരുപോലെ ആകർഷിച്ചിരുന്നു. ധനികരും ഉദ്യോഗസ്ഥപ്രമാണികളും അതിനാൽ ആയാളെ വിളിക്കാതെ ഒരൊററ സാമുദായികാഘോഷവും നടത്താറില്ല. മാത്രമല്ല, ഒരേ സമ്മേളനത്തിൽ പത്തു പ്രാവശ്യം അതേ രാഗം ആലാപിക്കാൻ അവർ റൊത്ത്സ്ചൈൽഡിനെ നിർബ്ബന്ധിക്കാറുണ്ടു്.

# ൮. പ്രണയ നൈരാശ്യം.

(സോമർസെറ്റ് മോഘം)

കപ്പിത്താൻ തൻെറ ട്രൌസറുകളുടെ പോക്കററിൽനിന്നു് ഒരു വലിയ വെള്ളിവാച്ച് വലിച്ചെടുത്തു. ആയാൾ അതിനേയും അസ്തമിക്കാൻ പോകുന്ന സൂര്യനേയും മാറിമാറി നോക്കിക്കൊണ്ടുനിന്നു.

ആ ബോട്ടിൻെറ ഡ്രൈവർ—ഒരു കറുത്ത മനുഷ്യൻ—ആയാളെ ഒന്നിടംകണ്ണിട്ടു നോക്കി; പക്ഷെ ഒന്നും സംസാരിച്ചില്ല. കപ്പിത്താൻെറ ദൃഷ്ടികൾ, അവർ അടുത്തുകൊണ്ടിരുന്ന ആ ദ്വീപിൽ വിശ്രമിച്ചു. മുന്നിൽ നുരയുടെ വെളുത്ത ഒരു നിര, വെള്ളത്തിൽ മൂടിക്കിടന്നിരുന്ന പാറക്കൂട്ടങ്ങളെ സൂചിപ്പിച്ചിരുന്നു. അവയ്ക്കിടയിൽ തൻെറ ബോട്ടിന്നു കടന്നു പോവാൻ മാത്രം അകലമുള്ള ഒരു വിടവുണ്ടെന്നു് ആയാൾക്കറിയാം. കുറെക്കൂടി അടുത്തെത്തിയപ്പോൾ, താൻ ആ വിടവുകാണുന്നുണ്ടെന്നു് ആയാൾക്കുതോന്നി.

അസ്തമനത്തിന്നു് ഇനിയും ഒരു മണിക്കൂറുകൂടിയുണ്ടു്. കരക്കടുത്തു് പാറക്കെട്ടുകളാൽ ആവൃതമായ ആ സ്ഥലത്തു് കടലിന്നു് ധാരാളം ആഴമുണ്ടെന്നു് ആയാളറിഞ്ഞിരുന്നു. അതൊരു പ്രകൃതിസിദ്ധമായ നല്ല തുറമുഖംപോലെയിരുന്നു. അവിടെ തൻെറ കപ്പലിന്നു് രക്ഷയോടുകൂടി നങ്കൂരമിടാം.

വിദൂരത്ത്, നിബിഡമായി വളർന്നു നിന്നിരുന്ന തെങ്ങുകളുടെ ഇടയിൽകൂടി ദൃശ്യമായിരുന്ന ആ ഗ്രാമത്തിലെ പ്രധാനി, കപ്പലിലെ മെയ്റ്ററിന്റെ ഒരു സുഹൃത്താണ്. അന്നു രാത്രി കരയിൽപോയി തങ്ങൾക്ക് ഉല്ലാസമായി കഴിച്ചുകൂട്ടാം.

ആ സമയത്ത് മെയ്റ്ററ് അവിടേക്കുവന്നു. കപ്പിത്താൻ ആയാളെ അഭിമുഖീകരിച്ചു.

"നമുക്കൊരു കുപ്പി കയ്യിൽ കരുതാം. നൃത്തം ചെയ്യുന്നതിന് കുറെ പെൺകുട്ടികളേയും കൂട്ടാം." ആയാൾ പറഞ്ഞു.

കപ്പലിനു കടന്നുപോകാനുള്ള വിടവ് കാണാൻ കഴിയുന്നില്ല." മെയ്റ്ററ് പറഞ്ഞു.

ആയാളും ഒരു സ്വദേശിയായിരുന്നു. അവസാനകാലങ്ങളിലെ റോമൻ ചക്രവർത്തിമാരെ അനുസ്മരിപ്പിക്കത്തക്ക അംഗസൌഭഗവും, ഭാവഗൌരവവും ഉള്ള, സുന്ദരനായ ഒരു യുവാവ്.

"അടുത്തെവിടേയോ ഒരു വിടവുണ്ടെന്ന് എനിക്കുറപ്പുണ്ട്. കുഴലുകളിൽകൂടി നോക്കിക്കൊണ്ട് കപ്പിത്താൻ പറഞ്ഞു. "എന്തുകൊണ്ടാണ് അതു തിരിച്ചറിയാൻ കഴിയാത്തതെന്ന് എനിക്കറിഞ്ഞുകൂടാ. പാമരത്തിന്റെ മുകളിൽ കേറിനോക്കാൻ ആരോടെങ്കിലും പറയൂ."

മെയ്റ്ററ് കപ്പൽപ്പണിക്കാരനിൽ ഒരുത്തനെ വിളിച്ചു കല്പനകൊടുത്തു. കപ്പിത്താൻ പാമരത്തി

ന്മേൽ കേറുന്നവനെ നോക്കിക്കൊണ്ടു്, അവൻ സംസാരിക്കുന്നതു് കേൾക്കാൻ കാത്തുനിന്നു. നരയുടെ നിര അവിടവിടെ മുറിഞ്ഞുകാണുന്നതല്ലാതെ, തനിക്കൊന്നും വ്യക്തമായി കാണാൻ കഴിയുന്നില്ലെന്നു് അവൻ അതിൻെറ മുകളിൽനിന്നു് വിളിച്ചുപറഞ്ഞു. കപ്പിത്താനു് സാമോൺഭാഷ ഒരു സ്വദേശിയെപ്പോലെ വിദഗ്ദ്ധമായി സംസാരിക്കാമായിരുന്നു ആയാളാഭാഷയിൽ ലോഭംകൂടാതെ അവനെ ശകാരിച്ചുകൊണ്ടിരുന്നു.

“അവനാതിൻെറ മുകളിൽത്തന്നെ നില്ക്കട്ടെ?” മെയ്റ്ററ് ചോദിച്ചു.

“അതുകൊണ്ടെന്തൊരു ഗുണമാണുള്ളതു്?” കപ്പിത്താൻ മറുപടി പറഞ്ഞു. “ഒരു സെൻറു വില പിടിക്കാൻ പോന്ന യാതൊന്നും കണ്ടെത്താൻ അവനു കഴിയില്ല. ഞാനായിരുന്നു അവൻെറ സ്ഥാനത്തെങ്കിൽ, തീർച്ചയായും ആ വിടവു് കണ്ടുപിടിക്കുമായിരുന്നുവെന്നു് വാതു വെക്കാം.”

വണ്ണം കുറഞ്ഞ ആ പാമരത്തിനെ ആയാൾ കോപത്തോടുകൂടി നോക്കി. ജീവിതകാലം മുഴുവൻ തെങ്ങുകളിൽ കേറി ശീലിച്ചിരുന്ന ഒരു സ്വദേശിയന്നു് അതൊരു പ്രയാസമില്ലാത്ത കാര്യമാണു്; അയാളുടെ ദേഹമാണെങ്കിൽ തടിച്ചതും ഘനമുള്ളതും.

"താഴത്തിറങ്ങു്," അയാൾ ഗർജ്ജിച്ചു. "ഒരു മത്തനായയേക്കാളധികം നിന്നെക്കൊണ്ടൊരു പ്രയോജനവുമില്ല. പാറക്കെട്ടുകളുടെ ഓരത്തോടു ചേർന്നുകൊണ്ടു്, വിടവു കാണുന്നതുവരെ പോവുകയല്ലാതെ, ഒരു ഗത്യന്തരവുമില്ല."

എണ്ണക്കുരുക്കളും കൊപ്പറയും കേററിയിരുന്ന ആ ചെറിയ കപ്പൽ കാററിൻെറ സഹായമില്ലാത്തപ്പോൾ, മണിക്കൂറിൽ 4 മുതൽ 5 നാഴികവരെ വേഗത്തിൽ ഓടിയിരുന്നു. വളരെക്കാലം മുമ്പുതേച്ച വെളുത്ത ചായത്തിൻെറ പാടുകൾ അതിന്മേൽ അവിടവിടെ കാണപ്പെട്ടു. ഇപ്പോഴതു് ഒരു പഴകിയ, വൃത്തികെട്ട വസ്തുവായിക്കഴിഞ്ഞിരുന്നു. എണ്ണക്കുരുക്കളുടേയും കൊപ്പരയുടേയും ഗന്ധം അതിൽ സർവ്വത്ര വ്യാപിച്ചിരുന്നു.

അവർ പാറക്കെട്ടുകളുടെ ഏതാണ്ടു് നൂറടി അടുത്തെത്തിയിരുന്നു. വിടവു കണ്ടെത്തുന്നതുവരെ അവയുടെ ഓരത്തുകൂടി കപ്പലിനെ നടത്തുവാൻ കപ്പിത്താൻ ഡ്രൈവറോടു കല്പിച്ചു. പക്ഷെ, ഒരു രണ്ടു നാഴിക പോയിക്കഴിഞ്ഞപ്പോൾ, തങ്ങൾ വിടവിൻെറ സ്ഥാനം കടന്നുപോന്നു കഴിഞ്ഞുവെന്നു് അയാൾക്കു് മനസ്സിലായി. വീണ്ടും സാവധാനത്തിൽ കപ്പലിനെ പിന്നോക്കംതന്നെ കൊണ്ടുപോയി. പാറക്കെട്ടുകളെ സൂചിപ്പിക്കുന്ന നുരയുടെ നിര മറിവുകൂടാതെ നെടുനീളത്തിൽ കിടക്കുന്നു.

സൂര്യൻ അസ്തമനത്തോടടുക്കുകയും ചെയ്തു. പ്രവൃത്തിക്കാരുടെ അപ്രാപ്തിയെക്കുറിച്ച് ആവലാതിപ്പെട്ടുകൊണ്ടു് കപ്പിത്താൻ പിറെറ ദിവസം രാവിലെ വരെ ക്ഷമിക്കുവാൻ തീർച്ചയാക്കി.

"നാടുകടലിലിലേക്കു്!" അയാൾ കല്പിച്ചു. "ഇവിടെ നങ്കൂരമിട്ടുകൂടാ."

അവർ തുറന്ന കടലിലേക്കു് നീങ്ങി. ഇരുട്ട് കപ്പലിനേയും കടലിനേയും മൂടി. അവർ നങ്കൂരമിട്ടു.

വെപ്പുകാരൻ മുഷിഞ്ഞുകീറിയ വെള്ളട്രൌസർ ധരിച്ച ഒരു ചീനക്കാരൻ, ഭക്ഷണം തയാറായിരിക്കുന്നുവെന്നു് കപ്പിത്താനെ അറിയിച്ചു. അയാൾ ഭക്ഷണമുറിയിൽ പ്രവേശിച്ചപ്പോഴേക്കും കപ്പലിലെ എഞ്ചിനീയർ മേശക്കടുത്തു സ്ഥലം പിടിച്ചു കഴിഞ്ഞിരുന്നു.

"നരകം! രാത്രി ഈ കടലിൽ കഴിച്ചുകൂട്ടേണ്ടിവരിക!" കപ്പിത്താൻ പറഞ്ഞു.

എഞ്ചിനീയർ ഒന്നും ഉത്തരം പറഞ്ഞില്ല. അവർ മൌനമായി ഭക്ഷണം കഴിച്ചുകൊണ്ടിരുന്നു.

ആ ഭക്ഷണമുറി ഒരു ചെറിയ വിളക്കിനാൽ ദയനീയമായി ശോഭിച്ചിരുന്നു. തീററയുടെ അവസാനത്തിൽ ചീനക്കാരൻ അവക്കു് ഓരോ കോപ്പ ചായ കൊണ്ടുവന്നു കൊടുത്തു കപ്പിത്താൻ ഒരു ചുരുട്ട് കത്തിച്ചു മുകളിലേക്കു പോയി. വിദൂരത്തു്,

ആ ദ്വീപു് ഒരിരുട്ടിൻെറ കട്ടപോലെ കാണപ്പെട്ടു. നക്ഷത്രങ്ങൾ നല്ലപോലെ പ്രകാശിച്ചിരുന്നു. നിബിഡമായ നിശ്ശബ്ദതയെ ഭഞ്ജിച്ചിരുന്നതു്, അകലെ, ദ്വീപിലെ കരയോരത്തിൽ തിരമാലകൾ ചെന്നടിക്കുമ്പോൾ ഉണ്ടായിക്കൊണ്ടിരുന്ന ഇരമ്പൽ മാത്രമായിരുന്നു.

കപ്പിത്താൻ ഡെക്കിലുണ്ടായിരുന്ന ഒരിരിപ്പിടത്തിൽ അലസമായി പുകവലിച്ചുകൊണ്ടിരുന്നു. അല്പം കഴിഞ്ഞപ്പോൾ കപ്പൽപ്പണിക്കാരിൽ നാലഞ്ചുപേർ കേറിവന്നു് അട്ടത്തൊരു ഭാഗത്തിരുന്നു. അവരുടെ കയ്യിൽ ചില നാടൻ സംഗീതോപകരണങ്ങളുമുണ്ടായിരുന്നു. ഒരുത്തൻ പാടാൻ തുടങ്ങി; മററുള്ളവർ താളംപിടിക്കാനും. ആ സംഗീതോപകരണങ്ങളുടെ അകമ്പടിയോടുകൂടിയ നാടൻ സംഗീതം, കപ്പലിലെ അന്തരീക്ഷത്തിൽ മാറെറാലികൊണ്ടു.

അല്പം കഴിഞ്ഞു്, പാട്ടിൻെറ താളത്തിന്നനുസരിച്ചു്, ഒരാണും പെണ്ണുംകൂടി നൃത്തംതുടങ്ങി. അപരിഷ്കൃതരുടെ ഒരു നൃത്തം. കാലടികളും, കൈകളും ദേഹത്തിൻെറ മറെറല്ലാ ഭാഗങ്ങളും, ദ്രുതഗതിയിൽ ഇളക്കിക്കൊണ്ടുള്ള കാടന്മാരുടെ ഒരു നൃത്തം. അതു് ഐന്ദ്രിയവും, വികാരാവേശരഹിതമെങ്കിലും ലൈംഗികംകൂടിയും ആയിരുന്നു. അതു് ഋജുവും, മൃഗീയവും, നിഗ്രഡഭാവങ്ങളുടെ

അഭാവംകൊണ്ടു് സ്വാഭാവികതയുടെ ലളിതമായ ഒരു പ്രദർശനവുമായിരുന്നു.

കുറച്ചുനേരംകൊണ്ടു് അവർ തളർന്നുപോയി. പിന്നീടു് ഡെക്കിൽ മറിഞ്ഞുവീണു് അവർ സുഷുപ്തിയിലാണ്ടു. എങ്ങും നിശ്ശബ്ദത വ്യാപിച്ചു. കപ്പിത്താൻ പ്രയാസപ്പെട്ടു് തൻെറ ഇരിപ്പിടത്തിൽ നിന്നെഴുന്നേററു് കോണിയിറങ്ങി തൻെറ മുറിയിൽ പ്രവേശിച്ചു. ഉടുപ്പുകളിഴിച്ചിട്ടു്, കട്ടിലിൽ കേറി, ആയാസം ഉറങ്ങാൻ തുടങ്ങി. മുറിയിലെ ഉഷ്ണംകൊണ്ടായിരിക്കാം, ഉറക്കത്തിന്നിടയിൽ ആയാസം അസ്വസ്ഥനായി കാണപ്പെട്ടു.

പിറേറന്നു രാവിലെ, ശാന്തമായ സമുദ്രത്തിൻെറ മാറിടത്തിൽക്കൂടി തുഴഞ്ഞുവന്ന പുലരിപ്രഭയിൽ, തലേന്നു വൈകുന്നേരം അവക്കു് കണ്ടെത്താൻ കഴിയാതിരുന്ന വിടവു്, അവർ നങ്കൂരമിട്ടിരുന്നതിൻെറ അല്പം കിഴക്കുഭാഗത്തായി, വ്യക്തമായി കാണാൻ കഴിഞ്ഞു. കപ്പൽ അതിൽക്കൂടി പ്രകൃതിയുടെ ആ തുറമുഖത്തിലേക്കു പ്രവേശിച്ചു. അവിടെ സമുദ്രം എത്രയും ശാന്തമായിരുന്നു. ഒരൊററ നുരപോലും ഉപരിഭാഗത്തു് കാണപ്പെട്ടില്ല. അടിയിൽ വളരെ ആഴത്തിൽ, പവിഴപ്പാറകളുടെ ഇടയിൽ, വർണ്ണവൈചിത്ര്യങ്ങളോടുകൂടിയ മീനുകൾ തത്തിക്കളിക്കുന്നതു് കാണാമായിരുന്നു.

നങ്കൂരമിട്ടശേഷം, കപ്പിത്താൻ പ്രാതൽകഴിച്ചു്, ഡെക്കിലേക്കു് കേറിച്ചെന്നു. മേഘരഹിത

മായ ആകാശത്തിൽ സൂര്യൻ പ്രകാശിച്ചിരുന്നു. എങ്കിലും, പ്രഭാതത്തിലെ തണുപ്പ് അന്തരീക്ഷത്തെ വിട്ടുമാറിക്കഴിഞ്ഞിരുന്നില്ല. അതൊരു ഞായറാഴ്ച യായിരുന്നു. പ്രകൃതിതന്നേയും വിശ്രമമനുഭവിക്കുകയാണെന്നു് തോന്നിക്കുന്നവിധം ആകെ ഒരു ശാന്തിയും നിശ്ശബ്ദതയും അവിടെയെങ്ങും നടമാടി. കപ്പിത്താന്നു് അസാധാരണമായ ഒരാശ്വാസം തോന്നി. ആയാൾ മരങ്ങൾ നിറഞ്ഞ ആ ഭൂവിഭാഗത്തിലേക്കു് അലസമായി നോക്കിക്കൊണ്ടുനിന്നു.

ക്രമത്തിൽ ഒരു ലഘുവായ പുഞ്ചിരി ആയാളുടെ ചുണ്ടുകളെ ചലിപ്പിച്ചു. താൻ വലിച്ചുകൊണ്ടിരുന്ന ചുരുട്ടിന്റെ കുററി ആയാൾ വെള്ളത്തിലേക്കു വലിച്ചെറിഞ്ഞു.

"ഞാൻ കരയ്ക്കിറങ്ങണമെന്നു വിചാരിക്കുന്നു." ആയാൾപറഞ്ഞു. "തോണിയിറക്കട്ടെ!"

* * * *

കപ്പിത്താൻ കോണിയിറങ്ങി തോണിയിൽ കയറി കരയിലേക്കു് തുഴഞ്ഞുപോയി. തെങ്ങിൻ പട്ടകൾ വെള്ളത്തിലേക്കു് അവിടവിടെ ചാഞ്ഞുകിടന്നിരുന്നു. കരക്കുകയറി ആയാൾ തെങ്ങുകൾക്കിടയിൽക്കൂടി നടന്നു കുറച്ചുദൂരം ചെന്നപ്പോൾ, വളഞ്ഞുപോകുന്ന ഒരൊററയടിപ്പാതകണ്ടു. ആ വഴി ആയാളെ ഒരു വീതിയേറിയ ഉടവിന്റെ മുമ്പിലെത്തിച്ചു. ഉരുണ്ട തെങ്ങിൻ തടികളെക്കൊണ്ടു് അതി

ന്നു് ഒരു പാലമിട്ടിരുന്നു. ഉടവിന്റെ വീതികൊണ്ടു്, പത്തു പന്ത്രണ്ടു തടികൾ ഒററയൊററയായി അഗ്രം ചേൎത്തു് നീട്ടിയിട്ട ഒരു പാലമായിരുന്നു അതു്. രണ്ടു തടികളുടെ അഗ്രങ്ങൾ ചേരുന്ന ഭാഗങ്ങളിൽ കവിളിയോടുകൂടിയ കാലുകൾനാട്ടി, അവയിന്മേലാണു് പാലം നിൎത്തിയിരുന്നതു്. ഉരുണ്ടു്, മിനുസമായ, വണ്ണംകുറഞ്ഞ ആ പാലത്തിന്മേൽക്കൂടി നടക്കുന്നതു്, പിടിവള്ളികൂടിയില്ലാതിരുന്നതുകൊണ്ടു്, ഒരു സാധാരണക്കാരനു് തുലോം പ്രയാസമുള്ള കാൎയ്യമായിരുന്നു. ആ പാലം കടക്കുന്നതിന്നു് ഉറച്ചകാലടികളും പതറാത്ത ഹൃദയവും ആവശ്യമായിരുന്നു.

കപ്പിത്താൻ അതിന്റെ അടുക്കലെത്തിയപ്പോൾ അല്പം സംശയിച്ചുനിന്നു. പാലത്തിന്നപ്പുറത്തു്, മരക്കൂട്ടത്തിന്നിടയിൽ, ഒരു വെള്ളക്കാരന്റെ ബങ്കളാവു് ആയാൾ കണ്ടു. ആയാൾ ധൈൎയ്യമവലംബിച്ചു് പാലത്തിന്മേൽ കേറി.

ഓരോ അടിയും ആയാൾ വളരെ കരുതലോടുകൂടി വെച്ചുകൊണ്ടിരുന്നു. രണ്ടു തടികളുടെ അഗ്രം ചേരുന്ന സ്ഥലങ്ങളിൽ, ഉയരം വ്യത്യാസപ്പെട്ടിരുന്നതുകൊണ്ടു്, ആയാൾക്കു് ആ ഭാഗങ്ങൾ കടക്കാൻ കുറേക്കൂടി ശ്രദ്ധിക്കേണ്ടിവന്നു. അവസാനത്തെ തടികൂടി കടന്നു് നിലത്തു ചവിട്ടിയപ്പോൾ ആയാൾക്കു് എന്തെന്നില്ലാത്ത ആശ്വാസം തോന്നി.

പാലത്തിന്മേൽക്കൂടിയുള്ള നടത്തത്തിൽ ആയാളുടെ മനസ്സ് അത്രയും ഏകാഗ്രമായിരുന്നതുകൊണ്ട്, അപ്പുറത്ത് ആരെങ്കിലും തന്നെ സൂക്ഷിച്ചു നോക്കിക്കൊണ്ടുനില്ക്കുന്നുണ്ടെന്ന്, ആയാളറിഞ്ഞില്ല. അതിനാൽ കരക്കിറങ്ങിയ ഉടനെ ഒരാൾ തന്നോടു സംസാരിക്കുന്നതു കേട്ടപ്പോൾ, ആയാൾ പരിഭ്രമിച്ചു.

"ശീലമില്ലാത്തവക്ക് ഇത്തരം പാലങ്ങൾ കടക്കാൻ കഴിയണമെങ്കിൽ നല്ല ധൈര്യം വേണം."

കപ്പിത്താൻ തലയുയർത്തിനോക്കി. തന്റെ മുമ്പിൽ ഒരാൾ നില്ക്കുന്നതുകണ്ടു് താൻ കണ്ട ആ വീട്ടിൽനിന്നുവന്ന ആളായിരിക്കണം അതെന്ന് ആയാൾ ഊഹിച്ചു.

"നിങ്ങൾ സംശയിച്ചുനില്ക്കുന്നതു് ഞാൻ കണ്ടു." ആഗതൻ പറഞ്ഞു. "നിങ്ങൾ വീഴുന്നതു കാണാൻ കാത്തു നില്ക്കുകയായിരുന്നു ഞാൻ."

"അസാദ്ധ്യം." ഉശിരു വീണ്ടുകിട്ടിയ കപ്പിത്താൻ പറഞ്ഞു.

"ഞാൻതന്നെ. വീണിട്ടുണ്ടു്. ഒരു സായന്തനത്തിൽ ശിക്കാറിനുപോയി മടങ്ങിവരുമ്പോൾ, തോക്കം, ഞാനും എല്ലാംകൂടി താഴത്ത്. ഇപ്പോൾ എന്റെ തോക്കെടുക്കാൻ ഞാനൊരു കുട്ടിയേ കൂട്ടലാണു് പതിവു്."

യൌവനം കടന്നുപോയ ഒരാളായിരുന്നു അത്; മെലിഞ്ഞ മുഖവും, അല്പം നരച്ച ചെറിയ ഒരു താടിയുംചേർന്ന ഒരു മദ്ധ്യവയസ്കൻ. അയാൾ കയ്യില്ലാത്ത ഒരു ബനിയനും, മുട്ടുവരെ എത്തുന്ന ട്രൌസറും മാത്രമേ ധരിച്ചിരുന്നുള്ളു. കാലടികൾ നഗ്നമായിരുന്നു. അയാൾ ഇംഗ്ലീഷാണ് സംസാരിച്ചിരുന്നതെങ്കിലും, അത് അയാളുടെ സ്വഭാഷയായിരുന്നില്ലെന്ന് വെളിവായിരുന്നു.

"നിങ്ങൾ നീൽസനാണോ?" കപ്പിത്താൻ ചോദിച്ചു.

"അതേ."

"ഞാൻ നിങ്ങളെപ്പററി കേട്ടിട്ടുണ്ട്. നിങ്ങൾ ഇവിടെ എവിടെയോ ആണ് താമസിക്കുന്നതെന്നു ഞാനൂഹിച്ചു."

കപ്പിത്താൻ തൻെറ ആതിഥേയൻെറകൂടെ അദ്ദേഹത്തിൻെറ വീട്ടിനുള്ളിൽ പ്രവേശിച്ചു; അദ്ദേഹം ചൂണ്ടിക്കാണിച്ചുകൊടുത്ത ഒരു കസേരയിൽ ഇരുന്നു. നീൽസൺ വിസ്കിയും ഗ്ലാസുകളും കൊണ്ടുവരുവാൻവേണ്ടി പുറത്തേക്കു പോയപ്പോൾ കപ്പിത്താൻ ആ മുറിയുടെ ചുററും ഒന്നു കണ്ണോടിച്ചു.

ആ മുറി അയാളെ വല്ലാതെ അത്ഭുതപ്പെടുത്തി. അയാൾ അത്രയധികം പുസ്തകങ്ങൾ ഒന്നിച്ച് ഒരിടത്ത്, അതിന്നു മുമ്പൊരിക്കലും കണ്ടിട്ടില്ല. നാലു ചുമരുകളുടെയും അരുകിലായി, നിലത്തുനിന്നു തട്ടു

വരെ എത്തുന്നവിധം, മുഴുവൻ ഷെൽഫുകളായിരുന്നു. അവയിലെല്ലാം നിറയെ പുസ്തകങ്ങളുമുണ്ടായിരുന്നു. പുറമെ ആ മുറിയിൽ, ഒരു വലിയ പിയാനോവും, പുസ്തകങ്ങളും മാസികകളും ചിന്നിച്ചിതറിക്കിടന്നിരുന്ന ഒരു വലിയ മേശയും ഉണ്ടായിരുന്നു.

ആ മുറി അയാളെ പരിഭ്രമിപ്പിച്ചു. നീൽസൺ ഒരസാധാരണ മനുഷ്യനാണെന്നു് അയാളോർത്തു. ആ ദ്വീപിൽ അയാൾ വന്നിട്ടു് വളരെ കാലമായെങ്കിലും, ആരും അയാളെപ്പററി അധികമൊന്നും അറിഞ്ഞുകൂടായിരുന്നു. കുറച്ചെന്തെങ്കിലും അറിഞ്ഞിരുന്നവരെല്ലാം അയാളൊരസാധാരണ വ്യക്തിയാണെന്ന അഭിപ്രായത്തിനോടു് യോജിക്കുന്നവരുമായിരുന്നു.

"നിങ്ങൾ വളരെയധികം പുസ്തകങ്ങൾ ഇവിടെ സമ്പാദിച്ചിട്ടുണ്ടു്." നീൽസൺ മടങ്ങിവന്നപ്പോൾ അയാൾ പറഞ്ഞു.

"അതുകൊണ്ടു ആപത്തൊന്നുമില്ലല്ലോ" നീൽസൺ ഒരു പുഞ്ചിരിപൊഴിച്ചുകൊണ്ടുപറഞ്ഞു.

"നിങ്ങൾ ഇതെല്ലാം വായിച്ചിട്ടുണ്ടോ?" കപ്പിത്താൻ ചോദിച്ചു.

"ഒട്ടുമുക്കാലും."

"ചുരുങ്ങിയമട്ടിൽ ഞാനും ഒരു വായനക്കാരനാണു്. "ഈവിനിംഗ് പോസ്റ്റ്" വാരികയുടെ ഒരു സ്ഥിരം വരിക്കാരനാണു് ഞാൻ"

നീൽസൺ ഒരു ക്ലാസ് നിറയെ വിസ്കി പകൎന്ന് അയാൾക്കു കൊടുത്തു. ഒരു ചുരുട്ടും. കപ്പിത്താൻ തന്നെസംബന്ധിച്ച ചുരുക്കം വിവരങ്ങൾ പറയാൻതുടങ്ങി.

"ഞങ്ങൾ ഇന്നലെ വൈകുന്നേരം എത്തിയിരിക്കുന്നു. പക്ഷെ, കരക്കാട്ടുക്കലേക്കു കടന്നുപോരാനുള്ള പാറക്കെട്ടുകളിലെ വിടവു കണ്ടെത്താൻ കഴിയാത്തതുകൊണ്ട്, പുറത്ത് നങ്കൂരമിടേണ്ടിവന്നു. ഞാൻ ഇതിന്നുമുമ്പ് ഈ വഴിക്കു വന്നിട്ടില്ല. പക്ഷെ, എൻെറ ആൾക്കാരിൽ ചിലക്ക് കുറെ സാമാനങ്ങൾ ഇവിടെ ഇറക്കണമെന്നുണ്ടായിരുന്നു. ഗ്രേ! നിങ്ങളയാളെ അറിയുമോ?"

"ഉവ്വ് കുറച്ചുപ്പുറത്ത് അയാൾക്കൊരു പീടികയുണ്ട്".

"ശരി, അയാൾക്ക് കുറെ ടിൻ സാമാനങ്ങൾ ആവശ്യമുണ്ടായിരുന്നു. കുറെ കൊപ്പര കയററി അയക്കാനുമുണ്ടത്രെ. ആപ്പിയയിൽ വെറുതെ കഴിച്ചുകൂട്ടുന്നതിന്നു പകരം ഞാനും വന്നാൽ തരക്കേടില്ലെന്ന് അവർ അഭിപ്രായപ്പെട്ടു. ഞങ്ങൾ അധികരോഗവും ആപ്പിയക്കും വാതോരവാതോവിന്നും മദ്ധ്യത്തിലാണു് ഓടാറുള്ളതു്. ഇപ്പോൾ അവിടയൊക്കെ വസൂരി പടൎന്നു പിടിച്ചിരിക്കുന്നു. അതുകൊണ്ടു് അവിടെത്തന്നെ കഴിച്ചുകൂട്ടാൻ ഒരുത്സാഹം തോന്നുന്നില്ല"

അയാൾ വിസ്കി ഒന്നുമോന്തി, ചുരുട്ടെടുത്തു കൊളുത്തി. കപ്പിത്താൻ സ്വതവേ ഒരു പരുക്കൻ മട്ടുകാരനാണു്. അയാളെ വിഷമിപ്പിക്കുന്ന എന്തോ ഒന്നു് നീൽസണിലുണ്ടായിരുന്നു. അതിനെ പുറത്തു പ്രകാശിപ്പിക്കാതിരിക്കാൻ വേണ്ടി അയാൾ സംസാരിച്ചുകൊണ്ടേയിരുന്നു. ആ സ്വീഡൻകാരനാവട്ടെ, തന്റെ കറുത്ത വലിയ കണ്ണുകളെക്കൊണ്ടു് അയാളെ നോക്കിക്കൊണ്ടുമിരുന്നു. ആ കണ്ണുകളിൽ അപ്പോൾ ഒരു മങ്ങിയ ആഹ്ലാദത്തിന്റെ പ്രതിഫലനമുണ്ടായിരുന്നു.

"നിങ്ങൾക്കു് വൃത്തിയുള്ള ഒരു ചെറിയ ബങ്കളാവു് കിട്ടിയിരിക്കുന്നു!"

"എന്നെക്കൊണ്ടാവുംപോലെ ഞാനതിനെ ഭംഗിയിൽ സൂക്ഷിക്കുന്നുണ്ടു്."

"നിങ്ങളുടെ ഈ തെങ്ങുകൾ വളരെ നന്നായിരിക്കുന്നു. ഇപ്പോഴത്തെ കൊപ്പരയുടെ വിലയോ! ഒരു കാലത്തു് എനിക്കും ഒരു ചെറിയ തോട്ടമുണ്ടായിരുന്നു ഉപ്പോലു വിലായിയിരുന്നു അതു്. ഞാനതു് വിററു കളഞ്ഞു."

അയാൾ ആ മുറിയുടെ ചുററിലും ഒന്നു കണ്ണോടിച്ചു. അതിലെ എണ്ണമററ പുസ്തകങ്ങളുടെ ശേഖരം അയാളെ വല്ലാതെ അസ്വസ്ഥനാക്കിയപോലെ കാണപ്പെട്ടു.

"എന്നാലും ഇവിടെ നിങ്ങൾക്ക് വല്ലാത്തൊരേകാന്തത തോന്നുന്നില്ലേ?"

"എനിക്കതു തഴക്കമായിക്കഴിഞ്ഞു. ഇരുപത്തഞ്ചു കൊല്ലമായി ഞാനിവിടെ വന്നിട്ട്."

പിന്നീട് കപ്പിത്താനൊന്നിനെക്കുറിച്ചും സംസാരിക്കാനുത്സുകനായിരുന്നില്ല. അദ്ദേഹം അല്പനേരം മൌനമായി പുക വലിച്ചുകൊണ്ടിരുന്നു. നീൽസന്ന് അയാളുടെ ഈ മൌനത്തെ ഭഞ്ജിക്കുവാൻ ആഗ്രഹമുള്ളതായിക്കണ്ടില്ല. അയാൾ ധ്യാനനിരതങ്ങളായ നയനങ്ങളെക്കൊണ്ട് കപ്പിത്താനെത്തന്നെ നോക്കിക്കൊണ്ടിരുന്നു. അയാളുടെ മുഖം ചുവന്നതും, വലക്കണ്ണികൾപോലെ നീലനിറത്തിലുള്ള ഞരമ്പുകളോടു കൂടിയതും ആയിരുന്നു. രക്തം തെറിക്കുന്നുവെന്ന് തോന്നിക്കുന്ന കണ്ണുകൾ; മേലപ്പോളത്തിന്റെ ചുളികൾക്കുള്ളിൽ പതുങ്ങിയിരിക്കുന്ന കഴുത്ത്; തലയുടെ പിന്നിൽ തൂങ്ങിക്കിടന്നിരുന്ന നരച്ചതും നീണ്ടുചുരുണ്ടതുമായ കുറഞ്ഞ മുടിയില്ലായിരുന്നുവെങ്കിൽ പൂർണ്ണതയിലെത്തുമായിരുന്ന കഷണ്ടി; ഒരു വലിയ ധിഷണാശാലിയാണെന്നു തോന്നിക്കുന്ന വിസ്തൃതവും മിന്നിക്കൊണ്ടിരുന്നതുമായ നെററിത്തടം—കഴുത്തിന്നടുക്കൽ തുറന്നിട്ടതും അങ്ങിനെ മാറിടത്തെ പൊതിഞ്ഞിരുന്ന ഒരു ചുവന്ന പായപോലുള്ള രോമങ്ങളെ പുറത്തു കാണിച്ചിരുന്നതുമായ നീലനിറത്തിലുള്ള ഒരു പ്ലാനൽ ഷർട്ടും,

വളരെ പഴകി ജീർണ്ണിച്ച ഒരു ജോടി നീല സർജ്ജ് ട്രൌസറുകളുമാണയാൾ ധരിച്ചിരുന്നതു്.

അയാൾ ആ കസേലയിൽ കാലുകൾ അകത്തി, തൻെറ വലിയ വയറിനെ പുറത്തേക്കു തള്ളിനിർത്തി, അമർന്നിരുന്നു. അവയവങ്ങളുടെ സങ്കോചവികാസശക്തിയെല്ലാം അയാൾക്കു നഷ്ടപ്പെട്ടിരിക്കുന്നതുപോലെ തോന്നി. അയാൾ അയാളുടെ ചെറുപ്പത്തിൽ എന്തൊരു തരക്കാരനായിരുന്നിരിക്കണമെന്നു് നീൽസൺ അത്ഭുതപ്പെട്ടു. ഇത്ര വമ്പിച്ച താടിയോടുകൂടിയ ഈ മനുഷ്യൻ ഓടിനടന്നിരുന്ന ഒരു കുട്ടിയുടെ ജീവിതം പിന്നിട്ടിട്ടുണ്ടായിരിക്കുമെന്നു് ഭാവിക്കുക വിഷമമായിരുന്നു.

കപ്പിത്താൻ തൻെറ ക്ലാസു മുഴുവനും ഒഴിച്ചു. നീൽസൺ കുപ്പി അങ്ങോട്ടു നീക്കിക്കൊടുത്തു. അയാൾ മുന്നോട്ടാഞ്ഞു് അതിനെ കയ്യിലാക്കി.

"ഈ പ്രദേശത്തു് നിങ്ങളെങ്ങിനെയാണു് വന്നുകൂടിയതു്?" അയാൾ ചോദിച്ചു.

"ഓ, ഞാനിവിടേക്കു വന്നതു് ആരോഗ്യത്തിനുവേണ്ടിയായിതന്നെ. ഒരു കൊല്ലത്തിലധികം ഞാൻ ജീവിക്കുകയില്ലെന്നായിരുന്നു അവരുടെ അഭിപ്രായം. പക്ഷെ അവൎക്കു് തെററിപ്പോയി."

"നിങ്ങളിവിടെ സ്ഥിരതാമസമാക്കിയതെങ്ങിനെയെന്നാണു് ഞാൻ ചോദിക്കുന്നതു്"

"ഞാനൊരു വികാരജീവിയാണു്"

"ഓം"!

താൻ ഉദ്ദേശിക്കുന്നതെന്താണെന്നതിനെക്കുറിച്ച് ആയാൾക്കൊന്നും ഊഹിക്കാൻ കഴിഞ്ഞിട്ടില്ലെന്ന് നീൽസണ് മനസ്സിലായി. തന്റെ കറുത്ത ദൃഷ്ടികളെ അർത്ഥഗർഭമായി ചലിപ്പിച്ചുകൊണ്ട് അയാൾ കല്പിതാനെ നോക്കി. അയാൾ അത്രയും മന്ദനും ചിന്താശക്തി കുറഞ്ഞവനുമാണെന്ന ബോധം കൊണ്ടായിരിക്കാം, നീൽസൺ കൂടുതൽ സംസാരിക്കാൻ ഉദ്യുക്തനായി.

"നിങ്ങൾ പാലംകടക്കുന്നതിൽ അത്രമാത്രം ശ്രദ്ധനായിരുന്നതുകൊണ്ട് കണ്ടിരിക്കില്ല: ഈ പ്രദേശം വളരെ സുന്ദരമാണെന്നാണ് കണക്കാക്കപ്പെട്ടുവരുന്നതു്."

"നിങ്ങളുടെ ഈ ചെറിയ വീട് വളരെ ഭംഗിയായിരിക്കുന്നു"

"ഹാ! ഞാനിവിടെ ആദ്യംവന്നപ്പോൾ ഇതുണ്ടായിരുന്നില്ല. തേനീച്ചക്കൂട്ടുപോലുള്ള മേൽപ്പുരയോടും, കുറെ തൂണുകളോടുംകൂടിയ ഒരു നാടൻകുടിലാണ് ഇവിടെ ഉണ്ടായിരുന്നതു്. ചുകന്ന പുഷ്പങ്ങളോടുകൂടിയ ഒരു വലിയ മരം ഇതിന്റെ മേലെ പൊങ്ങിനിന്നിരുന്നു. മഞ്ഞയും, ചുവപ്പും, പച്ചയുമായ ഇലകളോടുകൂടിയ കുറെ വളത്തുചെടികൾ വരിയായി ഒരു വേലിയെപ്പോലെ അതിന്റെ ചുറ്റും വെച്ചുപിടിപ്പിച്ചിരുന്നു. ചുറ്റുപാടും സ്ത്രീക

ളേപ്പോലെ ആഡംബരവും ചാഞ്ചല്യവുമററ തെ ങ്ങുകളുടെ നിബിഡതയും. അവ കരയിൽനിന്നു് വെള്ളത്തിലെ തങ്ങളുടെ പ്രതിബിംബങ്ങളെ നോക്കിക്കൊണ്ടുനില്ക്കും.

“ഞാനന്നു് ഒരു ചെറുപ്പക്കാരനായിരുന്നു.—ഈ നേരാ, ഒരു കാൽനൂററാണ്ടു് മുമ്പാണല്ലൊ്. ഇരുട്ടിൽ അപ്രത്യക്ഷനാവുന്നതിനുമുമ്പായി, എനിക്കനുവദിക്കപ്പെട്ടിട്ടുള്ള ചുരുങ്ങിയ കാലംകൊണ്ടു്, പ്രപഞ്ചത്തിലെ ആകർഷകങ്ങളായ എല്ലാം സ്ഥിതിവിശേഷങ്ങളേയും എനിക്കനുഭവിക്കേണമെന്നു് ഞാനാഗ്രഹിച്ചു. ഞാൻ കണ്ടവയിൽവെച്ചു് ഏററവും സുന്ദരമായ സ്ഥലം ഇതാണെന്നു എനിക്കു തോന്നി. ഈ പ്രദേശം കണ്ട ആദ്യത്തെ സന്ദർഭത്തിൽ എന്റെ ഹൃദയത്തിൽ ഒരു കിടിലം ഉണ്ടായി, ഞാൻ കരഞ്ഞേക്കുമെന്നുകൂടി ഭയപ്പെട്ടു. എനിക്കന്നു് ഇരുപത്തഞ്ചു വയസ്സിലധികം പ്രായമായിരുന്നില്ല. ഞാനെത്രതന്നെ അനുവാദപരമായി അതിനെ വീക്ഷിച്ചിട്ടും, മരിക്കാൻ എനിക്കന്നു് സമ്മതമുണ്ടായിരുന്നില്ല. എങ്ങിനെയോ ഈ പ്രദേശത്തിന്റെ സൌന്ദര്യം എന്റെ വിധിയെ അപ്പടി സ്വീകരിക്കുന്നതു എനിക്കെളുപ്പമാക്കിത്തീർത്തു. ഞാനിവിടെ വന്നപ്പോൾ, എന്റെ പഴയ ജീവിതം അങ്ങിനെതന്നെ—സ്റ്റോക്ക്ഹോമും, അതിന്റെ സർവ്വകലാശാലയും, ബോണും എല്ലാം—വീണ്ടുപോയിരിക്കുന്നുവെന്നു് എ

നിക്ക് തോന്നി നമ്മുടെ തത്വജ്ഞാനികൾ-ഞാനും അവരിലൊരാളാണെന്ന് വിചാരിക്കുന്നു-വളരെയധികം വ്യവഹരിച്ചിട്ടുള്ളതുപോലെ, അതെല്ലാം മറ്റാരുടേയോ ജീവിതമായിരുന്നുവെന്നും, അപ്പോൾ മാത്രമാണ് യഥാർത്ഥമായ എന്റെ ജീവിതം ആരംഭിക്കുന്നതെന്നും എനിക്കു തോന്നി. "ഒരു കൊല്ലം" ഞാൻ തന്നെത്താൻ പറഞ്ഞു. "എനിക്കൊരു കൊല്ലമുണ്ട്. അതിനെ ഞാൻ ഇവിടെ ചിലവഴിക്കും. അതിന്നുശേഷം തികച്ചും തൃപ്തിയോടുകൂടി മരിക്കാം."

"ഇരുപത്തഞ്ചാമത്തെ വയസ്സിൽ നാമെല്ലാം വിഡ്ഢികളും, വികാരഭരിതരും, സാഹസികരുമാണ്. അങ്ങിനെ അല്ലായിരുന്നുവെങ്കിൽ അമ്പതാമത്തെ വയസ്സിൽ നാമിത്രതന്നെ വിവേകികളാകുമായിരുന്നില്ല

"കുടിക്കു, സ്നേഹിതാ. ഞാനീസംസാരിക്കുന്ന അസംബന്ധങ്ങൾ നിങ്ങൾക്കു വിഘ്നമുണ്ടാക്കിക്കൂടാ"

ആയാൾ കുപ്പി ചൂണ്ടിക്കാണിച്ച് വീണ്ടും എടുത്തുകൊള്ളുവാൻ ആംഗ്യംകാണിച്ചു. കുപ്പിത്താൻ ഗ്ലാസിൽ ബാക്കിയുണ്ടായിരുന്നതുകൂടി അകത്താക്കി.

"നിങ്ങൾ തീരെ കുടിക്കുന്നില്ലല്ലോ." ആയാൾ കുപ്പിയുടെ അടുക്കലേക്ക് കൈനീട്ടിക്കൊണ്ട് പറഞ്ഞു.

"ഞാനൊരു മിതവാദിയാണ്." സ്വീഡ് മന്ദസ്മിതംചെയ്തു. "ഞാൻ വളരെ മിതമായ നിലയിലെ ലഹരിപദാർത്ഥങ്ങൾ ഉപയോഗിക്കാറുള്ളു."

"സ്റ്റോറുകളിൽ ഇപ്പോൾ ധാരാളം കൊക്കെയ്ൻ എടുക്കുന്നുണ്ടെന്ന് പറഞ്ഞു കേൾക്കുന്നു." കപ്പിത്താൻ പറഞ്ഞു.

നീൽസൺ തലയാട്ടി. "ഒരു വെള്ളക്കാരനെ ഞാൻ ദുർല്ലഭമായെ ഇവിടെ കണ്ടെത്താറുള്ളു." ആയാൾ തുടന്നു. "എപ്പോഴെങ്കിലും ഒരു തുള്ളി വിസ്കി അകത്താക്കുന്നതുകൊണ്ടു് വലിയ ആപത്തുണ്ടെന്ന് ഞാൻ വിചാരിക്കുന്നില്ല."

ആയാൾ കുറച്ചു വിസ്കി ഗ്ലാസിൽ ഒഴിച്ചു് അല്പം സോഡയും ചേർത്തു് ഒന്നു മോന്തി.

"ഈ സ്ഥലത്തിന്നു് ഇത്രയധികം മനോഹാരിതയുണ്ടായതു് എന്തുകൊണ്ടാണെന്നു് എനിക്കു് വേഗത്തിൽ മനസ്സിലായി. ഒരു കപ്പലിൽ ചിലപ്പോൾ സഞ്ചാരിയായ ഒരു പക്ഷിവന്നുകൂടി കുറച്ചു നേരത്തേക്കു് അതിന്റെ ക്ഷീണിച്ച ചിറകുകൾ അടക്കി വിശ്രമിക്കാറുള്ളപോലെ, ഇവിടെ കുറച്ചു കാലം പ്രേമം ചുററിപ്പററിക്കൂടിയിട്ടുണ്ടു്. എന്റെ നാട്ടിലെ മൈതാനങ്ങളിൽ മെയ്മാസത്തിൽ ഹാതോൺപുഷ്പത്തിന്റെ സൌരഭ്യം പാറിക്കളിക്കാറുള്ളപോലെ, സുന്ദരങ്ങളായ വികാരാവേശങ്ങളുടെ സുഗന്ധം ഈ പ്രദേശത്തിൽ വ്യാപിച്ചി

ട്ടുണ്ട്. മനുഷ്യർ പ്രേമിക്കുകയും, യാതനകളനുഭവി ക്കുകയും ചെയ്തിട്ടുള്ള സ്ഥലങ്ങൾ, പൂർണ്ണമായും നശി ക്കാത്ത എന്തോ ഒന്നിൻെറ മങ്ങിയ സൌരഭ്യത്തെ സൂക്ഷിച്ചുവെക്കാറുണ്ടെന്ന് എനിക്ക് തോന്നുന്നു. അവയ്ക്കു ദൈവികമായ ഒരു ശക്തിവിശേഷമുള്ള പോലെയും, ആ സ്ഥലങ്ങളിൽക്കൂടി പിന്നീട് കടന്നു പോകുന്നവരെ അതു് അജ്ഞാതമായവിധം ബാധി ക്കുന്നപോലെയും തോന്നുന്നു. എനിക്കിതു് കുറെക്കൂ ടി വ്യക്തമാക്കാൻ കഴിഞ്ഞിരുന്നെങ്കിൽ—, എന്ന് ഞാനാശിക്കുന്നു." ആയാൾ നേരിയ ഒരു പുഞ്ചിരി പൊഴിച്ചു. "എനിക്കതിന്നു് കഴിഞ്ഞിരുന്നുവെ ങ്കിലും, നിങ്ങൾക്കതു് മനസ്സിലാക്കാൻ സാധിക്കു മായിരുന്നുവെന്ന് എനിക്കുറപ്പില്ല."

ആയാൾ ഒരു നെടുവീർപ്പിട്ടു.

"ഇവിടെവെച്ചു് ഞാൻ സുന്ദരമായി പ്രേമി ച്ചതുകൊണ്ടു്, എനിക്കീ സ്ഥലം സുന്ദരമായി ത്തീൎന്നുവെന്ന് ഞാൻ വിചാരിക്കുന്നു." ചുമലുകൾ കുലുക്കിക്കൊണ്ടു് ആയാൾ തുടൎന്നു. "ഒരുപക്ഷെ, എൻെറ സൌന്ദര്യബോധത്തിനേ, യുവത്വപ്രേ മവും അതിന്നു കിട്ടിയ രംഗവും തമ്മിലുള്ള ആന ന്ദസമ്മേളനം, അങ്ങിനെ രൂപപ്പെടുത്തിയതായി രിക്കാം."

നീൽസൻെറ ഈ പ്രസംഗം കേട്ടു് കപ്പിത്താ നേക്കാൾ ബുദ്ധിയുള്ള ഒരാൾക്കൂടി അത്ഭുതപരത

ന്ത്രനായെങ്കിൽ, ആയാളെ കുററപ്പെടുത്തിക്കൂടാ. താൻ പറഞ്ഞതിനെക്കുറിച്ചു് ആയാൾക്കുതന്നെ മങ്ങിയ ഒരു ചിരി ഉള്ളതായിത്തോന്നി. ആയാളുടെ വിവേചനാശക്തിക്കു് അസംബന്ധമെന്നുതോന്നിയ ആ വാക്കുകൾ, ആയാളുടെ ആവേശത്തിൽ നിന്നുമാത്രം ജന്മമെടുത്തവയാണു്. താനൊരു വികാരജീവിയാണെന്നു് ആയാൾ തന്നെ സമ്മതിച്ചിരുന്നു. വികാരജീവിതം വൈരാഗ്യത്തിനോടു കൂട്ടുപിടിക്കുമ്പോൾ, കാര്യം അവതാളത്തിലാവുന്നു. ആയാൾ കുറെ നേരം മൌനമായിരുന്നു. പെട്ടെന്നുണ്ടായ ഒരു ഇതികർത്തവ്യതാമൂഢതയോടുകൂടി ആയാൾ കപ്പിത്താൻെറ മുഖത്തേക്കുതന്നെ സൂക്ഷിച്ചുനോക്കി.

"നിങ്ങളേ മുമ്പെവിടേയോവെച്ചു് എന്നോ കണ്ടിട്ടുണ്ടെന്ന ഒരു ബോധം എന്നിൽ നിന്നു വിട്ടുപോകുന്നില്ല." ആയാൾ പറഞ്ഞു.

"ഞാൻ നിങ്ങളേ ഓർമ്മിക്കുന്നുണ്ടെന്നു പറവാൻ ഒരു വഴിയും കാണുന്നില്ല." കപ്പിത്താൻ മറുപടി പറഞ്ഞു.

"നിങ്ങളുടെ മുഖം എനിക്കു് പരിചിതമാണെന്ന അസാധാരണമായ ഒരു തോന്നൽ! കുറെ നേരമായി ഇതെന്നെ വിഷമിപ്പിക്കുന്നു. പക്ഷേ, എൻെറ ഓർമ്മയെ ഏതെങ്കിലുമൊരു സ്ഥലത്തോടോ, സമയത്തോടോ ബന്ധിപ്പിക്കുവാൻ എനിക്കു് കഴിയുന്നില്ല."

കപ്പിത്താൻ തൻെറ മാംസളങ്ങളായ ചുമലുകാം ഇളക്കി.

"മുപ്പതു കൊല്ലം മുമ്പാണ് ഞാനീമേചിപ്പുകളിൽ വന്നിട്ടുള്ളതു്. ഇത്ര നീണ്ട ഒരു കാലത്തിന്നു മുമ്പു് കണ്ട ആളുകളെ സ്മരണയിൽ വെച്ചുകൊണ്ടിരിക്കാൻ ഒരാാംക്കെങ്ങിനെ സാധിക്കും?"

സചീഡ് തലകുലുക്കി.

"നാമൊരിക്കലും സന്ദർശിച്ചിട്ടില്ലാത്ത ഒരു സ്ഥലത്തു ചെല്ലുമ്പോാം, ചിലപ്പോാം ആ പ്രദേശം നമുക്ക് തികച്ചും പരിചിതമാണെന്ന ഒരു തോന്നൽ ഉണ്ടാവാറുണ്ടു്. അതുപോലെതന്നെയാണ് നിങ്ങളേക്കറിച്ചും എനിക്ക തോന്നുന്നതു്. അയാാം അത്ഥഗഭമായി ഒരു പുഞ്ചിരി പൊഴിച്ചു. "ഒരു പക്ഷേ, പുരാതന റോമയിൽ നിങ്ങളൊരു ചെറു കപ്പലിൻെറ ഉടമസ്ഥനും, ഞാനൊരു തുഴക്കാരനുമായിരുന്നിരിക്കാം. നിങ്ങളീ പ്രദേശം കണ്ടിട്ടു് മുപ്പതുകൊല്ലം കഴിഞ്ഞുവെന്നോ?"

"തികച്ചും മുപ്പതു കൊല്ലം."

"നിങ്ങാം റെസ്സ് എന്നു പേരായ ഒരാളെ അറിയുമായിരിക്കമോ എന്ന് ഞാനത്ഭുതപ്പെടുന്നു".

"റെസ്സ്"

"ഞാനയാളെ അറിയുന്നതു് ആ ഒരു പേരിൽ മാത്രമാണു്. നേരിട്ടു് എനിക്കയാളെ പരിചയമില്ല. എന്നാലും എനിക്കയാളെ മറെറല്ലാരെക്കാം

ളുമധികം—ഞാൻ വളരെക്കാലം ഒന്നിച്ചു ജീവിച്ചു എൻെറ സഹോദരന്മാരെക്കാളുമധികം—വ്യക്തമായി കാണാൻ കഴിയുന്നതുപോലെ തോന്നുന്നു. പോളോമെലാ ടെസ്സയെപ്പോലെയോ, റോമിയയെപ്പോലെയോ, അത്രയും വ്യക്തമായി അയാളെൻെറ ഭാവനയിൽ ജീവിക്കുന്നു. പക്ഷെ, ഞാനുറപ്പുപറയുന്നു, നിങ്ങൾ ഡൺൻടിയുടേയും ഷേക്സ്പിയറുടേയും കൃതികൾ വായിച്ചിട്ടില്ലെന്നു്".

"വായിച്ചിട്ടുണ്ടെന്നു പറയാൻ നിവൃത്തിയില്ല". കപ്പിത്താൻ പറഞ്ഞു:

നീൽസൺ ഒരു ചുരുട്ടെടുത്തു കത്തിച്ചു്, കസേലയിൽ ചാരിക്കിടന്നു്, വൃത്താകൃതിയിൽ പൊന്തിപ്പോയിരുന്ന ധൂമപടലത്തെ വീക്ഷിച്ചുകൊണ്ടിരുന്നു. അയാളുടെ അധരങ്ങളിൽ ഒരു പുഞ്ചിരി തത്തിക്കളിച്ചിരുന്നുവെങ്കിലും, കണ്ണുകളിൽ ഗൌരവം പ്രകാശിച്ചിരുന്നു.

പിന്നീടയാൾ കപ്പിത്താനെ നോക്കി. അയാളുടെ തടിച്ച ദേഹത്തിൽ മററുള്ളവരെ അസാധാരണമായവിധം വെറുപ്പിക്കത്തക്ക എന്തോ ഒന്നുണ്ടെന്നു് നീൽസന്നു് തോന്നി. തൻെറ ആ വലിയ ശരീരത്തിൽ ആയാൾക്കു് ഒരസംതൃപ്തിയുള്ള പോലെ കാണപ്പെട്ടു. നീൽസൻെറ നാഡികളേ അയാളുടെ ഈ ഭാവം ക്ഷോഭിപ്പിച്ചുകളഞ്ഞു. എന്നാൽ തൻെറ ഭാവനയിലുള്ള മനുഷ്യനും, മുമ്പി

ഷിരിക്കുന്ന ആ മനുഷ്യനും തമ്മിലുള്ള വ്യത്യാസം അയാളെ രസിപ്പിച്ചു.

"ഞാനിന്നോളം കണ്ടിട്ടുള്ളതിൽവെച്ച് ഏററവും ആകർഷകത്വമുള്ള ഒരാളായിരുന്നു റെഡ്ഡ് എന്നൂഹിക്കേണ്ടിയിരിക്കുന്നു. അക്കാലങ്ങളിൽ അയാളെ അറിഞ്ഞിരുന്ന വളരെയധികം ആളുകളോട് — വെള്ളക്കാരോട് — ഞാൻ സംസാരിച്ചിട്ടുണ്ട്. അയാളെ ഒന്നാമത്തെയായി കണ്ടപ്പോൾ, അയാളുടെ സൌന്ദര്യം തങ്ങളെ സ്തംഭിപ്പിച്ചു പോകുമെന്നു, അവരെല്ലാം ഒരുപോലെ അഭിപ്രായപ്പെട്ടിരുന്നു. അയാളുടെ ചുകപ്പൻ തലമുടിയെ ഉദ്ദേശിച്ചായിരുന്നു, അവരയാളെ "റെഡ്ഡ്" എന്നു വിളിച്ചിരുന്നതു്. സ്വതവേ ചുരുണ്ടിരുന്ന ആ മുടി അയാൾ ഭംഗിയിൽ നീട്ടിയിരുന്നു. ആ മുടിയെക്കുറിച്ചു ആയാൾ അത്രയ്ക്കഭിമാനം കൊണ്ടിരുന്നുവെന്നൊന്നും ഞാൻ വിചാരിക്കുന്നില്ല. കാരണം അയാളുടെ മനഃസ്ഥിതി കുറെക്കൂടി ഉയർന്ന നിലയിലുള്ളതായിരിക്കണം. എങ്കിലും, അയാളതിനെക്കുറിച്ച് അഭിമാനിച്ചിരുന്നുവെങ്കിൽ, അയാളെ ഒട്ടുംതന്നെ കുററപ്പെടുത്താനുമില്ല.

"ആയാൾ നീണ്ട് ആറടിയിലധികം ഉയരമുള്ള ഒരാളായിരുന്നു. ഇവിടെ ഉണ്ടായിരുന്ന നാടൻകുടിലിന്റെ നടുത്തൂണിൽ അയാളുടെ ഉയരം കത്തികൊണ്ടു അടയാളപ്പെടുത്തിവെച്ചിരുന്നു. ഗ്രീ

ക്കുദേവന്മാരുടേതുപോലെ, അയാളുടെ ഷുമല്യകൾ വിസ്തൃതങ്ങളും, മദ്ധ്യം കുടുങ്ങിയതുമായിരുന്നു. അപ്പോളോവിനെപ്പോലെ, വിഷമിപ്പിക്കുന്നതും നിഗ്രൂഢഭാവവുമായ ഒരു സൌഭാഗ്യത്തോടുകൂടിയ യുവാവ്! ആയാളുടെ ചർമ്മം ഒരു സ്ത്രീയുടേതുപോലെ മൃദുലവും, വെൽവെററിനോടു ഉപമിക്കത്തക്കതുമായിരുന്നു."

"ഒരു കുട്ടിയായിരുന്നപ്പോൾ ഞാനും വെളുത്തിരുന്നു." തന്റെ ചോരക്കണ്ണുകൾ ഇമയാടിക്കൊണ്ടു കപ്പിത്താൻ പറഞ്ഞു.

എന്നാൽ നീൽസൺ അയാൾ പറയുന്നതിലേക്ക് ശ്രദ്ധകൊടുത്തില്ല. അയാൾ ആ കഥ പറയുകയാണ്; ഇടക്കു കടന്നുപറയുന്ന സ്വഭാവം അയാൾക്ക് തീരെ ഇഷ്ടമല്ല.

"അയാളുടെ മുഖവും ശരീരത്തിനെപ്പോലെ തന്നെ സുന്ദരമായിരുന്നു. കറുത്ത വലിയ കണ്ണുകൾ ചുവന്ന തലമുടിയുള്ളവരെപ്പോലെയല്ലാതെ, കറുത്ത ചില്ലിക്കൊടികൾ; അവയ്ക്കനുരൂപങ്ങളായ മററവയവങ്ങൾ; ചുണ്ടത്ത് ഒരു മുറിപോലെ തോന്നിച്ചിരുന്ന വായ; ആകപ്പാടെ ഒരു മദനകോമളൻ! ഇരുപതു വയസ്സേ അന്നയാൾക്കു പ്രായമായിരുന്നുള്ളൂ.

ഇത്രയുംപറഞ്ഞു് നീൽസൺ ഒരു നെടുവീർപ്പിട്ടു. അല്പംകഴിഞ്ഞു് വിസ്കി ഒന്നുകൂടി മോന്തി, തുടന്നു:

"അയാളൊരു പ്രത്യേകതരക്കാരനായിരുന്നു; അയാളേക്കാൾ സുന്ദരനായ ഒരാൾ ഉണ്ടായിട്ടേ ഇല്ല ഒരു സുന്ദരസ്വപ്നത്തിന്നു് ഒരു കാട്ടുചെടിയിൽ വിടരുവാനുള്ളതിൽകവിഞ്ഞ് ഈ പരിതസ്ഥിതിയിൽ വന്നുചേരാൻ അയാൾക്കൊരു കാരണവുമുണ്ടായിരുന്നില്ല. പ്രകൃതിയിലെ ഒരു യാദൃച്ഛികസംഭവമായിരുന്നു അയാൾ.

"ഒരു ദിവസം, നിങ്ങളിപ്പോൾ കരക്കെത്ത അതേ സ്ഥലത്തുതന്നെ അയാളും വന്നണഞ്ഞു. ആല്പിയയിൽനിന്നു് തൻെറ കപ്പൽവിട്ടു് ഓടിപ്പോന്ന ഒരമേരിക്കൻ നാവികനായിരുന്നു അയാൾ. ആല്പിയയിൽനിന്നു് സൈഫോട്ടോവിലേക്കു് പുറപ്പെട്ടിരുന്ന ഒരു യാനപാത്രത്തിൽ തന്നെയും കൂട്ടിക്കൊണ്ടുപോരാൻ അതിൻെറ ഉടമസ്ഥനായിരുന്ന സ്വദേശിയെ പ്രേരിപ്പിക്കാൻ അയാൾക്കു കഴിഞ്ഞതിൻെറ ഫലമായി, ഒരു ചെറിയ തോണിയിൽ അയാൾ ഇവിടെ ഇറക്കിവിടപ്പെട്ടു.

"എന്തുകൊണ്ടാണ് അയാൾ ഓടിപ്പോന്നതെന്നു് എനിക്കറിഞ്ഞുകൂടാ. ഒരു പക്ഷേ അസ്വാതന്ത്രമായ കപ്പൽജീവിതത്തിൽ അയാൾക്കു മടുപ്പു തോന്നിയതുകൊണ്ടായിരിക്കാം; അല്ലെങ്കിൽ മററു വല്ല വിഷമതകളുമുണ്ടായിരിക്കാം; അതുമല്ലെങ്കിൽ ഈ തെക്കൻ കടലുകളും സുന്ദരദ്വീപങ്ങളും അയാളെ ആകർഷിച്ചിരുന്നിരിക്കാം. വളരെ ഇടവിട്ടും

ണെങ്കിലും, ചിലപ്പോഴൊക്കെ അങ്ങിനെ ഓരോരുത്തർ ആകൎഷിക്കപ്പെടാറുണ്ടു്. എട്ടുകാലിയുടെ വലയിൽപെട്ട ഈച്ചയെപ്പോലെ, അവരതിനോടു് ചേർപെട്ടതാൻ വയ്യാത്തവിധം കെട്ടിപ്പിണഞ്ഞു പോകാറുമുണ്ടു്. ഡെമിലിയ നാസൎത്തുകാരനിൽ നിന്നെന്നപോലെ, മന്ദമാരുതൻ തത്തിക്കളിക്കുന്ന ഈ പച്ചക്കുന്നുകളും, ഈ നീലക്കടലും അയാളിൽനിന്നു വടക്കൻ ശക്തിയെ ദുർബ്ബലപ്പെടുത്തിക്കളയാൻമാത്രം അയാളിലെ മനുഷ്യത്വഘടകങ്ങൾ അത്രയും മൃദുലങ്ങളായിരുന്നിരിക്കാം. ഏതായാലും അയാൾക്കു് ഒളിഞ്ഞിരിക്കേണ്ട ആവശ്യമുണ്ടായിരുന്നു. തൻെറ കപ്പൽ സാമോവയിൽനിന്നു് വിട്ടുപോകുന്നതുവരെ ഈ ചെറുദ്വീപിൽ തനിക്കു് രക്ഷനേടാമെന്നു് അയാൾ വിചാരിച്ചു.

“ആയാൾ കരക്കിറങ്ങിയ സ്ഥലത്തിന്നടുത്തു് സാമോവിയരുടെ ഒരു ചെറുകുടിലുണ്ടായിരുന്നു. എവിടേക്കാണു് പോകേണ്ടതെന്നറിയാതെ അവിടെയങ്ങിനെ അന്തംവിട്ടു് നില്ക്കുമ്പോൾ, ആ കുടിലിൽനിന്നു് ഒരു പെൺകുട്ടി ഇറങ്ങിവന്നു് ആയാളെ അതിന്നുള്ളിലേക്കു ക്ഷണിച്ചു. ആയാൾക്കു് നാട്ടുഭാഷയിലെ രണ്ടു പദങ്ങൾ മാത്രമേ കഷ്ടിച്ചറിഞ്ഞിരുന്നുള്ളു; അവൾക്കു് ഇംഗ്ലീഷും അങ്ങിനെതന്നെ. എന്നാൽ അവളുടെ പുഞ്ചിരിയുടേയും ഭാവങ്ങളുടേയും അർത്ഥം ആയാൾക്കു് നല്ലപോലെ മന

സ്സിലായി. ആയാൾ അവളെ പിന്തുടന്നു. കുടിലിന്നുള്ളിൽ ഒരു പായിൽ അതിഥി ഇരുന്നു. അവൾ കൈതച്ചക്കയുടെ കഷണങ്ങൾകൊണ്ടു് അതിഥിസൽക്കാരംചെയ്തു.

“റെസ്റ്റിനേപ്പററി കേട്ടുകേൾവിയിൽനിന്നാണു് ഞാനിതെല്ലാം പറയുന്നതു്. എന്നാൽ ഈ സംഭവത്തിന്നുശേഷം മൂന്നുകൊല്ലങ്ങൾ കഴിഞ്ഞതിപ്പുറം ഞാനവളെക്കണ്ടു. അന്നവൾക്കു് പത്തൊമ്പതു വയസ്സിലധികം പ്രായമില്ല. എന്തൊരു സൌന്ദര്യധാമമായിരുന്നു അവളെന്നു് നിങ്ങൾക്കു് ഭാവിക്കാൻകൂടി കഴികയില്ല. അവൾക്കു് ചെമ്പരുത്തിപ്പൂവിന്റെ വർണ്ണസൌഭാഗ്യവും, വികാരോജ്ജ്വലതയുമുണ്ടായിരുന്നു. മെലിഞ്ഞു്, നീണ്ടു്, തന്റെ വർഗ്ഗത്തിന്നു് സഹജമായ അംഗലാഘവത്തോടുകൂടി, സാലവൃക്ഷങ്ങളുടെ നിഴലിൽ തിളങ്ങുന്ന ശാന്തവും അഗാധവുമായ ജലാശയങ്ങളെപ്പോലെയുള്ള ദൃഷ്ടികൾ ചേന്നു്, പുറത്തു് അഴിഞ്ഞുവീണു കിടന്നിരുന്ന കറുത്തു ചുരുണ്ട കുന്തളഭാരത്താൽ മനോഹരിയായി വിലസിയിരുന്ന ആ കമനീയവിഗ്രഹ, സുരഭിലപുഷ്പങ്ങളെക്കൊണ്ടുണ്ടാക്കിയ ഒരു മാല തന്റെ കബരീഭാരത്തിൽ തിരുകിവെക്കാറുണ്ടായിരുന്നു. മെലിഞ്ഞു്, നീണ്ടു്, ശരീരപ്രകൃതിക്കു് അത്രയും അനുയോജ്യമായിരുന്ന അവളുടെ സുന്ദരങ്ങളായ കൈകളുടെ സൌഭാഗ്യം നിങ്ങളുടെ ഹൃദയതന്ത്രികളെ ഞെട്ടിക്കുവാൻപോന്നവയായിരുന്നു.

"ആ കാലങ്ങളിൽ അവൾ മധുരമായി ചിരിക്കാറുണ്ടായിരുന്നു—നിങ്ങളുടെ കാൽമൊട്ടുകളെ വിറപ്പിക്കാൻമാത്രം അത്രയും ആഭോസവാഹിയായ ചിരി. മകരമാസത്തിൽ, വിളഞ്ഞുനില്ക്കുന്ന നെല്ക്കതിരുകളാൽ മൂടപ്പെട്ട ഒരു വയൽ, കുറച്ചകലെനിന്നു നോക്കുന്ന ഒരാൾക്ക് എങ്ങിനെ കാണപ്പെടുമോ, ആ വർണ്ണഭംഗിയാണ് അവളുടെ ശരീരത്തിന്നുണ്ടായിരുന്നതു്. ഈശ്വരാ! ഞാനെങ്ങിനെയാണവളെ വർണ്ണിക്കേണ്ടതു്? അവളെ ഒരു യാഥാർത്ഥ്യമാവാതിരിക്കാൻ മാത്രം, അത്രയും സുന്ദരിയായിരുന്നു!

"ഈ യുവാക്കൾ അയാൾക്കിരുപതും അവൾക്ക് പതിനാറും വയസ്സു പ്രായമായിരുന്നു—പ്രഥമവീക്ഷണത്തിൽ തന്നെ പ്രേമബദ്ധരായി. അതാണ് യഥാർത്ഥ പ്രേമം. അനുകമ്പയിൽനിന്നോ, സമാനതാല്പര്യങ്ങളിൽനിന്നോ, പ്രേമപാഠങ്ങൾ ഉരുവിട്ടു പഠിച്ചതിൽനിന്നോ ജന്മമെടുത്തതായിരുന്നില്ല അതു്. പരിശുദ്ധവും എളിയതുമായ പ്രേമം! താൻ ഉണർന്നു നോക്കിയപ്പോൾ, ആനന്ദബാഷ്പങ്ങൾ പൊടിഞ്ഞു നിന്നിരുന്ന ഈവയുടെ നയനങ്ങൾ തന്റേതിനോടു മുട്ടിയതിന്റെ ഫലമായി ആഡമിനുണ്ടായ പ്രേമവികാരമായിരുന്നു അതു്. ഒരു മൃഗത്തിനെ മറ്റൊന്നും, ഒരു ദേവനെ ദേവയും ആകർഷിക്കുന്ന പ്രേമവികാരമാണതു്. പ്രപഞ്ചത്തിനെ ഒരവസാനിക്കാത്ത അത്ഭുതമാക്കി നിലനി

ത്തുന്ന പ്രേമമാണതു്. ജീവിതത്തിന്നു് അതിൽ സർവ്വോത്തമമായിരിക്കുന്ന അർത്ഥത്തെ പ്രദാനം ചെയ്യുന്ന പ്രേമമാണതു്. പ്രണയബദ്ധരായ രണ്ടു പേരിൽ എല്ലായ്പ്പോഴും ഒരാൾ പ്രേമിക്കുകയും മറേറ ആൾ പ്രേമിക്കപ്പെടുന്നതിന്നു് വിധേയമാവുകയും ചെയ്യുന്നുവെന്നു് ഒരു പരന്ത്രീസ് പ്രഭു ഒരിക്കൽ പറഞ്ഞതു് നിങ്ങൾ കേട്ടിരിക്കുകയില്ല. നമ്മൾ പലക്കും അരോചകമായി തോന്നിയേക്കാമെങ്കിലും, അയഥാർത്ഥമെന്നു് തള്ളിക്കളയാൻ നിവൃത്തിയില്ലാത്ത ഒരു പ്രസ്താവനയാണിതു്. എങ്കിലും, അപ്പപ്പോൾ, അവിടവിടെ, രണ്ടുപേരും പ്രേമിക്കുകയും രണ്ടുപേരും പ്രേമിക്കപ്പെടുവാൻ വിധേയരാവുകയും ചെയ്യുന്ന ദുർല്ലഭം ചില പ്രണയബന്ധങ്ങളുമുണ്ടായേക്കാം.

"ഇപ്പോഴും, ഇത്രയധികം കൊല്ലങ്ങൾ പിന്നിട്ടു കഴിഞ്ഞിട്ടും, അത്രയും ചെറുപ്പവും അത്രയും സുന്ദരമൂർത്തികളും, അത്രയും എളിയവരും ആയിരുന്ന അവരെയും അവരുടെ പ്രേമത്തേയും കുറിച്ചു് ചിന്തിക്കുമ്പോൾ, എൻെറ ഹൃദയം നോവുന്നു. ചില രാത്രികളിൽ, അഗാധമായ ആ ജലാശയത്തിൽ മേഘരഹിതമായ ആകാശത്തിൽനിന്നു് പൂർണ്ണചന്ദ്രൻ പ്രകാശിക്കുന്നതു് നോക്കിക്കൊണ്ടിരിക്കുമ്പോൾ എനിക്കനുഭവപ്പെടാറുള്ളതുപോലെ, അതു് എൻെറ ഹൃദയത്തെ കീറി മുറിക്കുന്നു. പരിപൂർണ്ണമായ സൌന്ദര്യത്തിൻെറ ആസ്വാദനത്തിൽ എപ്പോഴും ഈ വേദനയുണ്ടു്.

“അവർ കുട്ടികളായിരുന്നു; അവളൊരു ദയാലുവും, സുശീലയും, സൌഭാഗ്യവതിയും! അയാളെപ്പററി എനിക്കൊന്നും അറിഞ്ഞുകൂടാ. എന്നാലും അക്കാലത്തു് അയാൾ ഒരു സമർത്ഥനും തുറന്ന ഹൃദയത്തോടുകൂടിയവനുമായിരിക്കണമെന്നു് ഞാൻ വിചാരിക്കുന്നു. അംഗസൌഭഗത്തിന്നനുഗുണമായ ആത്മസൌഭഗവും അയാൾക്കുണ്ടായിരുന്നുവെന്നു് വിചാരിക്കാനും ഞാൻ ഇഷ്ടപ്പെടുന്നു. എങ്കിലും, ലോകം അതിൻെറ കൌമാരദശയിലായിരുന്നപ്പോൾ, ഇപ്പോൾ കുററിയററുപോയ ഒരു വർഗ്ഗത്തിൽപെട്ടതും, നീണ്ട താടിയോടുകൂടിയതുമായ സെൻടോർമൃഗത്തിൻെറ പുറത്തുകയറി, ചിറകുണ്ടെങ്കിലും പറക്കാൻ കഴിയാതിരുന്ന ആള്യകംഖരത്ത ചെറുപക്ഷികൾ വൃക്ഷനിബിഡങ്ങളായിരുന്ന താഴ്വരയിൽകൂടി സവാരിചെയ്തിരുന്ന കാലത്തു്, കാടുകളിലും മലകളിലും അലഞ്ഞു നടക്കുകയും; മലഞ്ചോലകളിൽ കുളിക്കുകയും, കീചകങ്ങളെക്കൊണ്ടും പുല്ലുകളെക്കൊണ്ടും ഉണ്ടാക്കിയിരുന്ന കുഴലുകളിൽ താളമേളങ്ങളൊന്നുമില്ലാതെ ശബ്ദങ്ങൾ പുറപ്പെടുവിച്ചു് രസിക്കുകയും ചെയ്തിരുന്ന ജീവികൾക്കുണ്ടായിരുന്നതിനേക്കാൾ മെച്ചമുള്ള ഒരാത്മാവു് ആയാൾക്കുണ്ടായിരുന്നില്ലെന്നു് എനിക്കുറപ്പുപറയാൻകഴിയും. ആത്മാവു് ഒരു വല്ലാത്ത വിഷമം പിടിച്ച സാധനമാണു്. മനുഷ്യൻ അതി

ന്നെ അഭിവൃദ്ധിപ്പെടുത്താൻ തുടങ്ങിയപ്പോഠം അവന്നു് "ഈഡൻ" നഷ്ടപ്പെട്ടു.

"ശരി, റെസ്റ്റ് ആ ദ്വീപിലേക്കു വന്നതിൻെറ അടുത്തു മുമ്പു് തെക്കൻകടലുകളിലേക്കു വെള്ളക്കാർ ഇറക്കുമതി ചെയ്ത പകർച്ചവ്യാധികളിൽ ഒന്നു് അതിനെ സന്ദർശിക്കുകയും, ആകെ ജനസംഖ്യയിൽ മൂന്നിലൊരു ഭാഗത്തിനേ നശിപ്പിക്കുകയും ചെയ്തിരുന്നു. ആ ബാലികയുടെ അടുത്ത ചാർച്ചക്കാരെല്ലാം ആ പകർച്ചവ്യാധിയിൽ പെട്ടു മരിച്ചുപോയിരുന്നു; അന്നു് അവഠം താമസിച്ചിരുന്നതു് അകന്ന ചില ബന്ധുക്കളുടെ വീട്ടിലായിരുന്നുവെന്നു് തോന്നുന്നു. ആകെ ആ വീട്ടിൽ, മുതുകു വളഞ്ഞു് തോൽ ചുക്കിച്ചുളിഞ്ഞ രണ്ടു വിധവകളും, ഒരു യുവാവും, ഒരു ബാലനും ആണുണ്ടായിരുന്നതു്.

"കുറച്ചു ദിവസം അയാളവിടെ താമസിച്ചു. അതിനിടയിൽ ഒരു പക്ഷെ, കടലിന്നരുയും അടുത്തു താമസിച്ചാൽ തൻെറ ഗൃഢവാസത്തെ വെളിവാക്കിയേക്കാനിടയുള്ള വെള്ളക്കാരുമായി കണ്ടുമുട്ടിയേക്കുമെന്നു് അയാഠം ഭയപ്പെടാൻ തുടങ്ങിയിരിക്കണം; ഒരുപക്ഷെ, മററുള്ളവരുടെ സാന്നിദ്ധ്യം ഒരു നിമിഷനേരത്തേക്കുകൂടി ഒന്നിച്ചിരിക്കുന്നതിൽ തങ്ങളെ തടയുന്നതു് ആ കാമുകർക്കു് അസഹ്യമായി തോന്നിയിരിക്കണം. ഒരു പ്രഭാതത്തിൽ, അവളുടേതായ ചുരുക്കം ചില സാമാനങ്ങളുമെടുത്തു് അ

വർ രണ്ടാളും അവിടെനിന്നും പുറപ്പെട്ടു. തെങ്ങിൻതോട്ടങ്ങളിൽക്കൂടി നടന്നു് അവർ നിങ്ങളാകണ്ട തോടിന്റെ വക്കത്തെത്തി. അവക്കു് നിങ്ങളാകടന്ന പാലം കടക്കേണ്ടിയിരുന്നു. അതിന്മേൽക്കൂടി നടക്കുന്നതിന്നു് അയാൾ ഭയപ്പെടുന്നതുകണ്ടപ്പോൾ അവൾ ഉറക്കെച്ചിരിച്ചു. ആദ്യത്തെ മരത്തിന്റെ അങ്ങേ അററമെത്തുന്നതുവരെ അവൾ അയാളെ കൈപിടിച്ചു കടത്തി; പക്ഷെ, അപ്പോഴേക്കും അയാൾക്കു് തീരെ ധൈര്യമില്ലാതായി. പിന്നോക്കം തന്നെ മടങ്ങിപ്പോയി. ഒന്നുകൂടി പരീക്ഷിക്കുന്നതിന്നു മുമ്പായി അയാൾക്കു് തന്റെ ഉടുപ്പു മുഴുവൻ അഴിക്കേണ്ടി വന്നു; അവൾ അതെല്ലാം അയാൾക്കുവേണ്ടി തലയിൽ ചുമന്നുകൊണ്ടു് പോയി.

"ഇവിടെയുണ്ടായിരുന്ന ഒഴിഞ്ഞ കുടലിൽ അവർ വാസമുറപ്പിച്ചു. അവൾക്കു് അതിന്മേൽ വല്ല അവകാശമുണ്ടായിരുന്നുവോ, (ഭൂസ്വത്തുടമയെ സംബന്ധിച്ച ഈ ദ്വീപിലെ നിയമങ്ങൾ വളരെ കുഴപ്പം പിടിച്ചവയാണു്.) അതോ, അതിന്റെ ഉടമസ്ഥർ പകർച്ചവ്യാധിയിൽ കുററിയററു് ഒഴിഞ്ഞുകിടന്നതായിരുന്നുവോ എന്നൊന്നും എനിക്കറിഞ്ഞുകൂടാ. ഏതായാലും അവരോടാരും ഒന്നും ചോദ്യപ്പെട്ടില്ല. അവരതിനെ കൈവശം വെച്ചുവന്നു. അവരുടെ വീട്ടുസാമാനങ്ങൾ, അവരുറങ്ങാൻ ഉപയോഗിച്ചിരുന്ന രണ്ടു പുൽപ്പായകളും, ഒരു മുഖക്ക

ണ്ണാടിയുടെ പൊട്ടും, ഒന്നുരണ്ടു പാനപാത്രങ്ങളും മാത്രമായിരുന്നു. ഈ സുഖഭൂയിഷ്ഠമായ ദ്വീപിൽ ഗൃഹസ്ഥാശ്രമം ആരംഭിക്കാൻ ഇത്രയും സാമഗ്രികൾ ധാരാളമാണു്.

"ഭാഗ്യവാന്മാക്കു് ചരിത്രമില്ലെന്നു് ഒരു ചൊല്ലുണ്ടു്; സൌഭാഗ്യപൂർണ്ണമായ ഒരു പ്രേമത്തിന്നു് അതിരില്ലെന്നുള്ളതു് തീർച്ചയാണു്. ദിവസം മുഴുവനും അവർ കാര്യമായി ഒന്നും ചെയ്തിരുന്നില്ല; എന്നാലും ദിവസങ്ങൾക്കു് ദൈർഘ്യം തന്നെ കുറവാണെന്നു തോന്നി."

"അവൾക്കു് ഒരു നാടൻ പേരുണ്ടായിരുന്നു; എങ്കിലും റെസ്റ്റു് അവളെ "സാല്ലി" എന്നാണു് വിളിച്ചിരുന്നതു്. സുഗമമായ ആ ഭാഷ ആയാൾ എളുപ്പത്തിൽ പഠിച്ചു. അവളുടെ ഫലിതോക്തികൾ കേട്ടുകൊണ്ടു് ആയാൾ പായിൽകിടന്നു വളരെ മണിക്കൂറുകൾ കഴിക്കും. ആയാളൊരു മൌനിയാണു്, വളരെക്കുറച്ചേ സംസാരിക്കാറുള്ളു. നാടൻ പുകയിലകൊണ്ടു് മുളീലയിൽ അവൾ തെറുച്ചുണ്ടാക്കിക്കൊടുക്കുന്ന സിഗററുകൾ ആയാൾ ഇടതടവില്ലാതെ വലിച്ചുകൊണ്ടിരിക്കും. അവൾ തന്റെ സുന്ദരങ്ങളും വിദഗ്ദ്ധങ്ങളുമായ വിരലുകളെക്കൊണ്ടു് പുൽപ്പായ മടഞ്ഞുണ്ടാക്കുന്നതു് ആയാൾ കൌതുകത്തോടുകൂടി നോക്കിക്കൊണ്ടു് കിടക്കും.

"മിക്കപ്പോഴും സപളോതികൾ അവിടെവന്നു", പഴയകാലത്തു് വർഗ്ഗീയ യുദ്ധങ്ങൾ കൊണ്ടുണ്ടായി

കൊണ്ടിരുന്ന കഷ്ടതകളെക്കുറിച്ചും മററുമുള്ള നീണ്ട കഥകൾ ആയയാൾക്ക് പറഞ്ഞുകൊടുക്കും. ചിലപ്പോൾ ആയയാൾ പാറക്കെട്ടുകളുടെ മുകളിൽ കേറിയിരുന്നു് മീൻപിടിച്ചു് ഒരു കൊട്ട നിറയെ വർണ്ണവൈചിത്ര്യങ്ങളോടുകൂടിയ മത്സ്യങ്ങളേയും കൊണ്ടുവരും. ചിലപ്പോൾ, രാത്രികളിൽ ഒരു വിളക്കുമെടുത്തുപോയി ഞണ്ടുകളെപ്പിടിക്കും. കുടിലിന്റെ ചുററുപാടും ധാരാളം വാഴകളുണ്ടായിരുന്നു. സല്ലി അവരുടെ ഭക്ഷണത്തിന്നു് ചിലപ്പോഴെല്ലാം പഴം പുഴുങ്ങിവെക്കാറുണ്ടു്. നാളികേരംകൊണ്ടു് പല സ്വാദിഷ്ഠഭോജ്യങ്ങളുമുണ്ടാക്കാൻ അവൾക്കറിയാമായിരുന്നു. വിശേഷദിവസങ്ങളിൽ അവർ പന്നിയേക്കൊന്നു് ചുട്ടുപഴുത്ത കല്ലിന്മേലിട്ടു് വേവിക്കും. അവർ ഒന്നിച്ചു് സമുദ്രത്തിൽപോയി കുളിക്കും. സായന്തനകാലങ്ങളിൽ അവർ കായിൽനിന്നു് അധികം വിട്ടുപോകാതെ, തോണികളിക്കും.

"ഹോമറുടെ ഗ്രീസിലെ കടലുകളെപ്പോലെ, ആ അഗാധനീലിമയോടുകൂടിയ സമുദ്രം സൂര്യാസ്തമയവേളകളിൽ വീഞ്ഞിന്റെ വർണ്ണഭംഗിയുൾക്കൊള്ളും. കരയോടടുത്തു് ആഴമുള്ള സ്ഥലങ്ങളിൽ അതു് പലവർണ്ണങ്ങളിൽ ശോഭിച്ചിരുന്നു. അസ്തമയസൂര്യൻ അതിന്നു് കാല്പനികതേജസ്സ് ഉരുക്കിയ സ്വർണ്ണത്തിന്റെ വർണ്ണം പ്രദാനം ചെയ്യാറുണ്ടു്. ചില സ്ഥലങ്ങളിൽ പവിഴപ്പാറകളുടെ സദ്ഭാവം അതിന്നു് വെളുപ്പും, ചുവപ്പും, അതിന്റെ രണ്ടി

ൻേറയും ഇടയിലുള്ള വേറെ കുറെ വൎണ്ണങ്ങളും ഉണ്ടാക്കും. അതൊരത്ഭുതോദ്യാനംപോലെയിരുന്നു. അതിൽക്കൂടി ഉഴളിയിട്ടുകൊണ്ടുപോയിരുന്ന മത്സ്യങ്ങൾ പൂമ്പാററകളെപ്പോലെയുമിരുന്നു. അതൊരു യാഥാൎത്ഥ്യമാണെന്നുതോന്നുന്നതിന്നു് ഉപോൽബലകമായി വളരെ കുറച്ചു സംഗതികൾ മാത്രമേ ഉണ്ടായിരുന്നുള്ളു. പവിഴപ്പാറകളുടെ ഇടയിൽ, അടിയിൽ മണൽ പരത്തിയ ചില സ്ഥലങ്ങളുണ്ടായിരുന്നു. അവിടങ്ങളിൽ വെള്ളം ഏത്രയും സ്വച്ഛമായിരുന്നതുകൊണ്ടു് കുളിക്കുവാൻ അവ പററിയ സ്ഥലങ്ങളായിരുന്നു.

"ആനന്ദപൂൎണ്ണങ്ങളായ, കുളുൎത്ത, ഏളയങ്ങളോടുകൂടി അവർ ആ പുൽപ്പരപ്പിലൂടെ കൈകൾ കോൎത്തുപിടിച്ചുകൊണ്ടു് നടന്നുപോകും. മൈനകൾ, അവിടവിടെ മേൽഭാഗത്തു്, തെങ്ങുകളിലിരുന്നു് കലമ്പൽ കൂട്ടുന്നുണ്ടാവും. പിന്നീടു് രാത്രി—സുവൎണ്ണപ്രഭവ്യാപിച്ചതും, യൂറോപ്പിലേക്കാൾ വിപുലമെന്നു് തോന്നിച്ചിരുന്നതുമായ ആകാശം—തുറന്നുകിടന്നിരുന്ന ആ കുടിലിനുള്ളിലേയ്ക്കു് അടിച്ചുകൊണ്ടിരുന്ന മൃദുലമായ മന്ദമാരുതൻ—ആ നീണ്ട രാത്രികൾക്കു് വളരെക്കുറച്ചു് ദൈൎഘ്യമേ ഉണ്ടായിരുന്നുള്ളുവെന്നു് അവൾക്കുതോന്നി.

"അവൾക്കു് പതിനാറു വയസ്സായിരുന്നു; അവൾക്കു് കഷ്ടിച്ചു് ഇരുപതും. പുലരി ആ കുടിലി

ൻെറ മരത്തുണകൾക്കിടയിലൂടെ ഗാഢാശ്ലേഷം ചെയ്തുകൊണ്ട് കിടന്നിരുന്ന ആ കുട്ടികളെ എത്തിച്ചുനോക്കി. സൂര്യൻ, അവരെ ദ്രോഹിക്കുവാനിഷ്ടപ്പെടാതെ, വാഴയിലകൾക്കിടയിൽ മറഞ്ഞുനിന്ന്, നിർദ്ദോഷമായ വിനോദത്തിന്നുവേണ്ടി, കൈപ്പടം നീട്ടി പുറത്തെയ്ക്കു തള്ളിയ നഖങ്ങളേക്കൊണ്ട് ഒരു പേർസ്യൻ പൂച്ചയെന്നോണം, ഒരു തങ്കരശ്മിയെ ഇടയ്ക്കിടയ്ക്കു അവരുടെ മുഖങ്ങളിൽ തൊട്ടുതൊട്ടു കൊണ്ടിരുന്നു. അവർ ഉറക്കത്തിൻെറ മാലോട്ടുകൂടിയ കണ്ണുകൾ തുറന്ന് മറെറാരു ദിനത്തിനെ പുഞ്ചിരിയോട്ടുകൂടി സ്വാഗതം ചെയ്യും.

"ആഴ്ചകൾ മാസങ്ങളായിത്തീർന്നു; അങ്ങിനെ ഒരു കൊല്ലവും നീങ്ങിപ്പോയി. അവർ അന്യോന്യം—അത്യാവേശത്തോടുകൂടി എന്നു പറയാൻ എനിക്കു മനസ്സുവരുന്നില്ല; കാരണം, ആ വേശത്തിൽ എല്ലായ്പോഴും ഒരു ദുഃഖത്തിൻെറ, ഒരു വേദനയുടെ നിഴൽപ്പാട് ഒളിഞ്ഞുകിടക്കുന്നുണ്ട്—ആദ്യത്തെ ദിവസം അവർ കണ്ടുമുട്ടിയപ്പോൾ, തങ്ങളിൽ ഈശ്വരനുണ്ടെന്ന് അവർ അറിഞ്ഞപ്പോൾ, ഏതു തരത്തിലുള്ള മനോവികാരമാണോ ഉണ്ടായത് അതേവികാരത്തോടുകൂടി, പ്രേമിച്ചു.

"നിങ്ങളവരോട് ചോദിച്ചിരുന്നുവെങ്കിൽ, അവരുടെ ആ പ്രേമവാഹിനി എന്നെങ്കിലുമൊരിക്കൽ വററിവരണ്ടു പോകുമെന്ന് ഊഹിക്കുകകൂടി

സാദ്ധ്യമായിരുന്നില്ലെന്ന് അവർ പറയുമായിരുന്നു. പ്രണയത്തിന്റെ ഒരവശ്യഘടകം അതിന്റെ തന്നെ അനശ്വരതയിലുള്ള വിശ്വാസമാണെന്ന് നമുക്കറിഞ്ഞുകൂടേ? എന്നിരുന്നാലും, ആയാൾക്കു തന്നെ അജ്ഞാതവും, ആ ബാലിക സംശയിക്കുക കൂടി ചെയ്യാതിരുന്നതുമായ നിലയിൽ, കാലാന്തരത്തിൽ മട്ടപ്പനായി പരിണമിച്ചേക്കാവുന്ന ഒരു സൂക്ഷ്മബീജം, റെസ്റ്റിൽ പുലരുന്നുണ്ടായിരുന്നു.

"ഒരു ദിവസം ഒരു നാട്ടുകാരൻ കടൽത്തീരത്ത് കുറെ അകലെ; ഒരു ബ്രിട്ടീഷ് കപ്പൽ നങ്കൂരമിട്ടിട്ടുണ്ടെന്ന് അവരോടു പറഞ്ഞു.

"'ഹാ!' ആയാളൊരു നെടുവീർപ്പിട്ടു. കുറെ നാളികേരവും വാഴക്കായും കൊടുത്ത് അവരിൽനിന്നു ഒന്നോ രണ്ടോ റാത്തൽ പുകയില വാങ്ങാൻ നോക്കണം"

"സാല്ലി തന്റെ വിശ്രമരഹിതങ്ങളായ കൈകളെക്കൊണ്ട് ഉണ്ടാക്കിക്കൊടുത്തിരുന്ന മുളീല സിഗററുകൾക്ക് മേന്മയിൽ ഒരു കുറവുമുണ്ടായിരുന്നില്ല; എങ്കിലും, ആയാൾ അസംതൃപ്തനായി. പെട്ടെന്ന്, നല്ല, സംസ്കരിച്ച; സുഗന്ധമുള്ള പുകയില വലിക്കുന്നതിന്ന് ആയാൾക്ക് അത്യാർത്തി തോന്നി. കുറെ മാസങ്ങളായി ആയാൾ ഒരു പൈപ്പ് വലിച്ചിട്ടില്ല. ഈ ചിന്ത ആയാളുടെ വായിൽ വെള്ളം പൊടിയിച്ചു.

"സാല്ലിയിൽ ഉണ്ടാവേണ്ടതായിരുന്നു, ആപൽശങ്കയെ സംബന്ധിച്ച ഒരന്തശ്ചോദന അയാളെ തടയാൻ ശ്രമിക്കേണ്ടതായിരുന്നുവെന്ന് നമുക്കു തോന്നിയേക്കാം. പക്ഷെ, ആയാളെ തന്നിൽനിന്ന കററാൻ ഒരു ശക്തിയുമില്ലെന്ന് ഉറപ്പിക്കുവാൻ മാത്രം അവളെ പ്രേമം അധീനപ്പെടുത്തിക്കഴിഞ്ഞിരുന്നു. അവർ രണ്ടുപേരുംകൂടി കുന്നിൻമുകളിൽ പോയി ഒരു വലിയ കൊട്ട നിറയെ മധുരനാരങ്ങ പെറുക്കിക്കൊണ്ടുവന്നു; കുടിലിന്നു ചുററിലും നിന്ന് കുറെ വാഴക്കായും, നാളികേരവും, മാമ്പഴവും ശേഖരിച്ചു. ഇതെല്ലാമെടുത്ത് അവൻ കടൽതീരത്തേക്കു തിരിച്ചു. തോണിയിൽ എല്ലാം കയററിവെച്ച് റെസ്റ്റും കപ്പൽ വന്നിരിക്കുന്ന വിവരം അവരോടു പറഞ്ഞ ആ നാടൻ ബാലനുംകൂടി, കടലിലേക്ക് തുഴഞ്ഞുപോയി.

"അവൾ അയാളെക്കണ്ട അവസാനത്തെ കാഴ്ചയായിരുന്നു അതു്."

"പിറേറദിവസം ആ കുട്ടി തനിയെ മടങ്ങിവന്നു. അവൻ പറഞ്ഞ കഥ ഇതായിരുന്നു. വളരെ നേരം തുഴഞ്ഞശേഷം അവർ കപ്പലിന്നടുത്തെത്തി. റെസ്റ്റ് കപ്പലിലേക്ക് ഉറക്കെ വിളിച്ചു. വിളി കേട്ട് ഒരു വെള്ളക്കാരൻ പുറത്തു വന്നു; അവരോട് കപ്പലിലേക്ക് കേറിച്ചെല്ലാൻ പറഞ്ഞു. അവർ കൊണ്ടുപോയ പഴങ്ങളും കപ്പലിൽ കേററി എല്ലാം

ഡെക്കിൽ കുമ്പാരമായി കൂട്ടി. വെള്ളക്കാരനും അയാളുംകൂടി സംസാരിച്ചുകൊണ്ടിരുന്നു. അവസാനം അവരൊരു തീരുമാനത്തിലെത്തിയെന്നു തോന്നി. അവരിലൊരാൾ താഴത്തുപോയി പുകയില കൊണ്ടുവന്നു. റെസ്റ്റ് ഉടനെ അല്പം എടുത്തു ഒരു പൈപ്പിലാക്കി കൊളുത്തി. അയാൾ പുകയുടെ ഒരു മേഘത്തെ എന്തൊരാവേശത്തോടും വെമ്പലോടും കൂടിയാണു് ഊതിവിട്ടതെന്നു് കുട്ടി അനുകരിച്ചു കാണിച്ചു. പിന്നീടവർ അയാളോടെന്തോ പറഞ്ഞു. അവർ ഒരു മുറിയുടെ ഉള്ളിലേക്കു പോയി.

“തുറന്നു കിടന്നിരുന്ന വാതിലിൽക്കൂടി, ഒരു കുപ്പിയും ഗ്ലാസ്സുകളും കൊണ്ടുവന്നു വെക്കുന്നതു് അവൻ കണ്ടു. റെസ്റ്റ് കുടിക്കുകയും, പുക വലിക്കുകയും ചെയ്തുകൊണ്ടിരുന്നു. അയാൾ തലയാട്ടുകയും ചിരിക്കുകയും ചെയ്തിരുന്നതിൽനിന്നു് അവരെന്തോ ചോദിച്ചിരുന്നുവെന്നു് അവൻ അനുമാനിച്ചു. അവരോടൈക്യമായി സംസാരിച്ചിരുന്ന വെള്ളക്കാരനും ചിരിച്ചിരുന്നു. അയാൾ റെസ്റ്റിന്റെ ഗ്ലാസ് വീണ്ടും നിറച്ചുകൊടുത്തു. അവരങ്ങിനെ കുടിക്കുകയും സംസാരിക്കുകയും ചെയ്തുകൊണ്ടേയിരുന്നു. തനിക്കു് യാതൊരു താല്പര്യവും തോന്നിക്കാത്ത ആ രംഗത്തെ അങ്ങിനെ നോക്കിക്കണ്ടുനിന്നു് മടുത്ത കുട്ടി അവിടെ, ആ ഡെക്കിൽ, കുറച്ചു കിടന്നു. കുറെ കഴിഞ്ഞപ്പോൾ ക്ഷീണംകൊണ്ടു് ഉറങ്ങിപ്പോവുകയും ചെയ്തു.”

"ആരുടേയും ഒരു ചവിട്ടുകൊണ്ടാണു് അവൻ ഉണൎന്നതു്. ചുഴന്നുനോക്കിയപ്പോൾ, ഇളകിക്കൊണ്ടിരുന്ന കപ്പൽ സാവധാനത്തിൽ തുറമുഖം വിട്ടുപോവാൻ തുടങ്ങുന്നതുകണ്ടു. മേശക്കരികിൽ, കൈകളിൽ തലചായ്ച്ചു്, ഗാഢനിദ്രയിൽ മുഴുകിയിരുന്ന റെസ്സിനെ അവൻ കണ്ടു. അയാളെ ഉണൎത്താനുദ്ദേശിച്ചുകൊണ്ടു് അവൻ അങ്ങോട്ടു നീങ്ങി; പക്ഷേ ഒരു പരുക്കൻകൈ അവനെ തടഞ്ഞുനിൎത്തി അവനറിയാത്ത ഒരു ഭാഷയിൽ എന്തോ പുലമ്പിക്കൊണ്ടു് കപ്പലിന്റെ പുറത്തേക്കു് ചൂണ്ടിക്കാണിച്ചു. അവൻ റെസ്സിനെ വിളിച്ചു നിലവിളിച്ചു. ഉടൻ അവനെയെടുത്തു് ആ മനുഷ്യൻ കടലിലേക്കു് എറിഞ്ഞുകളഞ്ഞു. ആ നിസ്സഹായസ്ഥിതിയിൽ അവൻ അവിടെ പാറിക്കിടന്നിരുന്ന അവരുടെ തോണിയുടെ അടുത്തേക്കു് നീന്തിച്ചെന്നു്, ഒരു വിധം അതിൽ കയറിക്കൂടി കരഞ്ഞുംകൊണ്ടും നെടുവീൎപ്പിട്ടുകൊണ്ടും കരയിലേക്കു് തുഴഞ്ഞുപോന്നു.

"എന്താണു് സംഭവിച്ചതെന്നുള്ളതു് വ്യക്തമായിരുന്നു. ഓടിപ്പോയതുകൊണ്ടോ, രോഗംകൊണ്ടോ, കപ്പലിൽ പ്രവൃത്തിക്കാൎക്കു് ക്ഷാമമുണ്ടായിരുന്നു. റെസ്സിനെ കണ്ടപ്പോൾ കപ്പിത്താൻ ആയാളോടു് തങ്ങളുടെ കൂടെ പോകാൻ ആവശ്യപ്പെട്ടിരിക്കും. ആയാളതിനു് കൂട്ടാക്കാഞ്ഞപ്പോൾ മദ്യം കൊടുത്തു് മയക്കി അവർ ആയാളെ തട്ടിക്കൊണ്ടുപോയി."

"സല്ലി ദുഃഖംകൊണ്ടു തന്നെത്താൻ മറന്ന നിലയിലായി. അയൽപക്കക്കാർ അവളെ സമാശ്വസിപ്പിക്കാൻ തങ്ങളാലാവുന്നതൊക്കെ ചെയ്തു. എന്തുതന്നെ ചെയ്തിട്ടും ഒരു ഫലവുമുണ്ടായില്ല. അവൾ തീരെ ഭക്ഷണംകഴിക്കാൻ കൂട്ടാക്കാതായി. കുറെകഴിഞ്ഞപ്പോൾ വിശപ്പുകൊണ്ടും ക്ഷീണംകൊണ്ടും അവളൊരുവിധം മയക്കത്തിലായി.

"റെസ്സ് ഏതെങ്കിലും വിധത്തിൽ രക്ഷപ്രാപിച്ചു തന്റെ അടുക്കലേക്ക് വരാതിരിക്കില്ലെന്ന നിഷ്ഫലമായ ആശയോടുകൂടി, അവൾ കടലിലേക്കു നോക്കിക്കൊണ്ടിരുന്നു, നീണ്ട നാളുകൾ പോക്കിവന്നു. സ്വച്ഛമായ മണലിൽ, കവിൾത്തടങ്ങളിൽകൂടി ബാഷ്പകണങ്ങൾ ഒഴുക്കിക്കൊണ്ട് അവൾ വളരെ മണിക്കൂറുകൾ ഇരുന്നിരുപ്പിലിരിക്കും; രാത്രിയാകുമ്പോൾ, ഒരു കാലത്ത് ആനന്ദകേന്ദ്രമായിരുന്ന ആ കുടിലിലേക്ക്, തന്റെ ദേഹവും വലിച്ചുകൊണ്ട് ഇഴഞ്ഞുപോകും. റെസ്സ് വരുന്നതിന്നുമുമ്പു അവളെ തങ്ങളുടെകൂടെ താമസിപ്പിച്ചിരുന്ന ദയംദികൾ ഇപ്പോഴും അവളെ അവരുടെ അടുക്കലേക്ക് കൊണ്ടുപോകുവാൻ ഒരുക്കമായിരുന്നുവെങ്കിലും, അവൾ പോവാൻ കൂട്ടാക്കിയില്ല. റെസ്സ് മടങ്ങിവരുമെന്ന് അവൾക്കത്രയും ഉറപ്പുണ്ടായിരുന്നു. അയാൾ വരുമ്പോൾ തന്നെ എവിടെവിട്ടുപോയോ, അവിടെത്തന്നെ കണ്ടെത്തണമെന്ന് അവൾക്ക് ശാഠ്യവു

മുണ്ടായിരുന്നു.........നാലു മാസവുംകൂടി കഴിഞ്ഞ പ്പോഠം അവഠം ഒരു നിർജ്ജീവ പ്രജയെ പ്രസവിച്ചു; പ്രസവശുശ്രൂഷയ്ക്കു വന്നിരുന്ന വൃദ്ധ അവളുടെ കൂടെത്തന്നെ സ്ഥിരതാമസമാക്കുകയും ചെയ്തു.

"എല്ലാവിധാഹ്ലാദങ്ങളും അവളുടെ ജീവിതത്തോട്ട് യാത്ര പറഞ്ഞു. ഏതു സമയവും അവളൊരു ദുഃഖിതയായി കഴിഞ്ഞുകൂടി. എത്രയും അനിയന്ത്രിതമായ വികാരങ്ങളോടുകൂടിയ ഇക്കൂട്ടരുടെ ഇടയിൽ, ഒരാവേശത്തെ ഇത്രയധികംകാലം കൈവിടാതെ സൂക്ഷിക്കുവാൻ സമർത്ഥയായ ഒരു സ്ത്രീ ഉണ്ടാവുമെന്ന് നിങ്ങഠംക്ക് വിചാരിക്കാൻ കഴികയില്ല. അടുത്തോ, അകലെയോ, ഒരിക്കൽ റെസ്റ്റ് മടങ്ങിവരാതിരിക്കുകയില്ലെന്ന വിശ്വാസം അവളിൽ രൂഢമൂലമായിരുന്നു. അവഠം അയാളെ കാത്തിരുന്നു.—ആരെങ്കിലും ആ തെങ്ങുപാലം കടന്നുവരുമ്പോഴെല്ലാം അവഠം സൂക്ഷിച്ചുനോക്കി; അവസാനം, അതായാളായിരിക്കുമെന്നുമതി!"

നീൽസൺ സംസാരിക്കുന്നതുനിർത്തി സാവകാശത്തിൽ ഒരു നെടുവീർപ്പിട്ടു.

"അവസാനം അവഠംക്കെന്തു സംഭവിച്ചു?" കപ്പിത്താൻ ചോദിച്ചു. സ്വീഡ് അസുഖദ്യോതകമായ ഒരു പുഞ്ചിരി പൊഴിച്ചു "ഓ! മൂന്നു കൊല്ലങ്ങഠംക്കുശേഷം അവഠം മററാരു വെള്ളക്കാരനെ സ്വീകരിച്ചു."

കപ്പിത്താൻ അവജ്ഞാനാത്മകമായ ഒരു വികൃതശബ്ദം പുറപ്പെടുവിച്ചുകൊണ്ടു പറഞ്ഞു. "സാധാരണയായി അതുതന്നെയാണവർക്ക് സംഭവിക്കുന്നതു്"

നീൽസൺ അയാളുടെ നേർക്ക് വെറുപ്പു സ്ഫുരിക്കുന്ന ഒരു നോട്ടംനോക്കി. ആ പ്രാകൃതനിൽ തനിക്കിത്രയും അറപ്പുതോന്നാൻമാത്രം എന്താണുള്ളതെന്നു് അയാൾക്കു് മനസ്സിലായില്ല. അയാളുടെ ചിന്തകൾ അലഞ്ഞുകൊണ്ടിരുന്നു; തൻെറ മനസ്സ് കഴിഞ്ഞകാലത്തെ സ്മരണകൾകൊണ്ടു് പൂർണ്ണമായിരിക്കുന്നുവെന്നു് അയാൾ കണ്ടു.

ആയാൾ ഇരുപത്തഞ്ചു കൊല്ലങ്ങൾ പിന്നിലേക്കുപോയി. മദ്യപാനത്തിലും, ചൂതുകളിയിലും അയഞ്ഞ സദാചാരജീവിതത്തിലും കുപ്രസിദ്ധമായ ആപ്പിയയിൽനിന്നു് ഒരു രോഗിയായി, ജീവിതത്തിലെ ഉൽക്കൃഷ്ടപരമായ ആശകളെയെല്ലാം വലിച്ചെറിഞ്ഞു്, ആയാൾ ആ ദ്വീപിലേക്കു വന്നതു് അന്നാണു്. നല്ലൊരു പേർ സമ്പാദിക്കാനുള്ള ആശകളെയെല്ലാം ദൂരെ ത്യജിച്ചു്, തൻെറ മുമ്പിലുണ്ടെന്നു് ആശിച്ചിരുന്ന ഏതാനും മാസങ്ങളിലെ ചുരുങ്ങിയ ജീവിതം വളരെ ശ്രദ്ധയോടുകൂടി കഴിച്ചുകൂട്ടുവാൻ ആയാൾ തെയ്യാറായി.

സമുദ്രതീരത്തിൽ രണ്ടു നാഴിക അപ്പുറത്തു് ഒരു ഗ്രാമത്തിൻെറ തലയ്ക്കൽ കച്ചവടം ചെയ്തിരുന്ന

ഒരു ചട്ടക്കാരൻെറ കൂടെയാണ് ആയാൾ താമസി ച്ചിരുന്നതു്. അങ്ങിനെ ഒരു ദിവസം തെങ്ങിൻ തോട്ടങ്ങളിലെ ഒററയടിപ്പാതകളിൽക്കൂടി, പ്രത്യേ കിച്ചൊരുദ്ദേശ്യവുമില്ലാതെ, നടന്നുകൊണ്ടിരിക്കു ന്നതിന്നിടയിൽ, ആയാൾ സാല്ലി താമസിച്ചിരുന്ന കുടിലിൽ എത്തിച്ചേൎന്നു. ആ സ്ഥലത്തിൻെറ സൌന്ദൎയ്യം ആയാളെ ഭ്രമിപ്പിക്കുവാൻമാത്രം അത്രയ്ക്കു ആകൎഷകമായി ആയാൾക്കു തോന്നി; പോ രെങ്കിൽ ആയാൾ സാല്ലിയേയും കണ്ടു.

ആയാൾ അതേവരെ കണ്ടിട്ടുള്ളതിൽവെച്ചു് ഏററവുമധികം സുന്ദരമായ രൂപമായിരുന്നതു്. കറുത്ത ചേതസ്സമാകൎഷകങ്ങളായ ആ കണ്ണുകളിലെ ദുഃഖഭാവം ആയാളെ ഭ്രമിപ്പിച്ചു. കാനകർ സ്വതവേ സുഭഗരായിരുന്നു. സുന്ദരരൂപിണികൾ അവരുടെ വൎഗ്ഗത്തിൽ അത്ര ദുർല്ലഭമൊന്നുമായിരു ന്നില്ല. ജീവികളുടെ നൈസൎഗ്ഗികമായ രൂപസൌ ഭഗംകൊണ്ടുള്ള സൌന്ദൎയ്യമായിരുന്നതു്; മിക്ക പ്പോഴും അതിൽ കുഴമ്പുണ്ടാവാറില്ല. എന്നാൽ ആ ദുഃഖിതനയനങ്ങൾ നിഗൂഢഭാവംകൊണ്ടു് കറുത്ത വയും, മനുഷ്യാത്മാവിൻെറ അന്തഃസ്വാതന്ത്ര്യങ്ങളുടെ പ്രശ്നങ്ങളെ നിങ്ങളുടെ മുമ്പിൽ ആവിഷ്കരിക്കു ന്നവയുമായിരുന്നു. കച്ചവടക്കാരൻ അവളുടെ കഥ ആയാൾക്കു പറഞ്ഞുകൊടുത്തു; അതു് ആയാളെ വല്ലാതെ ഇളക്കിത്തീൎക്കുകയും ചെയ്തു.

"ആയാൾ എന്നെങ്കിലും മടങ്ങിവരുമെന്നു് നിങ്ങൾ വിചാരിക്കുന്നുണ്ടോ?" നീൽസൺ ചോദിച്ചു.

"ഒരിക്കലുമില്ല. അതിപ്പോൾ കഴിഞ്ഞിട്ടു് വളരെക്കാലമായി. ഇതിനകം ആയാളവളെ തീരെ മറന്നുകഴിഞ്ഞിരിക്കും. ബോധംതെളിഞ്ഞു്, തന്‍ ചതിക്കപ്പെട്ടിരിക്കുന്നുവെന്നു് മനസ്സിലായപ്പോൾ, ആയാൾക്കു് ഭ്രാന്തുപിടിച്ചുവെന്നു് എനിക്കുറപ്പുണ്ടു്. ആരോടെങ്കിലും ഒരു പകരംവീട്ടൽ നടത്താൻ ആയാളിപ്പോൾ ഒരുങ്ങിയെങ്കിൽ, എനിക്കതിലൊരത്ഭുതവും തോന്നില്ല. പക്ഷേ, ആയാൾക്കു് പല്ലിറുമ്മിക്കൊണ്ടു് സഹിക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല. ഒരുമാസം കഴിയുമ്പോഴേക്കും, ഈ ദ്വീപിൽനിന്നുവിട്ടു് അത്തരമൊരു ജീവിതം കിട്ടിയതിൽ ആയാൾ സന്തോഷിക്കാൻ തുടങ്ങിയിരിക്കണമെന്നു് ഞാനൂഹിക്കുന്നു."

പക്ഷേ, നീൽസന്നു് തന്റെ തലയിൽനിന്നു് ഈ കഥയെ മായ്ച്ചുകളയാൻ കഴിഞ്ഞില്ല. ഒരുപക്ഷേ, ആയാളൊരു രോഗിയും ദുർബ്ബലനുമായിരുന്നതുകൊണ്ടു്, റെഡ്ഡിന്റെ പ്രസാദപൂർണ്ണമായിരുന്ന ആരോഗ്യം ആയാളെ ആകർഷിച്ചിരുന്നിരിക്കാം. അല്ലെങ്കിൽ, താനൊരു വിരൂപനും, കാഴ്ചയിൽ ഒരു പ്രത്യേകതയുമില്ലാത്തവനും ആയിരുന്ന

ളുകൊണ്ടു്, മററുള്ളവരിലെ സൌന്ദര്യത്തെ ആയാൾ മുമ്പെയധികം വിലമതിച്ചിരുന്നിരിക്കാം.

ആയാൾ അതുവരേയും ആവേശപൂർവ്വം ഒരാളെയും സ്നേഹിച്ചിട്ടില്ല; ആവേശത്തോടുകൂടി സ്നേഹിക്കപ്പെട്ടിട്ടുമില്ല. ആ യുവാക്കൾക്കു് അന്യോന്യമുണ്ടായിരുന്നവെന്നു് ആയാൾ പറഞ്ഞുകേട്ട ആകർഷണം ആയാൾക്കു് അസാധാരണമായ ഒരാനന്ദഭ്രമിയുണ്ടാക്കി............

അയാൾ പിന്നെയും ആ കുടിലിലേക്കു ചെന്നു. അന്യഭാഷകൾ പഠിക്കുന്നതിന്നു അയാൾക്കൊരു പ്രത്യേക പാടവമുണ്ടായിരുന്നു. അവിശ്രമം വേല ചെയ്യാൻ ശീലിച്ച ചുറുചുറുക്കുള്ള ഒരു മനസ്സിന്റെ ഉടമസ്ഥനമാണയാൾ. ആ നാട്ടുഭാഷ പഠിക്കുന്നതിന്നു അയാൾ കുറെയധികം സമയം ചിലവഴിച്ചു കഴിഞ്ഞിരുന്നു. പഴയ ശീലം അയാളെ തീരെ വിട്ടു മാറിയിരുന്നില്ല; അയാൾ സാമോൺ ഭാഷയെക്കുറിച്ചു് ഒരു പുസ്തകമെഴുതുന്നതിന്നുള്ള സംഭാരങ്ങൾ ശേഖരിക്കുകയാണു്.

കുടിലിൽ സാല്ലിയൊന്നിച്ചു് താമസിച്ചിരുന്ന വൃദ്ധ അയാളെ അതിന്നുള്ളിൽപോയി ഇരിക്കാൻ ക്ഷണിച്ചു. അവൾ അയാൾക്കു കുടിക്കുവാൻ കുറെ നാടൻ പാനീയവും വലിക്കാൻ കുറെ സിഗരറ്റും സല്ക്കരിച്ചു. സംസാരിച്ചുകൊണ്ടിരിക്കാൻ ഒരാളെ കിട്ടിയതിൽ അവൾ സന്തോഷിച്ചു; അവൾ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ അയാൾ സ്സല്ലി

യെ നോക്കിക്കൊണ്ടുമിരുന്നു. നേപ്പിൾസിലെ കാഴ്ചബംഗ്ലാവിൽ താൻകണ്ട ഒരു പ്രതിമയുടെ അനുസ്മരണം അയാളിലുണ്ടായി. അവളുടെ ഓരോ അംഗഭാവവും അതിൻെറ പരിശുദ്ധിയോട്ട് തികച്ചും സാദൃശ്യമുള്ളതായിരുന്നു. ഒരു പ്രസവം കഴിഞ്ഞിരുന്നുവെങ്കിലും അവളുടെ കന്യകാത്വത്തിന്നു ഒരു കോട്ടവുംതട്ടിയിരുന്നില്ലെന്നു തോന്നി.

രണ്ടോ മൂന്നോ തവണ കണ്ടുന്നതിന്നു മുമ്പ് അയാളവളെ സംസാരിപ്പിക്കുവാൻ പ്രേരിപ്പിച്ചില്ല. അപ്പോഴും, ആപ്പിയയിൽ എവിടെയെങ്കിലും അയാൾ വെസ്റ്റ് എന്നപേരായ ഒരാളെ കണ്ടിരുന്നുവോ എന്നന്വേഷിക്കുകമാത്രമാണവൾ ചെയ്തുള്ളു്. അയാൾ അപ്രത്യക്ഷനായിട്ട് രണ്ടു കൊല്ലങ്ങൾ കഴിഞ്ഞുപോയിരുന്നു. എന്നിട്ടും അവൾ എല്ലാ സമയവും അയാളെത്തന്നെ വിചാരിച്ചുകൊണ്ടാണിരിക്കുന്നതു്.

താൻ അവളിൽ അനുരക്തനായിരിക്കുന്ന വെന്നു് കണ്ടുപിടിക്കുവാൻ നീൽസന്ന് വളരെക്കാലം വേണ്ടിവന്നില്ല. അയാൾ എപ്പോഴെങ്കിലും ആ കടലിലേക്ക് പോകാതിരുന്നുവെങ്കിൽ; അതു് തൻെറ മനശ്ശക്തിയെ അത്രയും പ്രയോജനപ്പെടുത്തിയതിൻെറ ഫലമായിട്ടുമാത്രമായിരുന്നു. പക്ഷെ, അപ്പോഴും അയാളുടെ മനസ്സ് അവളുടെകൂടെയായിരുന്നു.

ആദ്യത്തിൽ, താനൊരു മരിക്കാൻപോകുന്ന ആളാണെന്ന ബോധംകൊണ്ടു്, ഇടക്കിടെ അവളെ കണ്ടാൽ കൊള്ളാമെന്നും എപ്പോഴെങ്കിലും ഒന്നു സംസാരിച്ചാൽ കൊള്ളമെന്നും മാത്രമെ ഉണ്ടായിരുന്നുള്ളു. അവളുടെ പ്രേമം അയാൾക്കു് അത്ഭുതാവഹമായ ആനന്ദം അരുളി. അതിൻെറ പരിശുദ്ധിയിൽകിടന്നു് അയാൾ ഓളംവെട്ടി. അവളുടെ സുന്ദരവിഗ്രഹത്തിന്നു ചുററും സുന്ദരഭാവനകളെക്കൊണ്ടു് ഒരു പാവുനെയ്യുന്നതിനല്ലാതെ, അയാൾ അവളിൽനിന്നു് ഒന്നും ആഗ്രഹിച്ചില്ല.

തുറന്ന വായുവും, ഹിതമായ ശീതോഷ്ണസ്ഥിതിയും, വിശ്രമവും, എളിയ ജീവിതവും അയാളുടെ ആരോഗ്യത്തിൽ അപ്രതീക്ഷിതമായ ഒരു മാററമുണ്ടാക്കി. രാത്രി അയാൾക്ക മുമ്പത്തെപ്പോലെ കലശലായ പനി ഇല്ലാതായി. കുരക്കുന്നതു കുറഞ്ഞുവന്നു; ശരീരത്തിൻെറ തൂക്കം കൂടിക്കൊണ്ടിരിക്കുകയുംചെയ്തു. ആറുമാസം കഴിഞ്ഞപ്പോഴേക്കും അയാൾ ആകെ ആളൊന്നുമാറി, അയാൾക്കുതന്നെയും താൻ കുറച്ചുകാലവുംകൂടി ജീവിച്ചിരുന്നേക്കുമെന്നു തോന്നിത്തുടങ്ങി. അയാൾ ഇതിനകം തൻെറ രോഗത്തെ നല്ലപോലെ പഠിച്ചുകഴിഞ്ഞിരുന്നു. ധാരാളം ശ്രദ്ധയോടും കരുതലോടുംകൂടി ജീവിക്കുകയാണെങ്കിൽ, അതിൻെറ ശക്തിയെ തടയാൻ കഴിഞ്ഞേക്കുമെന്ന ആശ അയാളിൽ ഉദിച്ചു.

പ്രതീക്ഷകളോടും പ്രത്യാശകളോടുംകൂടി ഭാവിയിലേക്കു നോക്കുവാൻ അതയാളെ പ്രോത്സാഹിപ്പിച്ചു. അയാൾ ആസൂത്രണങ്ങൾക്കൊരുങ്ങി. കായികാദ്ധ്വാനംചെയ്തുകൊണ്ടുള്ള ഒരു ജീവിതം നയിക്കുക അസാദ്ധ്യമാണെന്നു് വ്യക്തമായിരുന്നു. എങ്കിലും, അയാൾക്ക് ആ ദ്വീപിൽ ഒതുങ്ങിയ മട്ടിലൊരു ജീവിതം നയിക്കാം. മറ്റെവിടെയെങ്കിലുമാണെങ്കിൽ തീരെ അപര്യാപ്തമായിരുന്ന തന്റെ ചുരുങ്ങിയ വരവുകൊണ്ടു്, അവിടെ സുഭിക്ഷമായി ജീവിക്കാം. അയാൾക്ക് ഒരു തെങ്ങിൻതോട്ടം വെച്ചുപിടിപ്പിക്കാവുന്നതാണു്; തനിക്കാവശ്യമായത്ര പ്രവൃത്തിയുമായി. തന്റെ പുസ്തകങ്ങളും പിയാനോവും ആളെ അയച്ചു കൊണ്ടുവരുവിക്കാം. എന്നാൽ ഈ വക ചിന്തകളെല്ലാം തന്റെ ഹൃദയത്തിന്റെ അഗാധതയിലുള്ള ഏതോ ഒരു നിഗൂഢോദ്ദേശ്യത്തെ കബളിപ്പിക്കലാണെന്നു് അയാളുടെ നിശിതവും മിന്നൽവേഗവുമായ ബുദ്ധിശക്തി കണ്ടുപിടിച്ചു.

അയാൾക്കു് സാല്ലിയെ വേണം; അവളുടെ സൌന്ദര്യംമാത്രം പോരാ, യാതനയനുഭവിക്കുന്ന ആ കണ്ണുകളുടെ പിന്നിൽ ഉണ്ടെന്നു് അയാൾ വിശ്വസിച്ച ആ മങ്ങിയ ആത്മാവുകൂടി വേണം. തന്റെ ആവേശംകൊണ്ടു് അയാളവളെ ഉന്മത്തയാക്കും; അവസാനം അവളിൽ മറക്കാനുള്ള കഴിവുണ്ടാക്കും. തനിക്ക് മേലിലൊരിക്കലും ലഭ്യമല്ലെന്നു്

വിചാരിച്ചിരുന്നാലും, എന്നാലിപ്പോൾ ഒരത്ഭുതമെന്നോണം വശംവദമായിത്തീൎന്നുമായ കഴിവിനെ പ്രയോജനപ്പെടുത്തി അവളെ താൻ ആനന്ദിപ്പിക്കുമെന്നു് അയാൾ സ്വപ്നം കണ്ടു.

അയാൾ അവളോടു് തന്റെകൂടെ താമസിക്കാൻ ആവശ്യപ്പെട്ടു. അവൾ കൂട്ടാക്കയില്ല. അയാളതു് പ്രതീക്ഷിച്ചതായിരുന്നു. അടുത്തോ, അകലെയോ, അവൾ തനിക്കു് വഴങ്ങുമെന്നു് ഉറപ്പുണ്ടായിരുന്നതിനാൽ, അയാൾ അതുകൊണ്ടൊന്നും നിരാശനായില്ല. അയാളുടെ അനുരാഗത്തെ തടയുവാൻ ഒന്നിനും കഴിയുമായിരുന്നില്ല

അയാൾ വൃദ്ധയോ തന്റെ അനുഗ്രഹം അറിയിച്ചു. അവരുടെ ഭാവങ്ങളെ കൗതുകമായി വീക്ഷിച്ചുകൊണ്ടിരുന്ന വൃദ്ധയും അയൽപക്കക്കാരും സാലിയെ അയാളുടെ അപേക്ഷ കൈക്കൊള്ളാൻ, താൻ പറയുന്നതിന്നു മുമ്പുതന്നെ, നിർബ്ബന്ധിക്കാൻ തുടങ്ങിയിരുന്നുവെന്നറിഞ്ഞപ്പോൾ അയാൾ വിസ്മയിച്ചു. ഒരു വെള്ളക്കാരന്റെ ഗൃഹനായികയായിരിക്കുന്നതിന്നു് നാടൻ സ്ത്രീകളുടെ ഇടയിൽ സാധാരണമായിത്തന്നെ ഒരഭിമാനിദവശം ഉണ്ടായിരുന്നു; പ്രത്യേകിച്ചും ആ ദ്വീപിലെ നിവാസികളുടെ ഇടയിൽ നീൽസൺ ഒരു ധനികനുമായിരുന്നു

അയാളുടെ ആതിഥേയനായിരുന്ന കച്ചവടക്കാരൻ അവളെപ്പോയിക്കണ്ടു് ശേഷത്വം കാണി

ക്കാതിരിക്കാൻ ഉപദേശിച്ചു. ഇത്തരത്തിലുള്ള മര വസരം എല്ലാപ്പോഴും കിട്ടിയെന്നുവരില്ല. ഈ കാല മൊക്കെക്കഴിഞ്ഞിട്ടും റെസ്സ് മടങ്ങിവരുമെന്നു വി ചാരിച്ചുകൊണ്ടിരിക്കുന്നതിൽ ഒരത്ഥവുമില്ല.

അവളുടെ തടസ്ഥനയം ആയാളുടെ അഭിലാഷ ത്തിന്നു ശക്തികൂട്ടിയതേയുള്ളു. മാത്രമല്ല ഒരിക്കൽ തികച്ചും പരിശുദ്ധമായിരുന്ന ആയാളുടെ പ്രേമം വേദനാജനകമായ ഒരാവേശമായിത്തീരുകയും ചെ യ്തു. തന്റെ മാർഗ്ഗത്തിൽ ഒരു വിഘ്നവും ഉണ്ടാവാൻ പാടില്ലെന്നു ആയാൾ തീരുമാനിച്ചു. സാല്ലിക്കു ആയാൾ ഒരു സ്വാസ്ഥതയും കൊടുക്കാതായി. അവ സാനം ആയാളുടെ സ്ഥിരചിത്തതയും പ്രേരണയും കൊണ്ടും, മററുള്ളവരുടെ അപേക്ഷകളും കോപപ്ര കടനങ്ങളുംകൊണ്ടും മനസ്സുമടുത്തു അവളൊരുവി ധം സമ്മതിച്ചു.

പക്ഷെ, അതിന്റെ പിറേറന്നു ആഹ്ലാദചകി തനായി ആയാളവളെ കാണാൻ ചെന്നപ്പോഴേക്കും തലേന്നുരാത്രി, അവളും റെസ്സും കൂടി താമസിച്ചിരു ന്ന ആ കുടിലിനെ അവർ ചുട്ടുകളഞ്ഞിരുന്നു. വൃദ്ധ കോപത്തോടുകൂടി സാല്ലിയെ ഇടതടവില്ലാതെ ശകാരിച്ചുകൊണ്ടു ആയാളുടെ അടുക്കലേക്കു പാ ഞ്ഞുചെന്നു. എന്നാൽ അതൊന്നും അത്ര കാര്യമാ യിരുന്നില്ല. കുടിൽ നിന്നിരുന്ന സ്ഥലത്തു അവ ക്കൊരു ബംഗളാവു പണിയാം. പിയാനോവും

പുസ്തകങ്ങളുമെല്ലാംകൊണ്ടുവരികയാണെങ്കിൽ, യൂറോപ്യൻ മട്ടിലുള്ള ഒരു വീടുണ്ടാവുന്നതുതന്നെയായിരിക്കും കൂടുതൽ സൌകര്യം.

അങ്ങിനെ ആയാളിപ്പോൾ താമസിച്ചിരുന്ന ആ ചെറിയ വീട് നിർമ്മിക്കപ്പെട്ടു; സംല്ലി ആയാളുടെ ഭാര്യയുമായി.

എന്നാൽ, അവളിൽനിന്നെന്തു ലഭിച്ചിരുന്നുവോ അതുകൊണ്ട് സംതൃപ്തനാവാൻ കഴിഞ്ഞിരുന്ന ആവേശഭരിതങ്ങളായിരുന്ന ആദ്യത്തെ ഏതാനും ആഴ്ചകൾക്കുശേഷം, ആയാൾക്ക് താനാശിച്ചിരുന്ന പോലുള്ള സുഖം ലഭ്യമായില്ല. അവൾ പരിതസ്ഥിതികളുടെ നിർബ്ബന്ധംകൊണ്ടുമാത്രമാണായാൾക്ക് വഴിപ്പെട്ടതു്. തനിക്ക് ശുദ്ധമായി സൂക്ഷിച്ചുവെക്കാൻ കഴിയാതിരുന്നതെന്തോ അതുമാത്രമായിരുന്നു അവൾ ആയാൾക്ക് കീഴടങ്ങിക്കൊടുത്തതു്. അവളിൽ, ഒരു മങ്ങിയനിലയിൽ ആയാൾ ദർശിച്ചിരുന്ന ആത്മാവിനെ ആയാൾക്ക് പിടികിട്ടിയില്ല. അവൾ തനിക്കൊരു വിലയും കല്പിച്ചിട്ടില്ലെന്നു് ആയാൾക്ക് മനസ്സിലായി. അവൾ അപ്പോഴും റെസ്റ്റിനെ സ്നേഹിച്ചുകൊണ്ടിരുന്നു; ആയാൾ മടങ്ങിവരുന്നതിനെ പ്രതീക്ഷിച്ചുകൊണ്ടിരുന്നു. തന്റെ പ്രേമത്തേയും, അനുകമ്പയേയും, അനുതാപത്തേയുമെല്ലാം അഗണ്യമാക്കി, ആയാളിൽനിന്നു് ഒരൊററ സൂചന ലഭിച്ചാൽ, ഒരു നിമിഷ

വും കൂടി സംശയിച്ചുനില്ക്കാതെ, അവൾ തന്നെ വിട്ടുപോകുമെന്നു്, ആയാൾ അറിഞ്ഞു. തന്റെ ഹൃദയവേദനയെക്കുറിച്ചു് അവൾക്കൊരു വിചാരവുമുണ്ടാവില്ല.

ഭയവും നിരാശയും ആയാളെ പിടികൂടി. തന്നെ അകററി നിർത്തിയിരുന്ന അവളുടെ ആത്മാവിനോട്ടു് ആയാൾ മല്ലടിച്ചുകൊണ്ടിരുന്നു. ആയാളുടെ പ്രേമം അസുഖകരിയായി. ഭയംകൊണ്ടു് അവളുടെ ഹൃദയത്തെ അലിയിക്കുവാൻ ആയാൾ ശ്രമിച്ചു; പക്ഷെ, അതു് പണ്ടത്തെപ്പോലെതന്നെ പാഷാണസദൃശമായിരുന്നതേയുള്ളു. ആയാൾ അവളെക്കുറിച്ചു് അശ്രദ്ധകാണിച്ചുനോക്കി; അവളതു് അറിഞ്ഞതായി നടിച്ചതേയില്ല. ചിലപ്പോൾ ദേഷ്യംവന്നു് ആയാളവളെ ശകാരിക്കും; അപ്പോഴവൾ നിശ്ശബ്ദമായി കരയാൻ തുടങ്ങും.

അവൾ ഒരു വെറും വഞ്ചകി മാത്രമാണെന്നു് ആയാൾ ചിലപ്പോൾ വിചാരിക്കും; ആ ആത്മാവു് തന്റെ അബദ്ധമായ ഒരു കണ്ടുപിടുത്തവും. അവളുടെ ഹൃദയത്തിന്റെ പരിശുദ്ധക്ഷേത്രത്തിൽ തനിക്കു് പ്രവേശം ലഭിക്കാത്തതു് യഥാർത്ഥത്തിൽ അങ്ങിനെയൊന്നില്ലാത്തതുകൊണ്ടാണെന്നും തോന്നി. ആയാളുടെ പ്രേമം ഒരു വെറും കരാഗൃഹം മാത്രമാണു്. തനിക്കതിൽനിന്നു് രക്ഷപ്പെടണം; പക്ഷെ, വാതിൽ വലിച്ചു തുറക്കാനുള്ള ശക്തി ആയാളുടെ

ഒക്കുകയില്ല. ദുസ്സഹമായ യാതന! അവസാനം ആയാൾ നിരാശനും ഇതികൎത്തവ്യതാമൂഢനുമായി.

കാലാന്തരത്തിൽ ആ അഗ്നി തന്നെത്താൻ എരിഞ്ഞു കെട്ടു. അവളിപ്പോൾ ആ പാലത്തിന്റെ നേൎക്കു് നോക്കിക്കൊണ്ടു നില്ക്കുമ്പോൾ ആയാൾക്കു് കോപമല്ല ഒരക്ഷമയാണുണ്ടാവുന്നതു്. ശീലത്തിന്റെയും സൌകൎയ്യത്തിന്റെയും കെട്ടുപാടുകളിൽ പെട്ടുകൊണ്ടു് അവരിപ്പോൾ കുറെ കൊല്ലങ്ങളായി ഒന്നിച്ചുജീവിക്കാൻ തുടങ്ങിയിട്ടു്. തന്റെ പഴയ ആവേശത്തെക്കുറിച്ചു് ആയാളിപ്പോൾ പിന്നോക്കം നോക്കുന്നതു് ഒരു പുഞ്ചിരിയോടുകൂടിയാണു്.

അവളൊരു വൃദ്ധയായിക്കഴിഞ്ഞിരുന്നു. ആ ദ്വീപിൽ സ്ത്രീകൾക്കു വളരെവേഗം വാൎദ്ധക്യം ബാധിക്കുക പതിവാണു്. അവളോടു് ആയാൾക്കുണ്ടായിരുന്ന പ്രേമം തീരെ നശിച്ചു കഴിഞ്ഞിരുന്നെങ്കിലും, സഹിഷ്ണുത കാണിക്കാൻ അന്നും ആയാൾക്കു് കഴിഞ്ഞിരുന്നു. അവൾ ആയാളെ തനിച്ചുവിട്ടു. തന്റെ പിയാനോകൊണ്ടും പുസ്തകങ്ങളെക്കൊണ്ടും ആയാൾ തൃപ്തിപ്പെടുകയും ചെയ്തു.

ആയാളുടെ ചിന്തകൾ ആയാളെ വീണ്ടും സംസാരിക്കുവാൻ പ്രേരിപ്പിച്ചു.

'റെഡ്ഡിന്റെയും സാല്ലിയുടേയും ആവേശഭരിതമായിരുന്ന ആ പ്രേമത്തെക്കുറിച്ചു് ചിന്തിക്കുമ്പോൾ എനിക്കിപ്പോൾ തോന്നുന്നു, അതു് അതി

ൻെറ മൂൎദ്ധന്യത്തിലിരുന്ന അക്കാലത്തുതന്നെ അവരെ വേർപെടുത്തിയ ക്രൂരമായ നിയതിയോടു് അവർ നന്ദിയുള്ളവരായിരിക്കേണ്ടതാണെന്നു്. അവർ തീവ്രവേദനയനുഭവിച്ചു; പക്ഷേ, അതു് സുന്ദരമായ ഒരു പരിതഃസ്ഥിതിയിലായിരുന്നു. പ്രേമത്തിൻെറ കൂടുതൽ ഹൃദയസ്പൎശിയും സ്വാഭാവികവുമായ ദുഃഖപരിണാമത്തിൽ നിന്നു് അതവരെ രക്ഷിച്ചു.

“നിങ്ങൾ പറയുന്നതു് വേണ്ടപോലെ മനസ്സിലാക്കാൻ എനിക്കു് സാധിക്കുന്നുണ്ടെന്നു് പറഞ്ഞുകൂട”. കപ്പിത്താൻ പറഞ്ഞു.

“മരണമോ, വിയോഗമോ അല്ല പ്രേമത്തിൻെറ യഥാൎത്ഥത്തിലുള്ള ദുഃഖപരിണാമം. അവരിൽ ഏതെങ്കിലുമൊരാൾ മററെ ആളെക്കുറിച്ചു് ഗൌനിക്കാതാവാൻ എത്ര കാലം കഴിഞ്ഞിരിക്കണമെന്നാണു് നിങ്ങൾ വിചാരിക്കുന്നതു്? നിങ്ങളുടെ ദൃഷ്ടിയിൽനിന്നു് ഒരു നിമിഷനേരവുംകൂടി വിട്ടുപോവുന്നതിനെ സഹിക്കാൻ കഴിയാതിരിക്കത്തക്കവണ്ണം അത്രയും നിങ്ങളുടെ ഹൃദയംകൊണ്ടും ആത്മാവുകൊണ്ടും നിങ്ങൾ പ്രേമിച്ച ഒരു സ്ത്രീയെ ഇനിയൊരിക്കലും കാണുന്നില്ലെങ്കിൽകൂടി വിശേഷിച്ചു തരക്കേടൊന്നുമില്ലെന്ന ബോധത്തോടുകൂടി നോക്കുന്നതിൽപരം അസുഖകരമായ മററെന്തൊരു സംഗതിയാണുള്ളതു്? പ്രേമത്തിൻെറ ദുഃഖപരിണാമം ഗൌനിക്കപ്പെടാതിരിക്കലാണു്.”

അയാൾ സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നിടയിൽ ഒരസാധാരണ സംഭവമുണ്ടായി. കപ്പിത്താനെ അഭിമുഖീകരിച്ചുകൊണ്ടായിരുന്നുവെങ്കിലും അയാൾ സംസാരിച്ചിരുന്നതു് അയാളോടായിരുന്നില്ല. അയാൾ തന്റെ വിചാരങ്ങൾക്ക് വാക്കുകളിൽകൂടി പ്രകാശം നല്കുകയായിരുന്നു; തന്റെ മുമ്പിലിരുന്നിരുന്ന മനുഷ്യന്റെമേൽ അയാൾ ദൃഷ്ടിപതിപ്പിച്ചിരുന്നുവെങ്കിലും, അയാളെ കണ്ടിരുന്നില്ല. എന്നാൽ ഇപ്പോൾ അവന്റെ മുമ്പിൽ ഒരു രൂപം പ്രത്യക്ഷപ്പെട്ടു. അവിടെ ഇരുന്നിരുന്ന ആളിൽനിന്നു് വ്യത്യസ്തമായ ഒരു രൂപം! അത് ചില വിചിത്രങ്ങളായ കണ്ണാടികൾ നിങ്ങളുടെ രൂപത്തെ കുറെ അധികം വണ്ണത്തിലോ, നീളത്തിലോ ആഭാസമായി പ്രതിബിംബിച്ചുകാണിക്കുന്നതുപോലെയുള്ള ഒരത്ഭുതമായിരുന്നു. പക്ഷെ ഇവിടെ ആഭാസമായ ഒരു രൂപത്തിന്റെ സുന്ദരമായ ഒരു പ്രതിച്ഛായയെയാണു് നീൽസൺ ദശിച്ചതെന്നുമാത്രം.

അയാൾ കപ്പിത്താനെ വേഗത്തിൽ, സൂക്ഷ്മമായി, പരിശോധനദൃഷ്ടിയോടുകൂടി ഒന്നു നോക്കി. അർത്ഥശൂന്യമായ ഒരു നടത്തം അയാളെ എന്തിനായിരുന്നു അങ്ങോട്ടു കൊണ്ടുവന്നതു്?

അയാളുടെ ഹൃദയത്തിൽ പെട്ടെന്നുണ്ടായ ഒരു കിടിലം അയാളെ ശ്വാസംമുട്ടിച്ചുപോലാക്കി. അർത്ഥശൂന്യമായ ഒരു സംശയം അയാളെ ബാധിച്ചു.

അതിൽ സംഭാവ്യതയുടെ ഒരു ലാഞ്ഛനപോലുമു ണ്ടാവാൻ നിവൃത്തിയില്ല.; എങ്കിലും അതു തികച്ചും യഥാൎത്ഥമായിരിക്കാം.

"നിങ്ങളുടേ പേരെന്താണ്?" അയാൾ പെട്ടെന്നു ചോദിച്ചു.

കപ്പിത്താൻെറ മുഖത്തിൽ എന്തെന്നില്ലാത്ത ഒരു വൈകൃതം വ്യാപിച്ചു. പ്രേക്ഷകരെ അതിയായി വെറുപ്പിക്കാൻപോന്ന ഒരാഭാസത്തം അവിടെ തെളിഞ്ഞുകണ്ടു.

"ഞാനതു പറഞ്ഞുകേട്ടിട്ട് വളരെക്കാലമായി. അതുകൊണ്ടു എൻെറ ഓൎമ്മയിൽനിന്നുതന്നെ അത് മാഞ്ഞുപോയിരിക്കുന്നു. കഴിഞ്ഞ മുപ്പതു കൊല്ലങ്ങളായി ഈ ഭാവികളിൽ അവരെന്നെ "റെസ്റ്റ്" എന്നാണ് വിളിക്കുന്നതു്"

അയാൾ പതുക്കെ, ഏതാണ്ട് നിശ്ശബ്ദമെന്നുതന്നെ പറയാവുന്ന തരത്തിൽ, ഒരു ചിരിചിരിച്ചു. അത് അയാളുടെ ആ വലിയ ദേഹത്തെ അങ്ങിനെ തന്നെ കലുക്കി. ആഭാസമയമായ ഒരു ചിരി! നീൽസൺ ആകെ വിറച്ചു. റെസ്റ്റിന്നു് കലശലായ നേരമ്പോക്കുതോന്നി. അയാളുടെ ചോരക്കണ്ണുകളിൽനിന്ന് കവിൾത്തടങ്ങളിലൂടെ കണ്ണീർ ധാരധാരയായി വീണു.

ആ നിമിഷത്തിൽ അവരിരുന്നിരുന്ന മുറിയിലേക്ക് ഒരു സ്ത്രീ വരുന്നതുകണ്ടു് നീൽസൺ ഒന്നു

നടുങ്ങി. ഏതാണ്ടൊരു കല്പനാശക്തിയോടുകൂടിയ ഭാവവും, തടിച്ചതെങ്കിലും വിരൂപമല്ലാത്ത ദേഹവും, വാർദ്ധകം കരുപ്പുപിടിപ്പിച്ച അംഗകാന്തിയും—ആ നാട്ടിലെ സ്ത്രീകൾ വാർദ്ധകമാവുന്നതോടുകൂടി കറുത്തുപോകുന്നതു് സാധാരണമായിരുന്നു—നരച്ച തലമുടിയുംചേർന്ന ഒരു നാടൻ സ്ത്രീയായിരുന്നു അതു്. അവർ ധരിച്ചിരുന്നതു് നേരിയതും അടിവരെ എത്തുന്നതുമായ ഒരു നെടുങ്കുപ്പായമായിരുന്നു. അതിന്റെ നേർമ്മ അവരുടെ തടിച്ച മാറിടത്തെ അല്പാല്പം പുറത്തുകാണിക്കുന്നുണ്ടായിരുന്നു.

പ്രതീക്ഷകളുടെ ലക്ഷ്യമായ ആ നിമിഷം വന്നുചേർന്നു.

ചില വീട്ടുകാര്യങ്ങളെ സംബന്ധിച്ചു് അവൾ നീൽസനോടു് ചില അഭിപ്രായപ്രകടനങ്ങൾ നടത്തി; അയാൾ അവയെല്ലാം സമാധാനം നല്കുകയും ചെയ്തു. തന്റെ ശബ്ദം തനിക്കു തോന്നിയിരുന്നതുപോലെതന്നെ അവൾക്കും അസാധാരണമായി തോന്നിയിരിക്കുമോ എന്നു് അയാളത്ഭുതപ്പെട്ടു. ജനലിന്നടുത്തിരുന്നിരുന്ന ആ മനുഷ്യനെ അലക്ഷ്യമായൊന്നു നോക്കിയതിനുശേഷം അവൾ മുറിവിട്ടുപോവുകയും ചെയ്തു. അങ്ങിനെ ആ നിമിഷം വന്നും പോയും കഴിഞ്ഞു.

ഒരു നിമിഷനേരത്തേക്കു് നീൽസന്നു് സംസാരിക്കാൻ കഴിഞ്ഞില്ല. ആയാൾ വല്ലാതെ ക്ഷോഭിച്ചു കഴിഞ്ഞിരുന്നു. പിന്നീടയാൾ പറഞ്ഞു:

"നിങ്ങൾ ഭക്ഷണം കഴിക്കുന്നതിന്നു് ഞങ്ങളുടെ കൂടെ കൂടുന്നതു് എനിക്കു് വളരെ സന്തോഷമായിരിക്കും."

"എനിക്കു് സാധിക്കുമെന്നു് തോന്നുന്നില്ല. "റെസ്സ് പറഞ്ഞു. "എനിക്കു് ആ ഗ്രയെ കണ്ടുപിടിക്കണം. ആയാളുടെ സാമാനങ്ങൾ ആയാളെ ഏല്പിച്ചു് എനിക്കു് വേഗം തിരിച്ചുപോകണം. നാളെ ആപ്പിയയിൽ മടങ്ങി എത്താതെ കഴിയില്ല."

"നിങ്ങൾക്കു് വഴികാണിച്ചുതരാൻ ഞാനൊരു കുട്ടിയെ അയക്കാം."

"വളരെ നല്ലതു്."

നീൽസൺ തോട്ടത്തിൽ പ്രവൃത്തിയെടുത്തിരുന്ന ഒരു കുട്ടിയെ വിളിച്ചു. റെസ്സ് കസാലയിൽ നിന്നെഴുന്നേററു്, പോവാനൊരുങ്ങിനിന്നു. കപ്പിത്താന്നു് എങ്ങോട്ടാണു് പോകേണ്ടതെന്നു് നീൽസൺ ആ കുട്ടിക്കു് പറഞ്ഞുകൊടുത്തു. അവൻ പാലത്തിന്മേൽക്കൂടി നടന്നുതുടങ്ങി; കപ്പിത്താൻ അവനെ പിന്തുടരുകയുംചെയ്തു.

"വീഴരുതേ" നീൽസൺ വിളിച്ചുപറഞ്ഞു.

',ഒരിക്കലുമില്ല."

കപ്പിത്താൻ നടന്നുപോകുന്നതു് നീൽസൺ നോക്കിക്കൊണ്ടുനിന്നു. ആയാൾ തെങ്ങുകളുടെ ഇടയിൽ അപ്രത്യക്ഷനായപ്പോൾ, ആയാൾക്കു് ഒരു ശാന്തി ലഭിച്ചതുപോലെതോന്നി. ആയാൾ ഒരു

കസേലയിൽ ചാരികിടന്നു. തന്റെ ജീവിതത്തി ലെ ആനന്ദത്തെ തടഞ്ഞ മനുഷ്യൻ ആയാളായി രുന്നുവോ? സാല്ലി ഈ കാലമൊക്കെ സ്നേഹിക്കുക യും കാത്തുകൊണ്ടിരിക്കുകയുംചെയ്തതു് ഈയാളെയാ യിരുന്നുവോ? അതു അചിന്ത്യമായിരുന്നു. ചാടിയെ ഴുന്നേറ്റു് ചുറ്റുമുള്ള എല്ലാം സാധനങ്ങളേയും തച്ചു തവിട്ടുപൊടിയാക്കാനുള്ള ഒരു പ്രേരകശക്തിയെ ആയാളിൽ ഉത്തേജിപ്പിക്കുവാൻ പോന്ന ഒരു കോ പാവേശം ആയാളെ ബാധിച്ചു. ആയാൾ വഞ്ചി തനായിരിക്കുന്നു. അവസാനം അവർ കണ്ടുമുട്ടി; പക്ഷേ അവരതറിഞ്ഞില്ല ആയാൾ ആഹ്ലാദമില്ലാ ത്ത ഒരു ചിരി ചിരിക്കാൻ തുടങ്ങി. ഒരു അപ സ്മാരരോഗിയുടെ ചേഷ്ടകളെ അനുസ്മരിപ്പിക്കുന്ന തരത്തിലുള്ള ഒരു ചിരിയായി അതു രൂപാന്തരം പ്രാപിച്ചു. ദേവകൾ ആയാളെക്കൊണ്ടു് ക്രൂരമായ ഒരു കളികളിച്ചു. ഇപ്പോഴായാൾ വൃദ്ധനാവുക യും ചെയ്തു.

കുറെ കഴിഞ്ഞപ്പോൾ, ഭക്ഷണം തെയ്യാറായെ ന്നുപറയുവാൻവേണ്ടി സാല്ലി അകത്തേക്കുവന്നു. ആ യാൾ അവളുടെ മുമ്പിലിരുന്നു ഭോജനമാരംഭിച്ചു. ആ കസാലയിലിരുന്ന തടിച്ച വൃദ്ധൻ, അവൾ ആ കാലംമുഴുവൻ അത്രയും ആവേശത്തോടുകൂടി പ്രേമി ച്ചുകൊണ്ടിരുന്ന റെസ്സായിരുന്നുവെന്നു് അവളെ അപ്പോൾ അറിയിക്കുകയാണെങ്കിൽ, അവൾ എന്തു

പറയുമായിരിക്കുമെന്നു് ആയാൾ അത്ഭുതപ്പെട്ടു. വളരെ കൊല്ലങ്ങൾക്കുമുമ്പു്, അവളായാളെ അസ്വസ്ഥനും അസുഖിയുമാക്കിയതിന്റെ ഫലമായി ആയാളവളെ വെറുത്തിരുന്ന കാലത്താണെങ്കിൽ, അവളോടതുപറയാൻ ആയാൾക്കു് സന്തോഷംതോന്നുമായിരുന്നു. അവൾ ആയാളെ വേദനിപ്പിച്ചപോലെ, അവളെ ആയാളും വേദനിപ്പിക്കാൻ ആഗ്രഹിച്ചു. ഇപ്പോൾ ആയാൾക്കതിന്നും വലിയ ശ്രദ്ധയൊന്നുമില്ല. ആയാൾ അസ്വസ്ഥനായിട്ടെന്നപോലെ ചുമലുകൾ കുലുക്കിക്കൊണ്ടിരുന്നു.

“എന്തിനാണായാൾ വന്നിരുന്നതു്?” അവൾ കുറെ കഴിഞ്ഞപ്പോൾ ചോദിച്ചു.

ആയാൾ ഉടനെ ഉത്തരം പറഞ്ഞില്ല. അവൾ വൃദ്ധയായിരിക്കുന്നുണ്ടു്. ഒരു തടിച്ച നാടൻവൃദ്ധ! താനവളെ അത്രയും ഉന്മത്തമായി പ്രേമിച്ചതെന്തുകൊണ്ടായിരുന്നുവെന്നു് ആയാളത്ഭുതപ്പെട്ടു. ആയാൾ അവളുടെ കാല്ക്കൽ തന്റെ ആത്മാവിന്റെ ഭണ്ഡാഗാരം മുഴുവൻ അടിയറവെച്ചു; അവളാവട്ടെ, അതിനെയെല്ലാം തീരെ അവഗണിക്കുകയും ചെയ്തു.

നഷ്ടം! എന്തൊരു നഷ്ടം!

ഇപ്പോൾ അവളെ നോക്കിക്കൊണ്ടിരിക്കുമ്പോൾ, ഒരു പുച്ഛംകലർന്ന നിന്ദയാണു് ആയാൾക്കു

വളരെ കുട്ടത്തോന്നിയതു്. അവസാനം ആയാളുടെ ക്ഷമ നശിച്ചു. അവളുടെ ചോദ്യത്തിന്നു് ആയാറം ഉത്തരം പറഞ്ഞു.

"ആയാറം ഒരു കപ്പലിൻെറ കപ്പിത്താനാണു്. ആപ്പിയയിൽനിന്നാണായാറം വരുന്നതു്."

"ആ!"

"ആയാറം എൻെറ വീട്ടിൽനിന്നു് വത്തമാനവുംകൊണ്ടു് വന്നിരിക്കുകയാണു്. എൻെറ മൂത്ത ജ്യേഷ്ഠന്നു് കലശലായ സുഖക്കേടാണത്രെ. എനിക്കു ടിയന്തിരമായി അങ്ങോട്ടുപോകണം."

"മടങ്ങിവരാൻ വളരെ താമസിക്കുമോ?"

ആയാറം തൻെറ ചുമലുകറം കുലുക്കി.

# മാനസാന്തരം

(ബെഞ്ചമിൻ റോസൻബ്ലാററ്)

വൃദ്ധനായ സെലിഗ്ഗിനെ ആയാളുടെ സമുദായക്കാർ ഒരു പുച്ഛത്തോടു കൂടിയാണു് വീക്ഷിച്ചിരുന്നതു്. ആയാളെ "റെബ്"സെലിഗ്ഗ് എന്നോ, അല്ലെങ്കിൽ അതിന്റെ അമേരിക്കൻ രൂപമായ "മിസ്റ്റർ" എന്നു് പേരിന്റെ മുമ്പിൽ ചേർത്തോ വിളിക്കാനുംകൂടി ആരും ഒരുക്കമുണ്ടായിരുന്നില്ല. അവർ പറയും, "ആയാൾ ഒരു സെൻറപോലും ഒരിക്കലും വിലവാക്കുന്നില്ല; ആരുമായും ആയാൾക്കൊരു ബന്ധവുമില്ല." ന്യൂയോർക്കിലെ കിഴക്കൻ ഭാഗങ്ങളിൽ ഏതെങ്കിലുമൊരു സ്ഥാപനമായി ബന്ധമുണ്ടായിരിക്കേണ്ടതിന്നു് കുറച്ചൊന്നുമല്ല പ്രാധാന്യമുള്ളതു്. മതപരമായി എണ്ണമററ സംഘങ്ങളുള്ളതിൽ ഏതെങ്കിലുമൊന്നിൽ അംഗമാവുക എന്നാണതിന്നർത്ഥം. നിലയും വിലയുമുള്ള എല്ലാ യഹൂദനും "അംഗങ്ങളുടെ ശവസംസ്കാരം നടത്തുന്നതിന്നുള്ള ഒരു സംഘത്തിൽ, ഈ നീണ്ട പാതയുടെ അവസാനത്തിൽ ചുരുങ്ങിയ ഒരു വിശ്രമസ്ഥാനമെങ്കിലും ലഭിക്കുന്നതിന്നുവേണ്ടി, അംഗമായിരിക്കണം. സെലിഗ്ഗ് അത്തരമൊരു സംഘത്തിൽക്കൂടി ഒരംഗമായിരുന്നില്ല. "ഒരു കല്ലിനെപ്പോലെ ഏകാകി," ആയാളുടെ ഭാര്യ പലപ്പോഴും നെടുവീർപ്പിട്ടുകൊണ്ടു് വിചാരിക്കും.

പ്രവൃത്തിയെടുത്തിരുന്ന അലക്കുകമ്പനിയിൽ സെലീഗ്ഗ്, തന്റെ ചുററിലേക്കും ഒന്നു തിരിഞ്ഞു നോക്കകൂടിചെയ്യാതെ, ആ വലിയ ഇസ്തിരിപ്പെട്ടി വസ്ത്രങ്ങളുടെമേലെ നടത്തിക്കൊണ്ടു്, അങ്ങിനെ മേശക്കരികിൽ നില്ക്കും. അവിടത്തെ പ്രവൃത്തിക്കാരെല്ലാം, ഒരു സ്ട്രൈക്കുണ്ടായപ്പോൾ രണ്ടുദിവസം കൂട്ടത്തിൽകൂടി മൂന്നാമത്തെ ദിവസം അവരെക്കൂടാതെ ആയാൾ പ്രവൃത്തിക്കു പോയതിനെത്തുടന്നു്, വളരെ നിന്ദയോടുകൂടിയാണു് ആയാളെ വീക്ഷിച്ചിരുന്നതു്. മടിയനായിരിക്കുന്നതു് ആയാൾക്കു് ദുസ്സഹമായിരുന്നു; ശമ്പളലക്കോട്ടു് ലഭിക്കാത്ത ഒരു ശനിയാഴ്ചയേ ആയാൾക്കു് വലിയ ഭയമായിരുന്നു.

ആയാളുടെ ശരീരപ്രകൃതിയോടുതന്നെ സഹപ്രവത്തകന്മാക്കെല്ലാം വെറുപ്പായിരുന്നു. നീണ്ടു്, ഉരുക്കുകൊണ്ടുണ്ടാക്കിയതുപോലെയുള്ള ദേഹം. എന്തിനെയെങ്കിലും തുറിച്ചു നോക്കിക്കൊണ്ടു നില്ക്കുമ്പോൾ, ആയാൾ ഒരു കശടനായ സാംസണെ അനുസ്മരിപ്പിച്ചിരുന്നു. ആയാളുടെ നരച്ചുനീണ്ട തലമുടി ആ വലിയ ചുമലുകളിൽ വീണുകിടന്നിരുന്നു. വൃത്തികെട്ട ഉടുപ്പ് ശരീരത്തിൽ അയഞ്ഞുകിടക്കും; വേനൽക്കാലത്തും ശീതകാലത്തും ഒരുപോലെ, ആ പഴയ തൊപ്പി ആയാളുടെ വലിയ തലമണ്ടയേ മൂടുന്നുമുണ്ടാവും.

ആയാൾ തന്റെ ജീവിതത്തിലെ ഒരു വലിയ ഭാഗം ലിററിൽറഷ്യയിലെ ഒരു കുഗ്രാമത്തിൽ, ഒരു കൃഷിക്കാരന്റെ ദേശീയ ഉടുപ്പും ധരിച്ചു്, കൃഷിപ്രവൃത്തി ചെയ്തു കൊണ്ടാണു് കഴിച്ചതു്. ആയാളുടെ ഏകപുത്രൻ, അവന്റെ ഭാര്യയുടെ നിര്യാണത്തിനുശേഷം, പന്ത്രണ്ടു വയസ്സുമാത്രം പ്രായമായിരുന്ന മകനേയും കൊണ്ടു് ദാരിദ്ര്യപീഡ സഹിക്കാൻ കഴിയാതെ, അമേരിക്കയിലേക്കു് കുടിയേറിപ്പാർക്കാൻ വന്നപ്പോൾ, സെലീഗ്ഗിന്റെ പരുഷഹൃദയത്തിന്നു് സഹിക്കാൻ കഴിഞ്ഞില്ല. എന്നിട്ടും, ആയാൾ കഷ്ടപ്പാടുകൾ സഹിച്ചുകൊണ്ടു്, തന്റെ സ്വദേശത്തുതന്നെ കഴിഞ്ഞു കൂടാനും, അവിടെവെച്ചുതന്നെ ജീവിതം അവസാനിപ്പിക്കാനും തീരുമാനിച്ചു. ഒരു ദിവസം തന്റെ പുത്രന്നു് സുഖക്കേടാണെന്നു കാണിച്ചുകൊണ്ടുള്ള ഒരു കത്തു് ആയാൾക്കു് കിട്ടി. ഈ ദുഃഖവാർത്തയുടെ പിന്നാലെ തന്നെ സന്തോഷകരമായ മറെറാരു വർത്തമാനവുമുണ്ടായിരുന്നു.— "നിങ്ങളുടെ പൌത്രൻ മോസസ് പബ്ലിക്ക് സ്കൂളിലേക്കു് പോവാൻ തുടങ്ങിയിരിക്കുന്നു. എങ്കിലും ഇസ്രേലിലെ ദൈവത്തിനെ മറക്കാൻ അവൻ നിർബ്ബന്ധിതനായിട്ടുമില്ല" സെലീഗ്ഗിന്റെ ഭാര്യ ഈ കത്തു കിട്ടിയതിനെത്തുടർന്നു് മൂന്നു ദിവസം ഇടവിടാതെ കരഞ്ഞുകൊണ്ടേയിരുന്നു. വൃദ്ധൻ അധികമൊന്നും സംസാരിച്ചില്ല; ആയാൾ തന്റെ ചുരുങ്ങിയ സ്വത്തുക്കൾ ഓരോന്നായി വില്ക്കാൻ തുടങ്ങി.

തന്റെ ഗ്രാമത്തിന്നു പുറത്തുള്ള ലോകത്തെ അഭിമുഖീകരിക്കുന്നതു് ആ വൃദ്ധനായ നാടന്നു് മരണവേദനയുണ്ടാക്കുന്ന ഒരു സംഗതിയായിരുന്നു. എന്നാൽ, തന്റെ മകന്റെ വീട്ടിലെ പുതിയ ജീവിതം വേഗത്തിൽ സഹനീയമായിത്തീരുമെന്നു് അയാളാശിച്ചു. തീവണ്ടിയിലും തീക്കപ്പലിലുമായുള്ള ആ നീണ്ട യാത്ര അയാളെ വല്ലാതെ ഭയപ്പെടുത്തി. താൻ എത്തിച്ചേർന്ന നഗരത്തിലെ ബഹളവും ഇരമ്പവും ആയാളെ ഏതാണ്ടു് ബോധരഹിതനാക്കുക തന്നെ ചെയ്തു. നഗരത്തിലെ യാതൊന്നിനോടും ബന്ധപ്പെടാത്ത ഒരൊഴിഞ്ഞ നില ആയാളംഗീകരിച്ചു, ആയാളുടെ ആത്മാവും ഹൃദയവും ആ ബഹളത്തിൽനിന്നെല്ലാം വിട്ടുനില്ക്കുന്നപോലെ തോന്നി. പ്രകാശത്തിന്റെ ഒരു പൊരിപോലും, ഒരിക്കലെങ്കിലും ആയാളുടെ നയനങ്ങളെ സന്ദർശിച്ചില്ല. ഒരൊററ വിചാരംമാത്രം ആയാളുടെ മസ്തിഷ്ക്കത്തിൽ അവശേഷിച്ചു; ഒരൊററ വിചാരം മാത്രം ആയാളുടെ ഹൃദയത്തിൽ മിടിച്ചുകൊണ്ടിരുന്നു. തനിക്കും തന്റെ കുടുംബത്തിന്നും നാട്ടിലേക്കു മടങ്ങി സ്വദേശത്തു ജീവിതം കഴിച്ചുകൂട്ടുവാനാവശ്യമായ പണം സമ്പാദിക്കുക! ഒന്നിന്റെ നേക്കും കണ്ണും ചെവിയും കൊടുക്കാതെ, ആയാളങ്ങിനെ കഴിഞ്ഞുകൂടി. നാട്ടിലേക്കു മടങ്ങുവാൻ ആയാൾ കൊതിച്ചു. ഉറച്ച ഒരു ജോലി കിട്ടുന്നതി

നുമുമ്പു്, ദിവസവും മൻഹാട്ടനിൽ ഉടനീളം കാലടികഠം നീട്ടിവെച്ചുകൊണ്ടു് ആയാഠംധൃതിയിൽ നടന്നുകൊണ്ടിരുന്നു. കുട്ടികളും, ചിലപ്പോഠം വലിയവരുംകൂടി, ആയാഠംക്കു് കടന്നു പോകാൻ വേണ്ടി വഴി മാറിക്കൊടുക്കേണ്ടിവന്നു. തന്റെ ചുറ്റുപാടിൽ ഒരസ്ത്രത്തെ വഹിക്കുന്ന ഒരു കൂററൻ രാക്ഷസനാണായാളെന്നു് പലക്കും തോന്നിയിരുന്നു.

അവസാനം ആയാഠംക്കൊരു ജോലി കിട്ടിയ ആ ഷാപ്പിലെ മററു തൊഴിലാളികളെല്ലാം ആദ്യത്തിൽ ആയാളെ ഭയപ്പെട്ടിരുന്നു. എന്നാൽ, പിന്നീടു്, അതൊരു നിരുപദ്രവിയായ കൂററനാണെന്നു കണ്ടപ്പോഠം, അവക്കു് ധൈര്യമായി. മാത്രമല്ല, ഒന്നുരണ്ടുതവണ അവരായാളെ കളിയാക്കുവാൻകൂടി ധൈര്യപ്പെട്ടു. അവിടെ പ്രവൃത്തിയെടുത്തിരുന്ന നിരവധി തൊഴിലാളികളുടെ കൂട്ടത്തിൽ ഒരാഠംക്കു മാത്രമാണു് സെലീഗിനോടു് കുറച്ചെങ്കിലും അടുപ്പമുണ്ടായിരുന്നതു്. ആയാഠം ആ ഷാപ്പിലെ കാവല്ക്കാരനായിരുന്നു ഭയത്തെ സൂചിപ്പിച്ചിരുന്ന കണ്ണുകളും, പാതി പൊളിച്ച വായുംചേന്ന, ചുവന്നു, കുറിയ ഒരു പോളണ്ടുകാരൻ. വിചിത്രപ്രകൃതികളായിരുന്ന ആ രണ്ടു സഖാക്കളും വളരെ തമാശക്കാഠംക്കു് ലക്ഷ്യങ്ങളായിരുന്നു. "വലിയ ആഠം ഒരാനയെപ്പോലെയിരിക്കുന്നു." ഷാപ്പിലെ വിദൂഷകൻ തട്ടിമുളിക്കും. "ആയാഠം പനക്കു പകരം പെ

നിയിന്മേൽ ചോററപ്പെടുവാനാണിഷ്ടപ്പെടുന്നതെന്നുമാത്രം."

"ഓയ്! ഓയ്! ആയാളുടെ മൂക്ക് ആയാളുടെ കള്ളി പൊളിക്കും" ഷാപ്പിലെ "തത്വജ്ഞാനി" കേറിപ്പറയും ഭക്ഷണം കഴിക്കുന്നതിന്നുള്ള ഒഴിവുസമയത്ത് ആയാൾ തുടരും. "നോക്കിൻ! പണമാണ് ആയാളുടെ രക്തം. വീട്ടിലേക്ക് മടങ്ങാൻ ആവശ്യമായ ഡോളർ ഒരുക്കൂട്ടുന്നതിന്നുവേണ്ടി ആയാൾ പട്ടിണികിടക്കുന്നു. പോൾ എല്ലാം എന്നോടു പറഞ്ഞു. ആയാളിവിടെ എന്തിന്നു ജീവിക്കണം? മതസ്വാതന്ത്ര്യത്തെപ്പററിയൊന്നും ആയാൾക്കൊരു വിലയുമില്ല. പിന്നെ, പത്രസ്വാതന്ത്ര്യം? ബം— ആയാൾ യാഥാസ്ഥിതികപത്രമായ "ടേജ്ബ്ലാററ്" കൂടി വായിക്കാറില്ല."

ഈ വക അഭിപ്രായപ്രകടനങ്ങളെയെല്ലാം സെലിഗ്ഗ് അലക്ഷ്യമായി നേരിട്ടു. വളരെ ദുർല്ലഭമായേ ആയാൾ തന്റെ കോപത്തിന്റെയും വെറുപ്പിന്റെയും പ്രകടിപ്പിക്കുവാൻ വേണ്ടി കണ്ണുകളിലെ വെള്ളയെ ഒന്നു ചുഴററാറുള്ളു. അപ്പോഴും ആ പ്രകടനത്തിന്നുള്ള ശ്രമം, തന്റെ ഇസ്തിരിപ്പെട്ടികൊണ്ടു കറച്ചുറക്കെ മേശമേൽ ഒരു തട്ടു കൊടുക്കുന്നതിൽ അവസാനിക്കുകയും ചെയ്യും.

റഷ്യയിലെ മർദ്ദിക്കപ്പെട്ട യഹൂദരുടെ ആക്രന്ദനം അത്ത്ലാന്തിക്കിൽകൂടി അമേരിക്കയിലെത്തു

കയും, മാൻഹാട്ടനിലെ യഹൂദർ പ്രതിഷേധസൂച
കമായി ഒരു ഘോഷയാത്ര, ബഹളംകൊണ്ടു് മുഖരി
തമായിരുന്ന തെരുവിന്റെ നിശ്ശബ്ദതയിലൂടി
ക്കൊണ്ടു് നടത്തുകയും ചെയ്തപ്പോൾ, എല്ലാ ഷാപ്പു
കളും ദുഃഖസൂചകമായി പൂട്ടിയിരുന്നുവെങ്കിലും, എ
ല്ലാ വീട്ടിൽനിന്നും ഭയാശങ്കകളെ ധ്വനിപ്പിക്കുന്ന
നിലവിളികൾ മുഴങ്ങിയിരുന്നുവെങ്കിലും, വൃദ്ധ
നായ സെലീഗ്ഗ് മാത്രം തന്റെ ജോലി നോക്കി
ക്കൊണ്ടു് ഷാപ്പിൽ ഹാജരായിരുന്നു. ആയാളുടെ
സഹപ്രവത്തകന്മാർ ഘോഷയാത്രയിൽ ചേരുവാൻ
ആയാളെ വിളിച്ചില്ല. ആ കാടന്റെ സാധാരണ
പ്രകൃതി തന്നെ, ഘോഷയാത്രയിൽ നടന്നിരുന്നവ
രുടെ ദുഃഖപ്രകടനത്തോടു് കിടപിടിക്കുമെന്നായി
രുന്നു അവരുടെ അഭിപ്രായം. ആ ശ്മശാനസംഗീത
ത്തിന്റെ ധ്വനി അകലെ ഒരു തെരുവിൽനിന്നു്
പൊങ്ങിക്കേട്ട ഉടനെ, തന്റെ പഴയ തൊപ്പി ത
ലയിൽനിന്നെടുത്തു്, അസ്വാസ്ഥത പ്രകടിപ്പിച്ചു
കൊണ്ടു്, വീണ്ടും അതവിടത്തന്നെ വലിച്ചിറക്കി
വെക്കുന്നതു കണ്ടുവെന്നു് പിറെറ ദിവസം കാവല്ക്കാ
രൻ പറഞ്ഞു. "ആ ദിവസം ബാക്കി സമയമാകെ,
ആയാൾ മുമ്പു കണ്ടിട്ടില്ലാത്തവിധം ക്ഷുഭിതനായി
കാണപ്പെട്ടു. ആ കെട്ടിടത്തിനെ മറിച്ചിട്ടേക്കുമോ
എന്നു് എന്നെ ഭയപ്പെടുത്തുവാൻ തക്കവണ്ണം ആ
യാൾ ഇസ്തിരിപ്പെട്ടികൊണ്ടു് വസ്ത്രങ്ങളിന്മേൽ ഉര
ക്കിൽ ഇടിച്ചുകൊണ്ടുമിരുന്നു"

എന്നാൽ സെലീഗ്ഗ് തന്നെക്കുറിച്ച് പറയപ്പെടുന്ന കാര്യങ്ങളെയൊന്നും അത്ര വകവെച്ചിരുന്നില്ല. തന്റെ സമ്പാദ്യങ്ങളെ ഒരുക്കൂട്ടി വെക്കുന്നതിന്ന് ആയാൾ തന്റെ ജീവിതത്തെ സമർപ്പിച്ചിരിക്കുകയാണ്. അതിൽനിന്ന് ഏതെങ്കിലുമൊരുഭാഗം ചിലവഴിക്കപ്പെടാൻ താൻ നിർബ്ബന്ധിതനായേക്കുമോ എന്നു മാത്രമാണയാളുടെ ഭയം. പെട്ടെന്ന് ഉണർന്നു നോക്കുമ്പോൾ, രാത്രിയിലെ ഇരുട്ടിൽ കിടക്കയിൽ എഴുന്നേററിരുന്ന് ബാങ്ക്നോട്ടുകളുടെ കെട്ടുകൾ എണ്ണിക്കണക്കാക്കി വീണ്ടും, അവ സാധാരണയായി സൂക്ഷിച്ചു വെക്കാറുള്ള സ്ഥലത്ത്—ആയാളുടെ തലയിണയുടെ ചുവട്ടിൽ—തിരുകി വെക്കുന്ന ജോലിയിൽ ഏർപ്പെട്ട തന്റെ ഭർത്താവിന്റെ അവ്യക്തരൂപം കണ്ട് സെലീഗ്ഗിന്റെ ഭാര്യ ഒന്നോ രണ്ടോ തവണയല്ല ഭയപ്പെട്ടിട്ടുള്ളത്. വീട്ടുചിലവുകൾക്കുവേണ്ടി അനുവദിക്കപ്പെട്ടിരുന്ന തുച്ഛമായ സംഖ്യയ്ക്കു പുറമെ, എപ്പോഴെങ്കിലും എന്തെങ്കിലും ആവശ്യപ്പെട്ടാൽ, അതെല്ലാം നിരസിക്കുന്ന ആയാളുടെ സ്വഭാവത്തിന്റെ നേർക്ക് അവൾക്ക് പലപ്പോഴും "കിളരേണ്ടി" വന്നിട്ടുണ്ട്. അവൾ അപേക്ഷിക്കും; ദ്വേഷ്യപ്പെട്ടു നോക്കും; കരഞ്ഞുനോക്കും. യാതൊരു ഭാവഭേദവും കൂടാതെ ആയാളുറപ്പിച്ചു പറയും. "ഞാൻ തന്നെയാണ്, എന്റെ കയ്യിൽ ഒരു പെൻസുപോലുമില്ല" അപ്പോൾ

നഗ്നങ്ങളായ ചുമരുകളേയും, പൊട്ടിത്തകൎന്ന മരസ്സാമാനങ്ങളേയും, യാചകോചിതങ്ങളായ തങ്ങളുടെ വസ്ത്രങ്ങളേയും ചൂണ്ടിക്കാണിക്കും.

"നമ്മുടെ മകന്നു് രോഗമാണു്" അവൾ കരഞ്ഞുകൊണ്ടു പറയും. "അവന്നു് പ്രത്യേകമായ ഭക്ഷണവും വിശ്രമവും വേണം. നമ്മുടെ പൌത്രൻ ശൈശവത്തെ അതിക്രമിച്ചിരിക്കുന്നു. അവന്റെ പഠിപ്പിന്നും പണം ആവശ്യമുണ്ടു്. എന്റെ ലോകം ഇരുളടഞ്ഞതായിരിക്കുന്നു; നിങ്ങൾ അവർ രണ്ടാളേയും കൊല്ലുകയാണു്."

സെലിഗ്ഗിന്റെ മുഖത്തുനിന്നു് രക്തപ്രസാദം തീരെ മായും. അയാളുടെ വൃദ്ധഹസ്തങ്ങൾ ആവേശംകൊണ്ടു് വിറയ്ക്കും. ആ സാധു സ്ത്രീ തനിക്കു കുറഞ്ഞൊരു വിജയം കൈവന്നിരിക്കുന്നുവെന്നു് വിചാരിക്കും പക്ഷേ, അടുത്ത നിമിഷത്തിൽ അയാൾ ഗൽഗദത്തോടുകൂടി പറയും "ഞാൻതന്നെയാണു് എന്റെ കയ്യിൽ ഒരു സെൻറുപോലുമില്ല."

ഒരു ദിവസം അയാളുടെ മകന്റെ രോഗം പെട്ടെന്നധികമായതുകൊണ്ടു്, സെലിഗ്ഗിനെ അയാളുടെ ഷാപ്പിൽനിന്നു് വിളിച്ചുകൊണ്ടുവന്നു. വീട്ടിലെ നടകൾ കേറുമ്പോൾ അയൽപക്കക്കാരൻ അയാളോടു വിളിച്ചുപറഞ്ഞു. "ഓടിപ്പോയി ഒരു ഡോക്ടരെ വിളിച്ചുകൊണ്ടുവരൂ; രോഗിക്കു് ഒട്ടും ഭേദമില്ല." ഒരു ശവക്കല്ലറയിൽനിന്നു് പൊങ്ങുന്നതെന്നപോലെ,

അതിന്നു് മറുപടിയായി "ഞാൻതന്നെയാണു്, എന്റെ കയ്യിൽ ഒരു സെൻറുപോലുമില്ല." എന്ന ശബ്ദം അവിടെ മുഴങ്ങിക്കേട്ടു.

ആ എടുപ്പിലെ താമസക്കാരായിരുന്ന സ്ത്രീകളെക്കൊണ്ടും കുട്ടികളെക്കൊണ്ടും, ആ ഹാൾ നിറഞ്ഞിരുന്നു; കുറെ അകലെനിന്നു് അമ്മയുടെ ഭീന്നരോദനം മുഴങ്ങിക്കേട്ടു. തലമുതൽ കാലിന്റെ പെരുവിരലിന്റെ അററംവരെ മരവിച്ചു പോയപോലെ വൃദ്ധൻ സ്തംഭിച്ചുനിന്നു. കുറെക്കഴിഞ്ഞപ്പോൾ ആയാളിൽനിന്നു് എവിടെനിന്നെങ്കിലും കടം വാങ്ങേണ്ടി വന്നിരിക്കുന്നു; ആരോടെങ്കിലും യാചിക്കുക" എന്നൊരു പിറുപിറുപ്പു പൊങ്ങുന്നതു്, അടുത്തു നിന്നിരുന്നവർ കേട്ടു. ആയാൾ മന്ദമന്ദം നടകളിൽക്കൂടി താഴത്തേക്കുതന്നെ ഇറങ്ങി. കുറെക്കഴിഞ്ഞു് ഒരു വൈദ്യനോടുംകൊണ്ടു് മടങ്ങിവന്നു പൌത്രൻ മരുന്നു് വാങ്ങാൻ പണം ചോദിച്ചപ്പോൾ, ആയാൾ ഡോക്ടരുടെ കുറിപ്പു് പിടിച്ചുപററി "കടം വാങ്ങണം" "യാചിക്കണം" എന്നു പിറുപിറുത്തുകൊണ്ടു, തന്നെ പുറത്തേക്കു പോയി.

അന്നു രാത്രി കുറെ വൈകിയ നേരത്തു്, ബെസിഗ്ഗിന്റെ മുറിയിൽനിന്നു് കലശലായ തൊഴിയും നിലവിളിയും പൊന്തുന്നതു് അയൽപക്കക്കാർ കേട്ടു. ആയാളുടെ മകൻ മരിച്ചുകഴിഞ്ഞുവെന്നു് അവർ മനസ്സിലാക്കി.

സെലീഗ്ഗിൻെറ പേർസ് ഗണ്യമായവിധം മെലിഞ്ഞുപോയി. നാലുപാടും ഭയന്നീയമായി നോക്കിക്കൊണ്ടു്, വിറയ്ക്കുന്ന വിരലുകളാൽ ആയാറം ശവസംസ്കാരത്തിൻെറ ചിലവുകറം നിവ്വഹിക്കുന്നതിന്നാവശ്യമായ സംഖ്യ അതിൽനിന്നെടുത്തു. ഹിബ്രു സമ്പ്രദായത്തിൽ സംസ്കരണക്രിയകളെല്ലാം, കേവലം യാന്ത്രികമായി, അയൽപ്പക്കക്കാർ ആയാളെ പഠിപ്പിച്ചിരുന്നവിധം, ആയാറം തന്നെ നിവ്വഹിച്ചു. ഒരു കത്തിയെടുത്തു് തൻെറ വൃത്തികെട്ട പഴയ കോട്ടിൽ ഒരു കീറലുണ്ടാക്കി; പാദരക്ഷകറം അഴിച്ചിട്ടു; വെറും നിലത്തിരുന്നു; ബാംഷ്പരഹിതമായ തൻെറ വൃദ്ധ ശിരസ്സിനെ മൂകമായി കുനിച്ചു.

മൂന്നുദിവസത്തെ ക്ലിപ്തമായ ഒഴിവിന്നുശേഷം ആയാറം വീണ്ടും പ്രവൃത്തിക്കു് ഹാജരായപ്പോറം ഷാപ്പ് അങ്ങിനെതന്നെ ആയാളെ തുറിച്ചു നോക്കിക്കൊണ്ടു നിന്നു. പോളുകൂടി ആയാളുടെ അടുത്തേക്കു ചെല്ലാൻ ധൈയ്യപ്പെട്ടില്ല. പ്രകാശിച്ചുകൊണ്ടിരുന്ന ആയാളുടെ കണ്ണുകളുടെ മേലെ ഒരു പാടവന്നു മൂടിയപോലെ തോന്നി; ആഴത്തിലുള്ള ചുളികറം ആയാളുടെ മുഖപ്രകൃതിയെ കൂടുതൽ വികൃതമാക്കിയിരുന്നു; നോക്കിക്കൊണ്ടിരിക്കുമ്പോറംതന്നെ, ആയാളുടെ മാംസളമായിരുന്ന ദേഹം ചുരുങ്ങി വരുന്നുണ്ടെന്നു് തോന്നാൻ മാത്രം അത്രയും

വേഗത്തിൽ ആയാൾ ശോഷിച്ചുകൊണ്ടിരുന്നു. അന്നുമുതൽ, മുമ്പത്തെക്കാളുമധികം ആയാൾ പട്ടിണി കിടക്കാൻ തുടങ്ങി. റഷ്യയിലേക്കു മടങ്ങിപ്പോകുന്നതിന്നു്—വീട്ടിൽത്തന്നെ കിടന്നു മരിക്കുന്നതിന്നു്—ഉള്ള ആഗ്രഹം ആയാളിൽ അതിൻെറ മുമ്പത്തെ ശക്തിക്കു് ഒരു കുറവും വരാത്ത നിലയിൽ അവശേഷിച്ചു. എങ്കിലും ഇപ്പോൾ പുതിയ ലോകവുമായി ആയാളെ ഇണക്കി നിർത്തുന്ന ഒരു പുതിയ ബന്ധം ഉണ്ടായിക്കഴിഞ്ഞിരുന്നു.

ബേസ് അഷേയ്മിലെ "ജീവിതസദന" ത്തിൽ ഹീബ്രു അക്ഷരങ്ങളിലുള്ള കുറിപ്പോടുകൂടിയ ഒരു ശവക്കല്ലറയിൽ ആയാളുടെ ഒരു ഭാഗം തന്നെ മറയ്ക്കപ്പെട്ടുകിടക്കുന്നു. ആയാൾ ആ സ്ഥലത്തുനിന്നു് ആയാളുടെ ചിന്തകളെ അകററി നിർത്തുവാൻ എല്ലായ്പോഴും പണിപ്പെട്ടുകൊണ്ടിരുന്നു. എത്ര നീണ്ടകാലം, അവിശ്രമമമായി ആയാൾ സമ്പാദിച്ചുകൊണ്ടിരുന്നു! കാലം ബലപ്പാടോടുകൂടി ആയാളുടെ മേൽ പാഞ്ഞുകേറി. പ്രവൃത്തിയെടുക്കുന്നതിന്നു് വളരെക്കുറച്ചു ദേഹബലമേ തനിക്കവശേഷിച്ചിട്ടുള്ളുവെന്നു് ആയാൾക്കുതോന്നി. എന്നാൽ സ്വഗൃഹത്തെക്കുറിച്ചുള്ള സ്വപ്നം യാഥാർത്ഥ്യമാവാനടുത്തിരിക്കുന്നു. കുറച്ചാഴ്ചകൾ, കുറച്ചു മാസങ്ങൾകൂടി മാത്രം! ആയാളുടെ മരവിച്ച ശരീരത്തിൽ ആ ചിന്ത ഒരു മിന്നൽ പായിച്ചു. തൻെറ ഭാര്യയോടു്,

പ്രത്യേകിച്ചും അവരം ചില്ലറവീട്ടാവശ്യങ്ങരംക്ക വേണ്ടി "തൊന്തിരവാ"ക്കമ്പോരം, ആയാരം, അവ രുടെ ഭാവിശ്രേയസ്സിന്നു വേണ്ടിവന്ന തന്റെ ആ സൂത്രണങ്ങളെക്കുറിച്ചു് സംസാരിക്കാൻ തുടങ്ങി.

'നിങ്ങരം ഞങ്ങളെക്കൊണ്ടു് എന്താണാക്കിയിരിക്കുന്നതെന്നു് നോക്കൂ! സാധുക്കുട്ടി!" ഏതാണ്ടൊരാളായി വളൻ കഴിഞ്ഞിരുന്ന പൌത്രനെ ചൂണ്ടിക്കാണിച്ചുകൊണ്ടു അവരം പലപ്പോഴും പറയും. "സ്കൂരം വിട്ടതിനുശേഷം അവൻ നിങ്ങരംക്കുവേണ്ടി പ്രവൃത്തിയെടുക്കുന്നു. ഇതിന്റെ അവസാനം എന്തായിരിക്കും?"

ഇതു കേരംക്കുമ്പോരം സെലീസ്സിന്റെ ഹൃദയത്തിൽ അവ്യക്തമായ, വിദൂരമായ ഒരു ഭയത്തിന്റെ സൂചന ലഭിച്ചിട്ടെന്നപോലെ, ഒരു കിടിലമുണ്ടാവും. മനസ്സിലാക്കുവാൻ സാധിക്കാത്ത ഒരു ചോദ്യത്തിന്നു് ഉത്തരം പറയുകയും, ചോദ്യകത്താവു് അതു കണ്ടു പിടിച്ചേക്കുമെന്നു് നിരന്തരം ഭയപ്പെടുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒരാളെപ്പോലെ, പൌത്രനെ സംബന്ധിച്ചു് ആയാരം പറയുന്ന സമാധാനങ്ങരം എല്ലായ്പോഴും ചുരുങ്ങിയതും, കാര്യഭാഗങ്ങരം സ്പർശിക്കാത്തവയുമായിരുന്നു.

കുട്ടിയെ സംബന്ധിച്ചു് ഹൃദയാസ്വാസ്ഥ്യമുണ്ടാക്കുന്ന ചിന്തകരം വൃദ്ധനെ വിഷമിപ്പിക്കാൻ തു

ടങ്ങി. ആദ്യത്തിൽ ആയാൾ വല്ലരെ ദുർല്ലഭമായേ അവനെക്കുറിച്ച് ചിന്തിച്ചിരുന്നുള്ളു. അവൻ യാതൊരെതിർപ്പുമുണ്ടാക്കാതെ, വളൎന്നു വന്നു. കിഴക്കൻഭാഗങ്ങളിൽ പൊന്തിനില്ക്കുന്ന ഭൌതികപാനത്തിലുള്ള ആസക്തി ആ ബാലനെയും ബാധിക്കാതിരുന്നില്ല. അവൻ കോളേജിൽ കടന്നുകൂടാൻ ഒരുക്കം കൂട്ടുകയാണ്. അതിന്നാവശ്യമായ സംഖ്യ ഒരുക്കൂട്ടുന്ന വിഷയത്തിൽ സെലീഗ്ഗ് ചുററും നടക്കുന്ന സംഗതികളെക്കുറിച്ചൊന്നും ശ്രദ്ധിക്കാതെ, വ്യാപൃതനായിരിക്കുകയുമാണ്. ഇപ്പോൾ; തനിക്ക് വിജയം ഏതാണ്ട് കരഗതമായിരിക്കുന്നുവെന്ന നില വന്നപ്പോൾ, സാധാരണത്വത്തിൽനിന്ന് ഏന്തോ ഒന്ന് തനിക്കെതിരായി പൊന്തി വരുന്നുണ്ടെന്ന്, ഭയപ്പാടോടുകൂടി ആയാൾക്ക് തോന്നാൻതുടങ്ങി ഒരിക്കൽ ആയാൾക്കതിന്റെ ഒരു നേരിയ ഗന്ധം കിട്ടി. ഒരു ദിവസം അവൻ മുത്തശ്ശിയോട് റഷ്യൻ സ്വാധിപത്യത്തെക്കുറിച്ച് അപലപിക്കുന്നതും, അമേരിക്കയിൽ തന്നെ താമസിക്കാനുള്ള തന്റെ ആഗ്രഹത്തെ പ്രകടിപ്പിക്കുന്നതും, സെലീഗ്ഗ് യദൃച്ഛയായി കേട്ടു. കോളേജ് വിദ്യാഭ്യാസത്തിന്നാവശ്യമായ പണം മുത്തച്ഛന്റെ പക്കൽനിന്ന് വാങ്ങിക്കൊടുക്കാനുള്ള ഒരപേക്ഷയോടുകൂടിയാണ് അവൻ അവസാനിപ്പിച്ചതു്.

പതറിയ നോട്ടത്തോടുകൂടി വൃദ്ധൻ അവരുടെ മേൽ ചാടിവീണു. "നിനക്കതു് വലിയ ആവശ്യമുണ്ടു്, വളരെ ആവശ്യമുണ്ടു്, അസത്തേ! അടക്കാൻ വഹിയാത്ത കോപത്തോടുകൂടി ആയാൾ അവനോടു പറഞ്ഞു. "നിൻെറ പഠനം പൂത്തിയാക്കുന്നതെവിടെയെന്നറിയാമോ? റഷ്യയിൽ!" ആയാളുടെ മൌനിയായ ഭാര്യ പെട്ടന്നു് ധൈര്യമാന്നു് കടന്നു പറഞ്ഞു" അതേ, കുട്ടിയെ ഇവിടെത്തന്നെ പഠിപ്പിക്കാൻവേണ്ടി നിങ്ങൾ നിങ്ങളുടെ സമ്പാദ്യം ചിലവഴിക്കണം. റഷ്യൻ സവ്വകലാശാലയിൽ യഹൂദക്കുട്ടികളെ ചേക്കുകയില്ല".

സെലീഗ്ഗിൻെറ മുഖം തുടുത്തു. ആയാൾ എഴുനേററു; പെട്ടന്നു് വീണ്ടും ഇരുന്നു. പിന്നീടയാൾ ഒരു ഭ്രാന്തനെപ്പോലെ, ഒരു ഭീഷണിയെന്നോണം കൈകൾ പൊന്തിച്ചുകൊണ്ടു് ആ കുട്ടിയുടെ നേക്ക് പാഞ്ഞുചെന്നു. ആ വൃദ്ധൻ അവനിൽ തൻെറ ബലിഷ്ഠനായ ശത്രുവിനെ—അവൻ ഇതുവരെ ഭയപ്പെട്ടുകൊണ്ടിരുന്നശത്രുവിനെ—ദശിച്ചു.

വൃദ്ധ, കണ്ണുകളിൽ തുളച്ചുകേറുന്ന ഒരു ചീറലോടെ, ഇടയിൽ ചാടിവീണു. 'ഭ്രാന്താ! രോഗിയായ കുട്ടിയെ നോക്കു! ഒരു മെഴുതിരിപോലെ, അല്പാല്പമായി ക്ഷയിച്ച നിലയിൽ നമ്മുടെ മകൻ മരിച്ചതെങ്ങിനേയെന്നു് നിങ്ങൾ മറന്നുപോകുന്നു."

അന്നുരാത്രി സെലിങ്ങ് തന്റെ കിടക്കയിൽ തിരിഞ്ഞും മറിഞ്ഞും കിടന്നു കഴിച്ചുകൂട്ടി. കുട്ടിയുടെ രോഗപ്രകൃതിയിലേക്ക് തന്റെ ശ്രദ്ധയെ ആകർഷിച്ചതുകൊണ്ട് ഭാര്യ ഉദ്ദേശിച്ചിരുന്നതെന്തെന്നു് ആദ്യമായി ആയാൾക്ക് മനസ്സിലാവാൻ തുടങ്ങി. അവന്റെ അച്ഛൻ മരിച്ചപ്പോൾ, വൈദ്യൻ ഖണ്ഡിതമായി അഭിപ്രായപ്പെട്ടിരുന്നു, ആയാളുടെ രോഗം ക്ഷയമായിരുന്നുവെന്നു്.

ആയാൾ എഴുന്നേററു. ഉരുണ്ട വിയർപ്പുതുള്ളികൾ ആയാളുടെ നെററിയിൽ പൊടിഞ്ഞു്, തിളങ്ങി, കവിളുകളിലേക്കും താടിയിലേക്കും ഒലിച്ചിറങ്ങി. ആയാൾ വിളത്തു്, ഞെരങ്ങിക്കൊണ്ടു നിന്നു: ഞെട്ടിച്ചാടിക്കുന്ന ഒരു ശബ്ദമെന്നോണം, കുട്ടിയെക്കൊണ്ടു് എന്തു ചെയ്യണമെന്ന ചിന്ത ആയാളുടെ ഹൃദയത്തിൽ കടന്നു.

മങ്ങിയ നീലരാത്രി ജനലിൽക്കൂടി അകത്തെക്കിഴഞ്ഞു കേറിയിരുന്നു. നഗരം മുഴുവൻ നിശ്ശബ്ദതയിലാണ്ടു കഴിഞ്ഞിരുന്നു; എങ്കിലും ആ നിശ്ശബ്ദതയിലും സവിശേഷമായ, മടുപ്പു തോന്നിക്കുന്ന, ഒരു മുഴക്കം ഉള്ളതായി തോന്നി. എവിടേയോ ഒരു കുട്ടി ഉണർന്നു്, ശ്വാസം മുട്ടിക്കുന്ന ഒരു കരയിലവസാനിച്ച, മീനരോദനം പൊഴിച്ചിരുന്നു. തന്നന്തനായ ആ വൃദ്ധൻ ഞെട്ടിയുണർന്നു്, ശബ്ദമുണ്ടാക്കാതെ; കുട്ടി കിടന്നിരുന്ന സ്ഥലത്തേക്ക് നടന്നു കുറച്ചുനേരം, പ്രായത്തിന്നൊത്ത വളർച്ചയില്ലാതി

ച്ചന്ന അവന്റെ ശരീരപ്രകൃതിയെ ആയാൾ നോക്കിക്കൊണ്ടു നിന്നു. പിന്നീട്ട് ഒരു കൈ പൊന്തിച്ച്, അവന്റെ തലമുടിയേയും കവിൾത്തടങ്ങളേയും, മെല്ലെ ഓമനിച്ചുകൊണ്ടു് തൊട്ടുഴിഞ്ഞു. കുട്ടി കണ്ണുമിഴിച്ചു; കമ്പിട്ടു നില്ക്കുന്ന ദേഹത്തെ ഒരു നിമിഷനേരം നോക്കി; വീണ്ടും കണ്ണടച്ചു.

"നീ മുത്തച്ഛന്റെ നേക്ക് നോക്കാൻകൂടി ഇഷ്ടപ്പെടുന്നില്ല; ഞാൻ നിന്റെ ശത്രുവാണ്, അല്ലേ?" രാത്രി ഉണന്ന ഒരു കുട്ടിയുടേതുപോലെ, വൃദ്ധന്റെ ശബ്ദം ഇടറിയിരുന്നു. അവൻ ഉത്തരമൊന്നും പറഞ്ഞില്ല. എന്നാൽ ആ ശരീരം വിറയ്ക്കുന്നതും, കണ്ണിൽചോയ കവിൾത്തടങ്ങളെ കഴുകിക്കൊണ്ടു് കണ്ണീർകണങ്ങൾ ഉരുണ്ടു വീഴുന്നതും ആയാൾ കണ്ടു.

കുറച്ചു നിമിഷങ്ങൾ ആയാൾ ഇതികർത്തവ്യതാമൂഢനായി നിന്നു. പിന്നീട് ആയാളുടെ ദേഹം ഒരു കുട്ടിയുടേതുപോൽ വളച്ച്, അവന്റെ ചെവിക്കരികിലേക്ക് മുഖം അടുപ്പിച്ച് ഇടറിയ ശബ്ദത്തിൽ മന്ത്രിച്ചു. "നീ കരയുകയാണല്ലേ? മുത്തച്ഛൻ നിന്റെ ശത്രുവാണ്? വിഡ്ഢീ! നാളെ കോളേജിലേക്കു വേണ്ട പണം ഞാൻ തരാം. നീ മുത്തച്ഛന്റെ നേക്ക് നോക്കാൻ ഇഷ്ടപ്പെടുന്നില്ലേ? ഞാൻ നിന്റെ ശത്രുവാണ്, അല്ലേ?".

PrintedAt Saraswathi (Ele) PTG, & PBG,. House TRICHUR.

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* MF9 *Acc. No.* 9493

This book should be returned on or before the date last stamped below.

21 JUL 1986

MF9

9493

നാരായണൻനായർ. N.P

പശ്ചാത്താപം.